

# GOVT. HIGH SCHOOL FOR BOYS, ATTINGAL

## ANNUAL MAGAZINE 1974

# Annual Magazine 1974

**Govt. High School for Boys, Attingal**

Annual Magazine 1974

Govt. High School for Boys, Attidai

*" Now we advocate Education not merely to make the man the better workman but the workman be betterman"*

# magazine committee

chairman

**s. hariharasubba iyer**

chief editor

**v. bhargavan nair**

managing editor

**b. gopinathan**

members

**d. sarojini amma**
**n. sarasamma**
**p. sreekantan nair**
**p. k. lambodara panicker**
**v. gopinathan pillai**
**k. kesavan nair**
**n. karunakaran**
**n. bhaskaran**
**k. vijayaraghavan**
**a. mohamed kannu**
**n. sadanandan**
**r. thankappan nair**

students' representatives

**k. gopalakrishnan nair x. g**
**p. viswanathan asari x. c**
**s. sureshchandran x. c**
**s. mohanakumar ix. i**

# ANNUAL MAGAZINE

## Govt. High School for Boys, Attingal


**S. Hariharasubba Iyer**
HEADMASTER

**V. Bhargavan Nair**
CHIEF EDITOR

**B. Gopinathan**
MANAGING EDITOR


# പ്രസ്താവന

ഇക്കഴിഞ്ഞ വർഷമാണല്ലോ
മഹത്തായ ഈ വിദ്യാലയത്തിന്റെ വജ്രജൂബിലി ആഘോഷിച്ചതു്.
ജൂബിലി കഴിഞ്ഞു് ഒരു കൊല്ലം തികയുന്ന ഈ
ഘട്ടത്തിൽ ഒരു വാർഷികോപഹാരം പ്രസിദ്ധീകരിക്കണമെന്ന
അഭിലാഷംവിദ്യാർത്ഥികൾ പ്രകടിപ്പിച്ചു. തദനുസരണം
വിദ്യാർത്ഥിപ്രതിനിധികളും അദ്ധ്യാപകരുമടങ്ങിയ ഒരു കമ്മിറ്റി അതിന്റെ
നിർവ്വഹണച്ചുമതല ഏറെറടുത്തു പ്രവർത്തനം നടത്തിയതിന്റെ
ഫലമാണു് ഈഎളിയ ഉപഹാരം.

ഞങ്ങളുടെ പരിശ്രമം പ്രതീക്ഷക്കൊത്തവണ്ണം
വിജയിപ്പിക്കാൻ കഴിഞ്ഞുവെന്നു് ഞങ്ങൾ അഭിമാനിക്കുന്നില്ല.
നാട്ടുമുഴുവൻ കഠിനമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു.
പേപ്പറിന്റെ ദുർല്ലഭ്യവും ദുർവ്വഹമായ വിലക്കയറ്റവും ഈ
ഗ്രന്ഥത്തിന്റെ വലുപ്പത്തെയെന്നപോലെ കെട്ടിനെയും മട്ടിനെയും
ഏറെക്കുറെ ബാധിച്ചിട്ടുണ്ടു്. ഈ പരിമിതികൾ കണക്കിലെടുത്തു്
അഭ്യുദയകാംക്ഷികളായ സഹൃദയർ പോരായ്മകൾ
പൊറുക്കുമെന്നു് ഞങ്ങൾക്കു വിശ്വാസമുണ്ടു്.

സ്നേഹപൂർവ്വം ആശംസകൾ ചൊരിഞ്ഞും
മറെറല്ലാവിധത്തിലും ഈ സംരംഭത്തിൽ ഞങ്ങൾക്കു
പ്രചോദനം നൽകിയനുഗ്രഹിച്ച മഹോന്നത വ്യക്തികളെ
ഞങ്ങൾ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ
അനുസ്മരിച്ചുകൊള്ളുന്നു.

പൂർവവിദ്യാർത്ഥികൾ, അദ്ധ്യാപകർ തുടങ്ങി
വിവിധ നിലകളിൽ ഈ വിദ്യാലയവുമായി
ബന്ധപ്പെട്ട വിശിഷ്യവ്യക്തികളെ ഞങ്ങൾ അഭ്യർത്ഥനയുമായി
സമീപിച്ചപ്പോൾ അവർ വാത്സല്യപൂർവ്വം നല്കിയ നിർല്ലോഭമായ സഹായ
സഹകരണങ്ങൾ വിലമതിക്കാനാവാത്തതാണു്. അങ്ങനെ
പ്രശസ്ത കവിയായ ശ്രീ. എം. പി. അപ്പൻ, പ്രഗത്ഭമതികളായ
സർവ്വശ്രീ തോന്നയ്ക്കൽനാരായണൻ, കെ. സുകുമാരപിള്ള,
അഡ്വക്കേറ്റു് പി. മാധവൻ, എൻ. ഗോപിനാഥൻ നായർ,
കിളിമാനൂർ കേശവൻ തുടങ്ങിയ മഹാന്മാരുടെ ഉൽക്കൃഷ്ടകലാസൃഷ്ടികൾ
ഈ ഗ്രന്ഥത്തെ അലങ്കരിക്കാനിടയായതിൽ ഞങ്ങൾക്കു്
അളവററ ചാരിതാർത്ഥ്യമുണ്ടു്.

വിദഗ്ദ്ധമായ നിർദ്ദേശങ്ങൾ തന്നും മറ്റു പല വിധത്തിലും ഈ സംരംഭത്തിൽ ഞങ്ങളെ ആത്മാർത്ഥമായി സഹായിച്ച, പകൃമതിയും ഈ സ്കൂളിലെ ഒരു പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ. ആർ. ഹേലി (പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ), ശ്രീ. കെ. ഹരിദാസ് (അസി: പ്രോജക്ട് ആഫീസർ, S F D A) ശ്രീ. അശോകൻ (കച്ചളിററി കൺട്രോൾ ഇൻസ്പെക്ടർ), ശ്രീ. വിജയൻ (ജൂനിയർ അഗ്രിക്കൾച്ചറൽ ആഫീസർ), ശ്രീ. വി. ഗോപാലകൃഷ്ണൻ (ജൂനിയർ അഗ്രിക്കൾച്ചറൽ ആഫീസർ) എന്നിവരുടെ സേവനങ്ങളെ ഞങ്ങൾ നന്ദിപൂർവ്വം ഇവിടെ അനുസ്മരിച്ചുകൊള്ളുന്നു.

ഈ സ്കൂളിലെ വിദ്യാർത്ഥിവൃന്ദം ഒട്ടേറെ കഥകളും കവിതകളും ലേഖനങ്ങളും മറ്റും സംഭാവന ചെയ്തിട്ടുണ്ട്. അവയെല്ലാം ഞങ്ങൾ സശ്രദ്ധം പരിശോധിച്ചു; തിരുത്തലിന്റെ പേരിൽ പൊളിച്ചെഴുത്തുനടത്തി ആ കലാസൃഷ്ടികളുടെ തനിമ നഷ്ടപ്പെടുത്താൻ ഞങ്ങൾ മുതിർന്നിട്ടില്ല. അത്യാവശ്യമെന്നുതോന്നിയ ചിലതുമാത്രം തിരുത്തി. 'ഉണ്ണിക്കിടാങ്ങൾ പിഴച്ചു കാൽവയ്ക്കിലും കണ്ണിനുകൗതുകമുണ്ടാമതുമൂലം' എന്നാണല്ലോ അഭിജ്ഞമതം. വിദ്യാർത്ഥികളുടെ തൂലികാസന്താനങ്ങളിൽ പൊതുവേ ജന്മസിദ്ധമായ കലാവാസനയുടെ മുകുളങ്ങൾ കാണാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിനന്ദിക്കുകയും, അവരെ അനുമോദികയും ചെയ്യുന്നതോടൊപ്പം, അവമുഴുവൻ പ്രസിദ്ധീകരിക്കാൻ കഴിയാതെ വന്നതിലുള്ള നിർവ്യാജമായ ഖേദം രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

പരസ്യങ്ങൾ തന്നും മറ്റെല്ലാവിധത്തിലും ഞങ്ങളെ പ്രോത്സാഹിപ്പിച്ച ബഹുമാന്യവ്യക്തികളോടും മാതൃകാസ്ഥാപനങ്ങളോടും ഞങ്ങൾക്കുള്ള കൃതജ്ഞത നിസ്സീമമത്രേ.

ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ വാർഷികോപഹാരം ഇത്രയും ആകർഷകമാംവിധം മുദ്രണം ചെയ്തുതന്ന വക്കം സ്വദേശാഭിമാനി പ്രസ്സിന്റെ ഭാരവാഹികളെ ഞങ്ങൾ ആത്മാർത്ഥമായി അഭിനന്ദിച്ചുകൊള്ളുന്നു.


ഈ വിദ്യാലയത്തിനു് സർവ്വഭാവുകങ്ങളും ആശംസിച്ചുകൊണ്ടു് ഞങ്ങൾ വിനയപൂർവ്വം ഈ എളിയ ഉപഹാരം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മാഗസീൻ കമ്മിറ്റിക്കുവേണ്ടി,

**വി. ഭാർഗ്ഗവൻനായർ**
ചീഫ് എഡിറ്റർ.


ആറ്റിങ്ങൽ,
15—4—'74.

# magazine committee



Sitting (L to R):- Kesavan Nair K. (Staff Secretary), Gopinathan B. (Managing Editor), Bhargavan Nair V. (Chief Editor), Hariharasubba Iyer S. (Headmaster and Chairman), Thankappan Nair R., Sarojini Amma D. Sarasamma N.

Standing (L to R):- Gopinathan Pillai V., Mohammed Kannu A., Mohanakumar S. (IX. I) Vijayaraghavan K.. Sadanandan N. Lambodara Panicker P. K., Gopalakrishnan Nair K. (X G), Karunakaran N., Sreekantan Nair P., Viswanathan Asari P. (X. C), Bhaskaran N.



# IN THIS ISSUE


| | | |
|---|---|---|
| സ്കൂളിനെപ്പററി | | എസ്. ഹരിഹരസുബ്ബയ്യർ, ഹെഡ്മാസ്റ്റർ |
| അനാശാസ്യ പ്രവണതകൾ | 1 | അഡ്വ: പി. മാധവൻ |
| "കൈരളീ നമിപ്പു ഞാൻ" | 5 | വി. ഗോപിനാഥൻപിള്ള B. A; B. Ed. |
| ഒരു കത്തു് | 7 | കെ. സുകുമാരപിള്ള M. A. (Mal) M. A. (Hin) B. Ed. |
| ഗുരുസന്നിധിയിൽ | 9 | തോന്നയ്ക്കൽ നാരായണൻ, ലക്ചറർ |
| ആശാന്റെ നായികമാർ | 11 | എം. സോമരാജൻ M. A; M. Ed. |
| പൂവിന്റെ ബലി | 13 | കിളിമാനൂർ കേശവൻ |
| ശുഭപ്രതീക്ഷ | 15 | എം. പി. അപ്പൻ |
| "മനുഷ്യപുത്രനു തലചായ്ക്കാൻ" | 17 | പി. തുളസീമണി ആചാരി X. F. |
| ഹിപ്പിക്കവിത | 19 | എം. ശ്രീകുമാരൻനായർ VIII. I. |
| ദുരന്തം | 19 | ഡി. പ്രേംരാജ് X. G. |
| നമ്മുടെ സ്കൂൾ | 20 | തോന്നയ്ക്കൽ ഭാസി B. A; B. Ed. |
| ദിവ്യകോകിലം | 21 | കിളിമാനൂർ ഉപേന്ദ്രൻ |
| പൊതുശത്രു | 22 | പി. തുളസീമണി ആചാരി X. F. |
| പൂവിന്റെ വേദന | 23 | ബി. മോഹനദാസ് VIII. A. |
| ഭാരതപുത്രന്റെ കർത്തവ്യം | 24 | മധുകുമാർ X. D. |
| "അമ്മയെതേടി" | 25 | കെ. ഗോപാലകൃഷ്ണൻനായർ X. G. |
| ഒരു ചിത്രകാരൻ | 29 | കെ. വേണു IX. E. |
| മണ്ടൻ കൃഷ്ണൻ | 31 | എസ്. കെ. വസുന്ധരൻ IX. A. |
| ഭർത്താവു് ആരു് ? | 33 | എം. ഗോപിനാഥൻപിള്ള X. J. |
| പ്രതിഫലം | 37 | ജെ. ജോസഫ് IX. L. |
| അത്യൽപാദന ശേഷിയുള്ള നെല്ലിനങ്ങളെ പരിചയപ്പെടുക | 41 | |
| Some thoughts on national integration | 1 | N. Gopinathan Nair, Lecturer |
| To the poor little moon | 3 | V. Vijayakumar X. A. |
| The Plaint of an History Student | 3 | Ranjit Bhaskar X. A. |
| An Unforgetable Sight | 3 | B. Anil IX. D. |
| "O Man ! Are you a beast" | 4 | V. Sugathan X. A. |
| Watergate Incident | 6 | S. Gopalakrishnan X. A. |
| Some Common Diseases | 7 | |
| Balanced Diets | 9 | |
| Average Weights for Men and Women According to Height and Age | 12 | |



**Annual Magazine 1974**

**Govt: High School for Boys, Attingal.**


# OUR ADVERTISERS

## MALAYALAM


N. Sundareswaran, Quilon d
Santharam Studio, Attingal 2
M. S. Jewellers, Attingal 4
Univeral Acadamy, Attingal 4
Attingal Workers Industrial Co-operative Society No. (S. IND) 31, Alemcode 6
Raja Drycleaners, Attingal 8
Rajees Studio, Attingal 10
Bakkar Textiles, Korani 10
Saugar College, Attingal 12
The Jupitor Cashew Co, Quilon 16
Subramonia Scientific Instruments, Atl 16
Minerva College, Attingal 18
K. C, Fish Commission Agent, Alemcode 19
Jawahar Electric Works, Attingal 20
Mini Stores, Attingal 21
Peoples Hotel, Attingal 22
General Pictures, Quilon 23
Popular Medical Stores, Varkala 24
Sreekumar Cashew Traders, Kilimanoor 26
Sree Narasimhavilasom Book Depot, Thuravoar, Sherthallay 27
Pulimath Panchayat, Vamanapuram 28
A. M. Mytheen Co, Attingal 29
Saroz Medical Centre, Attingal 30
Neela Textiles, Attingal 32
R. N. P. Textiles, Attingal 32
Neela Hardwares, Attingal 32
Sreekumar Textile, Attingal 32
Kadija Talkies, Chirayinkil 34
Vijaya Tutorial, Chirayinkil 35
Department of Public Relations, Kerala Government 37
M/s. Kerala Converters, Alamcode 48
Hotel Karthika, Quilon 39
Sreekrishna Oil Mills, Attungal 40
S. R. Tyres, Varkala 42
Karniah Medicals, Quilon 42
Letha Vessels, Attingal 42
Subbah Lekshmi, Attingal 42
Natesan's Antiqarts, Trvandrum 44
Santha Tailors, Attingal 45
Mathura Aluminium Stores, Attingal 45
Kanakaraj Jewellary, Attingal 45
Priji Textiles, Nedumangad 45
Chempoor Service Co-operative Society, Mudakkal 46
Leela Motor Service, Attingal 47
Union Impex Company, Quilon 47
Sri Murali Oil Mills, Attingal 47
The New Commercial Institute, Chirayinkil 47
Modern Electricals, Chirayinkil 48
Parry Fertilizer Depot, Attingal 48
P. Madhavan Thampy, Attingal 48
Jyothi Bar Soaps, Ayirupara 48


## ENGLISH


Pitman's Phonetic Institute, Attingal 2
Laboratory Supplies Co; Trivandrum-1 4
Students' Centre, Attingal 6
Central Stores, East Junction, Attingal 8
Mohana Medical Stores, Attungal 9
Kerala Co-operative Central Land Mortgage Bank Ltd., Trivandrum 10
State Bank of Travancore, Trivandrum 11
State Family Planning Bureau, Kerala Health Service 13, 14
Parthas Textiles, Attingal 14
Western Medical Stores, Quilon 15
Vimala Theatre, Varkala 15
Jawahar College, Attingal 15
S. R. Auto Industries, Varkala 16
Attungal Municipality, Attingal 17
A. Ibrahim Pillai, A. E. P. buildings, Alemcode 17
Kilimanoor Co-operative Land Mortgage Bank No. T 316 18
Chirayinkil Handloom Weavers Co-operative Society, Chirayinkil 19
N. Damodaran, Attingal 19
Chemmaruthy Service Co-operative Society No, T 328 19
K. Sreedharan Thampi, Varkala (Inner Cover-back)




**PRESS SECRETARY TO THE PRESIDENT**
**RASHTRAPATIBHAVAN,**
**NEWDELHI-110004.**
February 15, 1974

**Dear Shri Gopinathan,**

**The President is glad to know from your letter of the 12th February, 1974 that the Government High School for Boys, Attingal is bringing out the Annual Magazine to mark its Diamond Jubilee. He sends his best wishes for its success.**

**Yours Sincerely,**
(Sd/-)
**A. M. ABDUL HAMID**

**Shri B. GOPINATHAN**
Managing Editor
Annual School Magazine,
Government High School for Boys.
Attingal,
KERALA.





**C. ACHUTHA MENON**
CHIEF MINISTER, KERALA

TRIVANDRUM
13, Feb. 1974

# MESSAGE

**I am happy to know that a Souvenir is to be published in commemoration of the Diamond Jubilee of the Government High School for Boys, Attingal.**

**I send my good wishes.**

(Sd/-)
C. ACHUTHA MENON
CHIEF MINISTER

**Shri B. GOPINATHAN,**
Managing Editor
Annual Magazine,
Government High School for Boys,
ATTINGAL.



**CHAKKEERI AHMED KUTTY**
MINISTER FOR EDUCATION

TRIVANDRUM
14-3-1974

# MESSAGE

**I wish all success to the Annual School Magazine being published to commemorate the Diamond Jubilee Celebration of the Govt. High School for Boys, Attingal.**

(Sd/-)
CHAKKEERI AHMED KUTTY

To
**Shri B. GOPINATHAN,**
Managing Editor
Annual Magazine,
Government High School for Boys,
ATTINGAL.

CHAKKEERI AHMED KUTTY
MINISTER FOR EDUCATION


TRIVANDRUM
14-3-1974

# MESSAGE

I wish all success to the Annual School Magazine being published to commemorate the Diamond Jubilee Celebration of the Govt. High School for Boys, Attingal.

(Sd/-)
CHAKKEERI AHMED KUTTY

To
Shri B. GOPINATHAN,
Managing Editor
Annual Magazine,
Government High School for Boys,
ATTINGAL.



വക്കം പുരുഷോത്തമൻ
കൃഷി—തൊഴിൽവകുപ്പുമന്ത്രി

തിരുവനന്തപുരം,
12—3—74.

## സന്ദേശം


ആറ്റിങ്ങൽ ഗവണ്മെൻറ് ഹൈസ്കൂൾ നിരവധി പ്രതിഭാശാലികളെയും പ്രശസ്തരെയും വാർത്തെടുത്തിട്ടുള്ള ഒരു സരസ്വതീക്ഷേത്രമാണ്. ശാസ്ത്ര-സാഹിത്യ-കലാരംഗങ്ങളിലും കായിക വിനോദമേഖലയിലും മികച്ച നിലവാരം പുലർത്തിയ പാരമ്പര്യമാണ് ഈ വിദ്യാലയത്തിനുള്ളത്.

വിദ്യാർത്ഥികളുടെ കലാവാസനകൾ പരിപോഷിപ്പിക്കുവാനുതകുന്ന മെച്ചപ്പെട്ട ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഒരു മികച്ച ഗ്രന്ഥമായിരിക്കട്ടെ പ്രസിദ്ധീകൃതമാകാൻ പോകുന്ന '1974-ലെ സ്കൂൾ മാഗസീൻ'

എന്റെ വിജയാശംസകൾ.

(ഒപ്പ്)
വക്കംപുരുഷോത്തമൻ

ശ്രീ. ബി. ഗോപിനാഥൻ
മാനേജിംഗ് എഡിറ്റർ,
സ്കൂൾ മാഗസിൻ, ഗവണ്മെൻറ് ഹൈസ്കൂൾ
ആറ്റിങ്ങൽ.



**R. RAMACHANDRAN NAIR**
DIRECTOR OF PUBLIC INSTRUCTION


TRIVANDRUM
26-3-1974

My Dear Gopinathan,

I am happy to know that the Govt. H. S. for Boys Attingal has decided to publish the "Annual School Magazine 1974" as a part of the Diamond Jubilee celebration. It is heartening to know that the school maintains a high tradition for the performance of the students in arts and games - which can contribute greatly to the character formation of the pupils. I wish all success to the Diamond Jubilee and to the Annual School Magazine.

(*Sd*/-)
R. RAMACHANDRAN NAIR
Director of Public Instruction.


**Shri B. GOPINATHAN**
Managing Editor,
Annual Magazine,
Government High School for Boys,
ATTINGAL.



**S. HARIHARASUBBA IYER**

(HEADMASTER)

.....Our friend, philosopher and guide.....



# സ്കൂളിനെപ്പററി

എസ്. ഹരിഹരസുബ്ബയ്യർ
(ഹെഡ്മാസ്റ്റർ)

## സ്കൂളിന്റെ സംക്ഷിപ്ത ചരിത്രം

മഹത്തായ പാരമ്പര്യമുള്ള ഈ വിദ്യാലയത്തിന്റെ ചരിത്രം ചിറയിൻകീഴ് താലൂക്കിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ചരിത്രമാണെന്നു പറയാം. തിരുവനന്തപുരം ജില്ലയുടെ വടക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന ഈ താലൂക്കിലാണ് തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ തറവാടായ ആറ്റിങ്ങൽ. കൊല്ലവർഷം 1012—ൽ (ക്രി: വ: 1836) ചിറയിൻകീഴിൽ ഒരു ഇംഗ്ലീഷ് പാഠശാല തുറന്നതായി ചില സാഹിത്യകൃതികളും സാക്ഷ്യം വഹിക്കുന്നുണ്ട്. ആയില്യം തിരുനാൾ തിരുമനസ്സിലെ ദിവാൻജിയായിരുന്ന സർ, ടി. മാധവറാവു ഏതാനും ദിവസം ആറ്റിങ്ങൽ താമസിക്കാനിടവരികയും ഇവിടെ ഒരു ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിക്കുന്നതിനുവേണ്ട പ്രചോദനം നാട്ടുകാർക്കു നൽകുകയും ചെയ്തു. നാട്ടുകാരുടെ നിവേദനഫലമായി ചിറയിൻകീഴിലെ വിദ്യാലയം 1864—ൽ ആറ്റിങ്ങലേയ്ക്കു മാറ്റപ്പെട്ടു.

സ്കൂൾ നടത്തിപ്പിനു് അന്നു തിരഞ്ഞെടുത്ത സ്ഥലം ഇവിടെനിന്നു് അരമൈൽ അകലെയാണു്. അവിടെയാണു് ഇപ്പോൾ ആറ്റിങ്ങൽ ഗവൺമെന്റ് അപ്പർ പ്രൈമറിസ്കൂൾ സ്ഥിതിചെയ്യുന്നതു്. അന്നത്തെ വിദ്യാലയത്തിലെ ഏറ്റവും ഉയർന്ന ക്ലാസ്സ് ഫോർത്തുഫാറം ആയിരുന്നു—അതായതു് ഇന്നത്തെ എട്ടാം സ്റ്റാന്റാർഡിനു തുല്യം. 1912-ൽ ദിവാൻ സർ പി. രാജഗോപാലാചാരി ഈ പാഠശാലയ്ക്കു് ഒരു പരിപൂർണ്ണഹൈസ്കൂളിന്റെ പദവിനൽകി.

ഈ വിദ്യാലയത്തിനു് ഒരിക്കലും വിസ്മരിക്കാൻ കഴിയാത്തവിധം മധുരങ്ങളായ പൂർവകാലസ്മരണകളിൽ ചിലതു് സൂചിപ്പിച്ചുകൊള്ളട്ടെ. ശ്രീ. വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു് സ്കൂളിൽ എഴുന്നള്ളിയതു്, അതതു കാലങ്ങളിലെ ദിവാൻജിമാരുടെ സന്ദർശനങ്ങളും, വിശിഷ്യാ ലോകാരാദ്ധ്യരായ പണ്ഡിറ്റ് ജവഹർലാൽ, രവീന്ദ്രനാഥടാഗോർ, ദീനബന്ധു സി. എഫ്. ആൻഡ്രൂസ് എന്നിവരുടെ സന്ദർശനങ്ങളും, ഇവയൊക്കെ ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമത്രേ. അന്നത്തെ ബാർ അസോസിയേഷനിലെ പ്രമുഖാംഗമായ ശ്രീ. ഹരിഹരയ്യർ, ആദ്യം ഹെഡ്മാസ്റ്ററും അനന്തരകാലത്തു് ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടറുമായിരുന്ന ശ്രീ. യു. രാമകൃഷ്ണക്കിലിയാ, ഡപ്യൂട്ടിഡയറക്ടറായിരിക്കേ ഉദ്യോഗത്തിൽനിന്നു വിരമിച്ച ശ്രീ. പി. രാമസ്വാമിഅയ്യർ തുടങ്ങിയ മഹാന്മാർ ഈ പാഠശാലയുടെ അഭ്യുദയകാംക്ഷികളായിരുന്നു. ഇന്നാട്ടിലെ ഭാവിതലമുറകളുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങളെ, വിശിഷ്യാ, ഭാവിയിൽ ഇവിടെ ഒരു കോളേജിനെപ്പോലും—മുൻകൂട്ടികണ്ടുകൊണ്ടു്, പ്രകൃതിസൗന്ദര്യവും ഗതാഗതസൗകര്യവുമൊത്തിണങ്ങിയ ഈ ഇരുപത്തിമൂന്നേക്കർ സ്ഥലം സ്കൂളിനുവേണ്ടി തിരഞ്ഞെടുത്ത ശ്രീ. രാമകൃഷ്ണക്കിലിയ ആറ്റിങ്ങൽ പൗരന്മാർക്കു നൽകിയ സംഭാവന വിലമതിക്കാനാവാത്തതാണു്.

ഈ വിദ്യാലയം വിവിധമണ്ഡലങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള അസംഖ്യം മഹതീമഹാന്മാരെ രാഷ്ട്രത്തിനു സംഭാവനചെയ്തിട്ടുണ്ടു്. ഇൻഡ്യാഗവണ്മെന്റു സെക്രട്ടറിയായിരുന്ന ശ്രീ. എൻ. ആർ. പിള്ള, ഇപ്പോഴത്തെ ഗവണ്മെന്റു ആഫ് ഇൻഡ്യാ സെക്രട്ടറി ശ്രീ. കെ. ബാലചന്ദ്രൻ, നമ്മുടെ സംസ്ഥാനത്തിന്റെ മുൻ സ്പീക്കറായിരുന്ന ശ്രീ. കെ. പി. നീലകണ്ഠപിള്ള, ഇപ്പോൾ തമിഴ്നാടുമുഖ്യമന്ത്രിയുടെ സെക്രട്ടറിയായ ശ്രീ. എസ്. വി. രമണൻ, റിട്ടയാർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ഹബീബ് മഹമ്മദ്, മദ്രാസ് സ്റ്റേറ്റ് ചീഫ് എൻജിനീയറായിരുന്ന ശ്രീ. എൻ, പത്മനാഭയ്യർ, സ്റ്റാൻലിമെഡിക്കൽ കോളജ് പ്രിൻസിപ്പലായിരുന്ന ശ്രീ. എം. അനന്തനാരായണയ്യർ, റെയിൽവേബോർഡ് മെമ്പറായിരുന്ന ശ്രീ. ശിവരാമകൃഷ്ണയ്യർ, പൗരസ്ത്യഭാഷാ പ്രൊഫസറായി പ്രശോഭിച്ചിരുന്ന ഡാക്ടർ കെ. ഗോദവർമ്മ, ഇപ്പോൾ എറണാകുളം ലാകാളേജ് പ്രിൻസിപ്പലായിരിക്കുന്ന ശ്രീ. എം. കൃഷ്ണൻനായർ, പ്രൊഫസർ എൻ. കൃഷ്ണപിള്ള,

പ്രൊഫസർ ശ്രീമതി നബീസാബീവി, ശ്രീമതി രാധാത്യാഗരാജൻ, മുൻമന്ത്രി ശ്രീ. എൻ. കുഞ്ഞുരാമൻ, മുൻ റവന്യൂബോർഡ് മെമ്പർ ശ്രീ. അബ്ദൽസലാം തുടങ്ങിയ പല ഉന്നതവ്യക്തികളും ഈ പാഠശാലയിലെ പൂർവവിദ്യാർത്ഥികളായിരുന്നു.

കൊല്ലവർഷം 1088-ൽ (ക്രി:വ: 1912) പൂർണ്ണ ഹൈസ്കൂളായപ്പോഴും 244 ആൺകുട്ടികളും 6 പെൺകുട്ടികളുമുൾപ്പെടെ 250 വിദ്യാർത്ഥികളാണ് ഇവിടെ അദ്ധ്യയനം നടത്തിയിരുന്നത്. കൊല്ലവർഷം 1115-ൽ രജതജൂബിലി ആഘോഷിച്ച അവസരത്തിൽ രജിസ്റ്റർസംഖ്യ 697 ആയി ഉയർന്നിരുന്നു (ഇംഗ്ലീഷ് വിഭാഗത്തിൽ 489-ും മലയാളം വിഭാഗത്തിൽ 208-ും വിദ്യാർത്ഥികളും). അവരിൽ ആൺകുട്ടികളും 547 പേരും പെൺകുട്ടികളും 150 പേരും ആയിരുന്നു.

ഇന്ന് (1973–74 ൽ) ഈ വിദ്യാലയത്തിൽ 1428 വിദ്യാർത്ഥികളും അദ്ധ്യയനം നടത്തിപ്പോരുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ ആയിരത്തി ഇരുന്നൂറോളം കുട്ടികളും മിഡിൽസ്കൂൾ വിഭാഗത്തിൽ ഇരുന്നൂറിൽപരം കുട്ടികളുമാണുള്ളത്. ഈ പാഠശാലയിൽനിന്നു പൊട്ടിവിരിഞ്ഞ ആറിങ്ങൽ ഗേൾസ് ഹൈസ്കൂളിൽ ആയിരത്തി മുന്നൂറോളം വിദ്യാർത്ഥിനികളുണ്ട്. ഈ രണ്ടു സ്കൂളുകളും ഏകോദര സഹോദരങ്ങളെപ്പോലെ മാതൃകാപരമായി വർത്തിക്കുന്ന മഹൽ സ്ഥാപനങ്ങളാണ്.

സാമാന്യതലത്തിലുള്ള S S L C–ക്കും ഉപരിയായി, ഐച്ഛിക വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കു പ്രാവീണ്യം നൽകുന്നതിനും ഈ വിദ്യാലയം പ്രവർത്തിച്ചുപോരുന്നു. 'കൃഷി' യാണ് ഇവിടെ സ്വീകരിച്ചിട്ടുള്ള ഐച്ഛികവിഷയം. ഹരിതവിപ്ലവത്തിന്റെ ഈ യുഗത്തിൽ 62 വിദ്യാർത്ഥികൾക്ക് കാർഷിക വിഷയങ്ങളിൽ ബോധനം നൽകാൻ ഈ വിദ്യാലയത്തിനു കഴിയുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ദേശീയോൽഗ്രഥന പരിപാടിയിലും അന്തർദ്ദേശീയ സ്കൂൾ ഓർഗനൈസേഷനിലും ഈ സ്കൂൾ ഭാഗഭാക്കായിട്ടുണ്ട്. 1970–71 ൽ ഡാർജ്ലിംഗിലും, 71–72 ൽ നാഗപ്പൂരിലും, 72–73 ൽ തൃശ്ശൂരിലും നടന്ന ഇൻറർ സ്റ്റേറ്റ് സ്കൂൾ ക്യാമ്പുകളിൽ ഈ സ്കൂൾ അഭിമാനാർഹമായ പങ്കുവഹിച്ചു. 73–74 സ്കൂൾ വർഷത്തിൽ ബാംബേയിൽവച്ചു നടന്ന അദ്ധ്യാപകരുടെ ഇന്റർ സ്റ്റേറ്റ്യാമ്പിലും ഈ സ്കൂൾ പങ്കെടുക്കുകയുണ്ടായി.

കഴിഞ്ഞ മൂന്നു വർഷങ്ങൾക്കകം എല്ലാ കൊല്ലങ്ങളിലും കബടി, കോകോ തുടങ്ങിയ മത്സരങ്ങളിൽ നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിച്ചു ഇതര സംസ്ഥാനങ്ങളുമായി മത്സരിക്കാൻ ഈ സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 73–74 സ്കൂൾ വർഷത്തിലെ ആറിങ്ങൽ ജില്ലാ സ്പോർട്സ് & ഗയിംസിൽ ജൂനിയർ ചാമ്പ്യൻഷിപ്പും സീനിയർ ചാമ്പ്യൻഷിപ്പും ഈ സ്കൂൾ വിദ്യാർത്ഥികളാണ് നേടിയത്.

ഡൽഹിയിൽ നടന്ന അഖിലേന്ത്യാ സയൻസ് എക്സിബിഷനിൽ, ഈ വിദ്യാലയത്തിൽനിന്നു പ്രദർശിപ്പിച്ച ഒരുപകരണം അനേകം പ്രശസ്ത വ്യക്തികളുടെ മുക്തകണ്ഠമായ പ്രശംസ ആർജ്ജിച്ചിട്ടുണ്ട്. N C C വിഭാഗത്തിന്റെ പ്രവർത്തനവും കാര്യക്ഷമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സഹോദര സ്ഥാപനങ്ങൾക്കു സഹായം നൽകുന്നതിലും ഈ സ്കൂൾ ഒരിക്കലും പിന്നിലായിട്ടില്ല.

ഇപ്പോൾ ഈ സ്കൂളിൽ 59 അദ്ധ്യാപകരാണുള്ളത്. പാഠ്യപദ്ധതി അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഉന്നത നിലവാരം പുലർത്തത്തക്കവണ്ണം നവീകരിച്ച ഒരു പാഠപദ്ധതി നടപ്പിലാകാൻ പോകുന്നു. അതിൽ പരിശീലനം സിദ്ധിച്ച അനേകം അദ്ധ്യാപകർ ഈ സ്കൂളിലുണ്ടെന്നത് അഭിമാനജനകമാണ്. അദ്ധ്യാപകർക്ക് ഓറിയന്റേഷൻ കോഴ്സ്, റിഫ്രഷർകോഴ്സ് തുടങ്ങിയ വിവിധ പരിശീലനങ്ങളും നൽകാൻ കഴിവുള്ള അദ്ധ്യാപകരെ ആവശ്യപ്പെടുമ്പോൾ ഡിപ്പാർട്ടുമെൻറും, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടും പ്രധാനമായി ആശ്രയിക്കുന്നത് ഈ സ്കൂളിനെയാണ്. അങ്ങനെ കുട്ടികൾക്കു ബോധനം നൽകുന്നതിൽ മാത്രമല്ല, അദ്ധ്യാപകർക്കു പരിശീലനം നൽകുന്നതിൽ പോലും ഈ സ്കൂൾ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.

## എൻഡോവ്മെൻറുകൾ

ഈ സ്കൂളിൽനിന്ന് ഓരോ വർഷവും S S L C പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്കുനേടി

ജയിക്കുന്ന വിദ്യാർത്ഥിക്കു നൽകാൻ ''അനന്ത കൃഷ്ണാ മെമ്മോറിയൽ പ്രൈസ്'', ''വില്ലുവട്ടം രാഘവൻ നമ്പ്യാർ പ്രൈസ്''—എന്നിങ്ങനെ രണ്ടു് എന്റോവ്മെൻറുകളും ലഭിച്ചിട്ടുണ്ടു്. അവ മുടങ്ങാതെ നൽകിവരുന്നു.

## വജ്രജൂബിലി ആഘോഷം

മഹത്തായ ഈ വിദ്യാലയത്തിന്റെ വജ്രജൂബി 21—1—73 മുതൽ 25—1—73 വരെ അഞ്ചുദിവസത്തെ നീണ്ടപരിപാടികളോടുകൂടി സാഘോഷം കൊണ്ടാടപ്പെട്ടു. ഉത്ഘാടനസമ്മേളനം ബഹു: മന്ത്രി ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽവച്ചു് പൂർവ്വവിദ്യാർത്ഥിനി ശ്രീമതി രാധാ ത്യാഗരാജൻ നിർവ്വഹിച്ചു. എറണാകുളം ലാ കോളേജു് പ്രിൻസിപ്പൽ ശ്രീ. എം. കൃഷ്ണൻ നായർ, ശ്രീ. വയലാർ രവി M. P. എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുത്തു. പിന്നണി ഗായകൻ ശ്രീ. ബ്രഹ്മാനന്ദന്റെ ഗാനമേളയോടുകൂടി അതു് സമാപിച്ചു. രണ്ടാംദിവസത്തെ രക്ഷാകർത്തൃ-പൂർവ്വവിദ്യാർത്ഥി സമ്മേളനത്തിൽ ശ്രീ. എം. അബ്ദൽസലാം I A S, പ്രൊഫസർ എൻ. കൃഷ്ണപിള്ള, പ്രൊ: ജി. ശങ്കരപിള്ള തുടങ്ങിയ അനേകം പൂർവവിദ്യാർത്ഥികളും പങ്കെടുക്കുകയുണ്ടായി. മൂന്നാംദിവത്തെ സാംസ്കാരിക സമ്മേളനം മോസ്റ്റ് റവറൻറു് മാർഗ്രിഗോറിയോസു തിരുമേനി ഉത്ഘാടനം ചെയ്യുകയും ശ്രീ ചിത്രാഹോം ഡാൻസുഗ്രൂപ്പിന്റെ കലാപരിപാടികളോടുകൂടി സമാപിക്കുകയും ചെയ്തു. നാലാം ദിവസത്തെ സ്പോർട്സ് പരിപാടി മുൻ മുൻസിപ്പൽ ചെയർമാൻ എം. കൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്ന ഘടങ്ങിൽവച്ചു് ഭംഗിയായി കൊണ്ടാടപ്പെട്ടു. ഹാസ്യനടൻ ആലുംമൂടന്റെ ഒരു ഹാസ്യകലാവിരുന്നോടുകൂടി അതു സമാപിച്ചു. സമാപനസമ്മേളനം ബഹു: മന്ത്രി പോറ്റി പി. മാണി ഉത്ഘാടനം ചെയ്യുകയും, പ്രൊ. നബീസാബീവി, കെ. ജനാർദ്ദനൻപിള്ള തുടങ്ങിയ പല വിശിഷ്ടവ്യക്തികളും അതിൽ പങ്കെടുക്കുകയും ചെയ്തു. ബായിസ് ഹൈസ്കൂളിലെയും, ഗേൾസ് ഹൈസ്കൂളിലെയും വിദ്യാർത്ഥിസമൂഹത്തിന്റെ കലാപരിപാടികളോടും ഒരു കരിമരുന്നു പ്രയോഗത്തോടുംകൂടി ആഘോഷങ്ങൾ സമാപിച്ചു.

*

● ഇഞ്ചക്ഷൻ നൽകുമ്പോൾ കുട്ടി കരയാതിരിക്കാൻ ഡാക്ടർ ഒരു മാർഗ്ഗം നിർദ്ദേശിച്ചു. ഓരോ ഇഞ്ചക്ഷനും ശേഷം ഐസ്ക്രീം. രാത്രിയിൽ കുട്ടി വാവിട്ടു നിലവിളിച്ചു തുടങ്ങി.

''എന്തുവേണം മോൾക്കു്...''

''...ഇഞ്ചക്ഷൻ...''

● നാട്ടിൻ പുറത്തുകാരിയായ ഒരു വൃദ്ധ എസ്സു്. എ. ററി. ആശുപത്രിയിലെ ലിഫ്ററിനു മുന്നിൽ നിൽക്കുകയായിരുന്നു. മുകളിലേക്കുപോയ ലിഫ്ററിൽ ഒരു ഗർഭിണികയറി. മടങ്ങിവന്ന ലിഫ്ററിൽനിന്നും പ്രസവം കഴിഞ്ഞ ഒരു സ്ത്രീ കൈക്കുഞ്ഞുമായി ഇറങ്ങിപ്പോയി. വൃദ്ധയുടെ കണ്ണിൽ അത്ഭുതം വിടർന്നു:—

''എന്റെ ദൈവം തമ്പുരാനേ! ഓരോരോ കണ്ടുപിടിത്തങ്ങളേ! യന്ത്രത്തിൽ കയറി മോളിലോട്ടെട്ടത്തപ്പം പ്രസവോം കഴിഞ്ഞു; കുഞ്ഞും കയ്യിലു്!''

With best compliments of:-

N. Sundareswaran


Cashew Exporter

QUILON

## ACKNOWLEDGEMENTS

We hereby acknowledge with thanks, Farm Information Bureau, Kerala for courtesy of permitting reprint of blocks on the front cover, and of the photos of Chief Minister and Minister for agriculture and also for reprint of boat race.

CHAIRMAN,
Magazine Committee.



# അനാശാസ്യ പ്രവണതകൾ

അഡ്വ: പി. മാധവൻ

വിനോദസഞ്ചാരാർത്ഥം കേരളത്തിൽ വന്ന ജർമ്മൻകാരനായ ഡാ: ഫോഗലിന്റെ വിലയേറിയ വാനിന്റെ കണ്ണാടി കോട്ടയത്തു് നാട്ടകം ഗവ: കോളേജിന്റെയും പാളിടെക്നിക്കിന്റെയും മുൻവശം റോഡിൽവച്ചു ഒരു സംഘം വിദ്യാർത്ഥികൾ യാതൊരു പ്രകോപനവും കൂടാതെ എറിഞ്ഞുപൊട്ടിച്ചു ആയിരം രൂപയോളമുള്ള നഷ്ടംവരുത്തി എന്ന ഈ ഫെബ്രുവരിമാസം 8-ാംനു- ലെ മനോരമയിൽ ഒരു വാർത്ത കണ്ടു. ഏറു കൊണ്ടു കണ്ണാടി തകർന്ന മാത്രയിൽതന്നെ വാൻനിറുത്തി അദ്ദേഹം പുറത്തിറങ്ങി എന്തിനാണു് അങ്ങനെ ചെയ്തതെന്നു ചോദിച്ചപ്പോൾ അവർ അദ്ദേഹത്തെ കൂവി. എത്ര നിർഭാഗ്യകരമായ പെരുമാറ്റം!

കണ്ണാടി മാറ്റിയിട്ടശേഷം അദ്ദേഹം സ്ഥലം വിടുമ്പോൾ ഇങ്ങനെയാണു് പറഞ്ഞതു് "എന്തൊരു പെരുമാറ്റം! എന്തൊരു സംസ്കാരം" കേരളീൽ തട്ടുന്ന ആ ചെറിയ വാചകങ്ങളിൽ അടങ്ങുന്ന വെറുപ്പു് കേരളത്തിലെ വിദ്യാർത്ഥിലോകത്തിനുമാത്രമല്ല കേരളത്തിനു പൊതുവിൽ അപമാനമാണു്. എന്തിനെന്നില്ലാതെ എന്തെങ്കിലും ചെയ്യുന്നതു് ഭ്രാന്തന്മാരല്ലെ? കേരളം ഒരു കാലത്തു് ജാതിയുടെ ഭ്രാന്താലയമായിരുന്നു. ഇന്നു അനാശാസ്യ പ്രവണതകളുടെ ഒരു ഭ്രാന്താലയമായി കേരളം!!

ജീവിതത്തിൽ നമുക്കൊരു ലക്ഷ്യമില്ലാതെ വരുമ്പോഴാണു് ഇങ്ങനെയൊക്കെ സംഭവിക്കുന്നതു്. യൗവനദശമുതൽ മനുഷ്യൻ ലക്ഷ്യബോധമുള്ളവനാകണം. യൗവനകാലം രസിക്കാനും സുഖിക്കാനും മാത്രമായിട്ടുള്ളതല്ല. പ്രപഞ്ചജീവിതരസം ആസ്വദിക്കണമെന്നുള്ള താല്പര്യം ചെറുപ്പകാലത്തു് കൂടുതലായിരിക്കാം. എന്നാൽ നല്ലൊരു ലക്ഷ്യത്തെ മനസ്സിൽ കണ്ടുകൊണ്ടു ജീവിക്കാൻ നോക്കിയില്ലെങ്കിൽ ആ ജീവിതം കഥയില്ലാത്തതാകും. ലക്ഷ്യബോധത്തോടുകൂടിയുള്ള ജീവിതത്തിനു പ്രതിബന്ധമായി ഉള്ളിൽ രൂപംകൊള്ളുന്ന അനാശാസ്യ പ്രവണതകളെ കീഴടക്കുന്നതിനു് വലിയ നിശ്ചയദാർഢ്യം വേണം. എന്തെന്നാൽ ആ പ്രവണതകൾക്കു അന്യാദൃശമായ വശീകരണശക്തിയാണുള്ളതു്. ഒരു യുവാവോ യുവതിയോ ജീവിതത്തിൽ മതിവരുവോളം സുഖിക്കുമ്പോൾ അവർക്കു അതല്ലാതെ മറ്റു വിലപ്പെട്ട തത്വചിന്തകളൊന്നും ജീവിതത്തെ സംബന്ധിച്ചുണ്ടായിരിക്കുന്നതല്ല. നാലുപേർക്കൊപ്പം വേഷങ്ങളണിഞ്ഞു നർമ്മരസ പ്രധാനമായ സരസസംഭാഷണങ്ങളിൽ മുഴുകി, സുഖജീവിതം നയിക്കുന്നവർ സ്വന്തനിലയ്ക്കോ സമൂഹത്തിനുവേണ്ടിയോ, ഒന്നും നേടുന്നില്ല. അവർ ഈ പ്രാപഞ്ചിക നാടകത്തിൽ വീണുരുങ്ങി ജീവിതം അവസാനിപ്പിക്കുന്ന സങ്കുചിത ബുദ്ധികൾ മാത്രമാണു്. പണ്ടൊരു നാടകഭ്രമക്കാരൻ നാടകം കാണാൻ പോയ കഥ ശ്രീരാമകൃഷ്ണപരമഹംസർ രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണു്. "അയാളം നാടകം കാണാൻ പോയി. അവിടെ ചെന്നപ്പോൾ നാടകം തുടങ്ങിയിരുന്നില്ല. കൈവശം ഉണ്ടായിരുന്ന പായ് സ്റ്റേജിന്റെ മുമ്പിൽ നിലത്തു വിരിച്ചിട്ടു അയാളം അതിൽ കിടന്നു ഗാഢനിദ്രയിലാണ്ടു. ഉണർന്നു നോക്കുമ്പോൾ നാടകം തീർന്നുപോയിരുന്നു. അയാളം പായ് ചുരുട്ടിയെടുത്തു കക്ഷത്തിലേറ്റിക്കൊണ്ടു തിരിച്ചുപോയി" ഇതാണു് കഥ. ജീവിതത്തിൽ ലക്ഷ്യബോധമില്ലാത്ത സുഖലോലുപരെപ്പറ്റിയാണു് പരമഹംസർ ഈ കഥ പറഞ്ഞിരിക്കുന്നതു്. വിശ്വസുഖം ആസ്വദിക്കുന്നവരുടെ ശ്രദ്ധക്കായി മഹാകവി കുമാരനാശാൻ ഒരു സത്യം ചൂണ്ടിക്കാണിക്കുന്നതു നോക്കുക:—

വിധിവിശ്വസുഖം സ്വദിക്കുവാൻ
മതിയും മർത്യനുനൽകിരാഗവും
രതിയാലസമീക്ഷ്യകാരിയാം
സുധിധാതാവെയനാദരിക്കയാം

പ്രപഞ്ചസുഖം ആസ്വദിക്കുന്നതിനു വിധി, മനുഷ്യനു് നൽകിയിട്ടുള്ളതാണത്രെ മതിയും(ബുദ്ധി)

---

പ്രശസ്ത സാഹിത്യകാരനായ
ശ്രീ. പി. മാധവൻ ഈ സ്കൂളിലെ ഒരു
പൂർവ്വ വിദ്യാർത്ഥിയാണു്

---

രാഗവും, ബുദ്ധിപൂർവ്വമല്ലാത്ത രീതിയിൽ രതി സുഖം ആസ്വദിക്കുന്നവൻ ദൈവഹിതത്തെ അനാദരിക്കുകയാൺ്. ഇതൊരു ഉഗ്രമായ താക്കീതാണു്. സമഗ്രമായ ജരു ജീവിത പാഠം ഇതിലടങ്ങുന്നു. രതി എന്നു പറഞ്ഞാൽ ഭൗതികജീവിതത്തിലുള്ള താല്പര്യമെന്നും പുരുഷനു് സ്ത്രീയോടും സ്ത്രീക്കു പുരുഷനോടുമുള്ള ആസക്തി എന്നും അർത്ഥമുണ്ടു്. അതിനാൽ രതി, ശൃംഗാരത്തിന്റെ സ്ഥായീഭാവമായിരിക്കുന്നതുപോലെ തന്നെ ജീവിതത്തിന്റെ ഒരു അനിവാര്യഘടകവുമാണു്. അതിന്റെ വശീകരണശക്തി അപാരമാണു്. ഭൗതിക സുഖങ്ങളിൽ വിരക്തിവന്നവിരാഗികളും ജിതേന്ദ്രിയരുമായ താപസന്മാരെപോലും രതി കീഴ്പ്പെടുത്തിയിട്ടുണ്ടെന്നു പരാശരനെയും വിശ്വാമിത്രനെയും മറ്റും സാക്ഷിനിറുത്തി പുരാണം ഘോഷിക്കുന്നു!! അതിനാൽ സാധാരണക്കാരായ ആളുകരം രതിസുഖത്തിൽ മുഴുകുന്നതു സൂക്ഷിച്ചു വേണമെന്നാണു് കവി ഓർമ്മപ്പെടുത്തുന്നതു്.

ഇന്നു നമ്മുടെ വിദ്യാർത്ഥികളടക്കമുള്ള യുവജനങ്ങളിൽ, വ്യക്തമായ ലക്ഷ്യബോധം അവരുടെ ജീവിതത്തെ സംബന്ധിച്ചു അവർക്കുണ്ടെന്നു പറയാൻ വയ്യാ. അവർക്കു സമരം വേണം. എന്താണു് സമരമെന്നും എങ്ങനെയാണു് സമരമെന്നും ആരോടാണു് സമരമെന്നും, ഒന്നും നോട്ടമില്ല. ആരെങ്കിലും ഒരുത്തൻ നേതാവായി സ്വയം ഭാവിച്ചുകൊണ്ടു സമരം പ്രഖ്യാപിക്കും. അവന്റെ പുറകേ ഇറങ്ങിതിരിക്കുന്ന കുറെ സാഹസികർ കണ്ണിൽ പെടുന്ന വാഹനത്തിനും തെരുവുവിളക്കിനും നേർക്കു കല്ലെറിഞ്ഞു തകർത്തു ശൂരതരം കാണിക്കും! അതാണു് ഇന്നു നാം കാണുന്ന വിദ്യാർത്ഥിസമരത്തിന്റെ ഒരു മാതൃക. അല്ലാതെ തന്റെ ഉള്ളിൽ തലപൊക്കുന്ന പ്രാകൃത വികാരങ്ങളെയും അക്രമ പ്രവണതകളെയും സ്വയം നിയന്ത്രിച്ചു, സ്വന്തംശക്തി വികസിപ്പിക്കാനുള്ള സമരവാസന അവർ ശീലിച്ചിട്ടില്ല. വാസ്തവത്തിൽ നമുക്കു ബുദ്ധിഉണ്ടെങ്കിൽ, ആ ബുദ്ധി ഒരു ഖഡ്ഗധാരിയായ ഭടനെപോലെ നമ്മുടെ ഉള്ളിലെ ദുർവാസനകളുടെ ശിരച്ഛേദം ചെയ്തു നമ്മുടെ വ്യക്തിത്വത്തിന്റെ വികസനപ്രക്രിയ സുഗമമാക്കണം. അപ്പോഴാണു് നാം ജീവിതത്തിൽ ഒരു ഉന്നതമായ ലക്ഷ്യം കണ്ടെത്താൻ പ്രാപ്തരാകുന്നതു്.

ഒരിക്കലും ഒരു അധർമ്മാചരണം സമരമാകുന്നതല്ല. അധർമ്മചാരിണിയായിതീർന്നുപോയ സ്വന്തം മാതാവിനെ വധിക്കാൻ പരശുരാമൻ നിർബ്ബന്ധിതനായ കഥ ഈ അവസരത്തിൽ പ്രസക്തമായ ഒരു ഉദാഹരണമാണു്. നർമ്മദാനദീതീരത്തിൽ ഉള്ള തന്റെ പർണ്ണശാലയിൽ ജമദഗ്നിമഹർഷി രേണുക എന്ന തന്റെ ഭാര്യയോടും ആറുപുത്രന്മാരോടും കഴിയുന്ന കാലത്താണു് രതിയാലസമീക്ഷ്യകാരിയായിതീർന്ന രേണുക വധദണ്ഡാർഹയായതു്. ഒരു ദിവസം മദ്ധ്യാഹ്നസന്ധ്യസമയം. ആ മഹാഗ്രഹകുലത്തിലെ ശതക്കണക്കായ വിദ്യാർത്ഥികരം മദ്ധ്യാഹ്നഭക്ഷണത്തിനു മുമ്പായി കുളികഴിഞ്ഞു വരാനായി നർമ്മദയിലേക്കു പാഞ്ഞു. ഒരു സംഘം വിദ്യാർത്ഥികരം മന്ദമന്ദം നടന്നുപോയ മഹർഷിയെ അനുധാവനം ചെയ്തു. പതിവുപോലെ കുളികഴിഞ്ഞു മഹർഷി തിരിച്ചുവന്നപ്പോരം വാതിലിൽ എന്നും തന്നെ സ്വീകരിക്കാൻ നിൽക്കാറുള്ള രേണുകയെ കണ്ടില്ല. മഹർഷി ''രേണുകേ'' എന്നു ഉറക്കെ വിളിച്ചു. കുറെ കഴിഞ്ഞപ്പോരം ഭയംകൊണ്ടു വിളറിവെളുത്ത മുഖവും; അഴിഞ്ഞുലഞ്ഞ കാർകുന്തലും, താറുമാറായി ചുറ്റിയ ഉടയാടയുമായി രേണുക വന്നു. രേണുകയ്ക്കു പാതിവ്രത്യഭംഗം നേരിട്ടു എന്നു


നിങ്ങൾക്കു് ഞങ്ങളുടെ ആശംസകൾ!

ശാന്താറാം സ്റ്റുഡിയോ

ആറ്റിങ്ങൽ Phone: 102

തിന്റെ ലക്ഷണങ്ങളാണു് ദൃശ്യമായതു്. അധർമ്മചാരിണിയായ അവനം ജീവിച്ചിരുന്നാൽ അതു നിമിത്തം ലോകം അധർമ്മമാരിവ്യാപിച്ചു നശിക്കുമെന്നു കണ്ട മഹർഷി പുത്രന്മാരിൽ ഓരോരുത്തരോടും രേണുകയെ വധിക്കാൻ ആജ്ഞാപിച്ചു. ശാർങ്ഗ്ഗരവൻ, ശാരദ്വതൻ, ഗാലവൻ, ശ്രുതകേതു, ധർമ്മകേതു എന്നീ അഞ്ചുപുത്രന്മാർക്കും, അമ്മയുടെ തെറ്റു എത്രതന്നെ ഗുരുതരമാണെങ്കിലും അച്ഛനെ അനുസരിക്കാൻ തോന്നിയില്ല. കേവലം പതിനൊന്നുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന വിവേകശീലനും ധർമ്മധീരനുമായിരുന്ന രാമൻ ഉഗ്രമായ ആ കൃത്യം നടത്തി. രേണുക കഴുത്തറുത്താഴെവീണു പിടഞ്ഞു!!

ബാലൻ അമ്മയുടെ മൃതശരീരത്തെ നോക്കി നിന്നു. കണ്ണീരും ദീർഘനിശ്വാസവും അടക്കുവാൻ കുമാരൻ വളരെ പണിപ്പെട്ടു. തന്റെ ആജ്ഞ നിറവേറ്റിയ മകനെ അരികിൽ അണച്ചു നിറുത്തി ആ ശിരസ്സിൽ തെരുതെരെ ചുംബിച്ചുകൊണ്ടു മഹർഷി മൊഴിഞ്ഞു.

"മകനേ, ഉണ്ണീ രാമകുമാരാ. നീതന്നെ ഉത്തമപുത്രൻ!! ഭാവിലോകത്തിനു ശാന്തിദായകമായ കുടുംബജീവിതം നിർദ്ദോഷമായി പുലർത്തുവാൻ നിന്റെ ആര്യചരിതം ആ ചന്ദ്രതാരം പ്രേരകവസ്തുവായിരിക്കും. മകനേ ഞാൻ നിന്റെ പേരിൽ പ്രസന്നനായിരിക്കുന്നു. ഇനി നീ നിനക്കു ഇഷ്ടമുള്ള വരം വരിച്ചുകൊള്ളുക".

രാമൻ ചോദിച്ചവരം അവന്റെ ധർമ്മബോധത്തെ ഒന്നു കൂടി ഉണർത്തി ചലിപ്പിച്ചു. അവൻ ആവശ്യപ്പെട്ടതു ഇങ്ങനെയാണു്

"അച്ഛാ, എനിക്കു എന്റെ അമ്മയെവേണം. എന്റെ അമ്മയെ ജീവിപ്പിച്ചു തരണം. പ്രാണനും രക്തവുമർപ്പിച്ചു പ്രായശ്ചിത്തം ചെയ്യുകയാൽ പാപവിമുക്തയും പരിശുദ്ധയുമായി തീർന്ന ജീവിച്ചെഴുന്നേൽക്കുന്ന അമ്മയുടെ നേരേ അച്ഛനും അച്ഛന്റെ നേരേ അമ്മയും രണ്ടുപേരുടെയും നേരേ ഞങ്ങൾക്കും ഞങ്ങളുടെ നേരേ അച്ഛനമ്മമാരായ നിങ്ങൾക്കു രണ്ടാൾക്കും അഖണ്ഡമായ പ്രീതിയും മമതയും തോന്നുകയും വേണം". വരം നല്കപ്പെട്ടു. രേണുക ഉറക്കത്തിൽ നിന്നെന്നപോലെ എഴുന്നേറ്റു ഭർത്തൃപാദങ്ങളിൽ നമസ്കരിച്ചു.

ഇവിടെ മറ്റൊരു കാര്യം എടുത്തു പറയേണ്ടതായിട്ടുണ്ടു്. ആറു സന്താനങ്ങളുടെ അമ്മയായി പന്തീരാണ്ടു വർഷങ്ങൾ കഴിഞ്ഞിട്ടും രേണുകയുടെ മാംസദാഹം അടക്കാൻ അവൾക്കു അവളുടെ ബുദ്ധി പ്രയോജനപ്പെട്ടില്ല. ഒരു ഗന്ധർവ്വയുവാവിന്റെ ആകാരസൗഷ്ഠവത്തിൽ അവൾ ആഗ്രഹത്തോടെ നോക്കിയപ്പോൾ അതൊരു ദുർവ്യതിയാനമാണു് അരുതെന്നു മന്ത്രിച്ചബുദ്ധിയുടെ തടസ്സവാദത്തെ അവൾ തള്ളിക്കളഞ്ഞു. അവളുടെ രതിവികാരം അത്ര ഉൽക്കടമായിരുന്നു. അതിനു അത്ര മൂർച്ചയേറിയിരുന്നു. സ്ത്രീ സൗന്ദര്യത്തിൽ പുരുഷനും പുരുഷന്റെ സൗന്ദര്യത്തിലും പ്രതാപത്തിലും സ്ത്രീക്കും ഇങ്ങനെ ആവേശപൂർവ്വമായ—അങ്കുശമില്ലാത്ത മോഹമുണ്ടാകുന്നതു് പലപ്പോഴും അപകടകാരിയായിതീരുന്നു. വികാരത്തിനു മൂർച്ചകൂട്ടുന്ന സാഹചര്യങ്ങളാണു് നഗ്നവേഷങ്ങളും, ശൃംഗാരരസത്തെ ഉണർത്തിവിടുന്ന ഗാനങ്ങളും, അഭിനയരീതികളും അടുപ്പങ്ങളുമെല്ലാം. അവ തപോബലത്തെ നശിപ്പിക്കുന്നു. പ്രാശരനും വിശ്വാമിത്രനും, ശന്തനുവിനും, രേണുകസ്സും സംഭവിച്ച മാനസികാധഃപതനത്തിന്റെ രഹസ്യം അതാണു്.

വെണ്ണതോർക്കുമുടലിൽ സുഗന്ധിയാ
മെണ്ണതേച്ചുരയിലൊറ്റമുണ്ടുമായു്
തിണ്ണമേലുളുമാ നതാംഗി മു—
ക്കണ്ണനേകു മിഴികൊണ്ടൊരുത്സവം

മഹാകവി വള്ളത്തോളിന്റെ ഈ ചിത്രീകരണത്തിലെ ശ്രീപാർവ്വതിയുടെ വേഷപ്പകർച്ചകണ്ടു പരമശിവന്റെ മിഴികൊണ്ടുള്ള ഉത്സവമായതോടെ മനസ്സിന്റെ സമനിലതെറ്റി. വിഷ്ണുവിന്റെ മോഹിനിവേഷമൊന്നു കണ്ടതേയുള്ളു. അന്നും പരമശിവന്റെ രതിവികാരം അടക്കാൻ വയ്യാതായി. ഇന്നു ശ്രീപാർവ്വതിമാരുടെ മോഹിനിയാട്ടത്തിന്റെ കാലമാണു്. കലാശാലകളിലും ആഫീസുകളിലും ഉത്സവപ്പറമ്പിലുമെല്ലാംതന്നെ പുരുഷനെ മയക്കണമെന്ന മനഃപൂർവ്വ ഉദ്ദേശത്തോടെ പെണ്ണുങ്ങൾ ഒരുങ്ങി വരുന്നു. പെണ്ണിൽ പുരുഷന്റെ മനസ്സു ഊന്നിപ്പോകുക സ്വാഭാവികമാണു്. "പെണ്ണിൽ മനമൂന്നിയവനന്നു പണിയില്ല" എന്നാണല്ലൊ പഴമൊഴി.

ഹന്ത സൗന്ദര്യമേ നാരിതൻ മെയ്ചേർന്നാൽ
എന്തെത്ര സൗഭാഗ്യം സാധിക്കാ നീ!!

എന്ന കവിവാക്യം ഒരു ഭാഗത്തും, "പ്രേമമേനിൻ പേരുകേട്ടാൽ പേടിയാം വഴിപിഴച്ച കാമകിങ്കര

ന്മാർ ചെയ്യും കട്ടം കൈകളാൽ'' എന്ന വിലയിരുത്തൽ മറുഭാഗത്തും നിന്നു ജീവിതത്തിലേക്കു വിരൽ ചൂണ്ടുന്നതു ശ്രദ്ധേയമാണു്. യുവജനങ്ങളും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നന്മയുടെ കാവൽ ഭടന്മാരാണു്. സംസ്കാരത്തിന്റെ കലവറ അവരിൽനിന്നു അന്യാധീനപ്പെടാൻ പാടില്ല. ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഈ സ്ഥിതിവിശേഷങ്ങളെ കണക്കിലെടുത്തുകൊണ്ടു ജീവിതത്തിനു സമുന്നതമായ ഒരു ലക്ഷ്യബോധം കൈവരുത്താൻ യുവതലമുറ മറന്നു പോകരുതു്. സമർപ്പണ ബുദ്ധിയോടെ പ്രതിജ്ഞാബദ്ധരെന്ന വണ്ണം ജീവിതത്തിൽ ഉയർന്ന ലക്ഷ്യബോധമുള്ളവരായിതീരുവാൻ യുവജനങ്ങൾ സന്മനസ്സുള്ളവരായിതീരട്ടെ. അവരെ അപഥത്തിലേക്കു നയിക്കുന്ന എല്ലാ പ്രവണതകളെയും അതിജീവിക്കുവാനുള്ള കരുത്തു് അവർക്കു സമാർജ്ജിക്കുവാൻ കഴിയട്ടെ എന്നു ആശിക്കുകയാണു്.

●


*For Guarenteed Ornaments*

**M. S. JEWELLERS**

**ATTINGAL**



സ്കൂൾഗോയിംഗ്, എസ്. എസ്. എൽ. സി.
പ്രീ–ഡിഗ്രി, ബി. എ., ബി. എസ്സി. എന്നീ ക്ലാസുകൾക്കു്
കിടയറ്റ ഒരു വിദ്യാകേന്ദ്രം

# യൂനിവേഴ്സൽ അക്കാഡമി
## ആറ്റിങ്ങൽ.

ടെലഫോൺ 131

യൂനിവേഴ്സൽ അക്കാഡമി, ചിറയിൻകീഴ്
യൂനിവേഴ്സൽ അക്കാഡമി, കിളിമാന്നൂർ

ജെ. രാജശേഖരൻ
പ്രിൻസിപ്പൽ

# "കൈരളീ നമിപ്പൂഞാൻ"

വി. ഗോപിനാഥൻപിള്ള B. A. B. Ed.
**Teacher, H. S. For Boys, Attingal**

കൈരളീ! നമിപ്പൂഞാൻ! ഞങ്ങടെ മണിവീണ
കേരളാംബതൻ ഹൃത്തിലാലോലം മീട്ടീടുനീ.
നിൻഗാനമന്ത്രധ്വനി, മന്ത്രമായ്ക്കേട്ടെങ്കിലും
നിദ്രവിട്ടുണരട്ടേ! കേരളനാട്ടിൻമക്കൾ.
ഖേദമുണ്ടുരയ്ക്കുവാൻ, പണ്ടൊരുപെരുമാൾതാൻ
കേരളാംബയെപ്പകുത്തെന്തിനോകൊടുത്തുപോൽ!
പാരതന്ത്ര്യത്തിൽപ്പെട്ട, കേണുകേണവളുടെ
പാവനമുഖാംബുജം ശോകാർദ്രം മങ്ങിപ്പോയി.
എത്രയോകിരാതന്മാരവളെയാക്രമിച്ചു!
എത്രയോ സഹൃദയരവളെത്താലോലിച്ചു!
കാലചക്രവും മാറി, പതിനെട്ടാണ്ടായ്വീണ്ടും
കേരളമൊന്നായ്, പക്ഷേകാൽച്ചിലമ്പൊലിയില്ല!
ജാതിയും, മതാദിയും, കോഴയും, ദുർമ്മോഹവും
ഭീതിവിട്ടിവിടത്തെ നിത്യനീതിയായ്മാറി.
സത്യവും, വിനയവും, സ്നേഹവും, സദാചാര-
സത്തയുമവളുടെ പുത്രരെ വെടിഞ്ഞുപോയ്?
കേഴുകയാണിന്നവൾ, കേണുകേണവളുടെ
കേൾവിയെ,പ്പൂരാതന ഭൂതിയെത്തിരയുമ്പോൾ,
കുഞ്ഞിക്കൈകളാൽമീട്ടും ഞങ്ങടെ വീണാകലാണം
നെഞ്ഞിനുകുളിരേകി മിന്നിയുല്ലസിക്കുമോ?

കൈരളീ! നമിപ്പൂഞാൻ! ഞങ്ങടെ മണിവീണ
കേരളാംബതൻ ഹൃത്തിലാലോലം മീട്ടീടുനീ!
തുഞ്ചന്റെ കിളിപ്പാട്ടാൽ, കുഞ്ചന്റെ തുള്ളൽപ്പാട്ടാ-
ലഞ്ചിതമായിത്തീർന്ന, കുന്ദലനാട്ടിൻ ഗാനം
സഞ്ചിതമോദത്തോടെ, പഞ്ചമശ്രുതിയോടെ,
വഞ്ചിയിലുയരട്ടേ! നിൻഹൃത്തിൽനിന്നെപ്പോഴും,
പ്രായിയും, പ്രതീയിയും ശൈല, സാഗരങ്ങളാൽ
മോഹിനിയാക്കിത്തീർത്ത, കേരളജനനിയെ,
പമ്പയും, പെരിയാറും, ഭാരതപ്പുഴതാനു-
മിമ്പമാർന്നലകളാലിക്കിളിപ്പെടുത്തുമ്പോൾ
കുഞ്ഞിക്കൈകളാൽ മീട്ടും ഞങ്ങടെ വീണാകലാണം
നെഞ്ഞിനുകുളിരേകി മിന്നിയുല്ലസിക്കില്ലേ?

കൈരളീ നമിപ്പൂഞാൻ! ഞങ്ങടെ മണിവീണ
കേരളാംബതൻ ഹൃത്തിലാലോലംമീട്ടീട്ടനീ!
കർഷകഗാനം കേൾക്കേ, യുദ്ധാനവിയർപ്പണി-
ഞ്ഞുത്സുകമായിത്തീർന്ന, വിശ്രുതകേദാരങ്ങൾ
നന്മണിക്കതിരാടി, മർമ്മരശ്രുതിമീട്ടി,
മഞ്ഞുളനൃത്തമാടിപ്പുളകം കൊണ്ടീടുമ്പോൾ,
പാലൊളിച്ചിരിതൂകും, പാവനമുഖാംബുജം
നീലവാനതിലാളുമമ്പിളിക്കലപോലെ,
ചാലവേകാട്ടിക്കാട്ടി, ച്ചേലൊത്തപൈതങ്ങള-
ങ്ങാകുലമെന്യേ, പാടി,ക്കളിച്ചു രസിക്കുമ്പോൾ,
താളത്തിൽ, ശ്രുതിയിങ്കൽ, രാഗത്തിൽ, പിഴച്ചാലും,
സ്നേഹത്തിൻനിറവോടെ, മോഹത്തിൻമിഴിവോടെ
കുഞ്ഞിക്കൈകളാൽമീട്ടും ഞങ്ങടെ വീണാകാണം
നെഞ്ഞിനുകുളിരേകിമിന്നിയുല്ലസിക്കില്ലേ?


(Estd: 1958) Phone No. 9

# ATTINGAL WORKERS INDUSTRIAL CO-OPERATIVE SOCIETY

## Ltd. No. (S. IND) 31 Attingal P. O.

(KERALA STATE)

**Manufacturers, Distributors & Welding Engineers.**

Manufacturers and Distributors of:-

**Agricultural Implements**

Munvetties, Kunthalies, Pickaxes, Iron hoes, Garden Rakes, Garden Forks, Woodcutting axes, Bill hoes, Digging forks.

**G. I. Buckets**

G. I. Kudoms, Watering Cans, Dyevats, Chicken feeders, Brooders, G. I. Basins.

**Compound Gates**

Collapsible gates, Window grills, Hand rails, Varanda grills, 'Steel Truses, Steel furniture, Maison trowels, Stone cutters, Maison Axes, Boilers Etc. Etc.

# ഒരു കത്ത്

കെ. സുകുമാരപിള്ള M. A. (Mal.) M. A. (Hin.) B. Ed.
Head of the Department of Hindi, St. John's College, Anchal

പ്രീയ സുഹൃത്തേ,

താങ്കളുടെ കത്ത്. ഞാനും അനുസ്മരിക്കപ്പെട്ടല്ലോ എന്ന അഭിമാനം...ചാരിതാർഥ്യം...കൃതജ്ഞത. ഇപ്പോഴും മലയാളവ്യാകരണത്തിന്റെ പ്രശ്നങ്ങളെപ്പറ്റിയുള്ള ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കയാണു ഞാൻ. രസകരമായ ഏതെങ്കിലും കാര്യത്തെപ്പറ്റി എന്തെങ്കിലുമെഴുതാൻ തൽക്കാലം അല്പം ബുദ്ധിമുട്ടുണ്ട്. ആകയാൽ പ്രൗഢമായ ഒരു ഗവേഷണ പ്രബന്ധത്തിന്റെ ചെറിയ ഒരാമുഖമെന്ന മട്ടിൽ—ഏറെയാർക്കും താല്പര്യം തോന്നാൻ ഇടയില്ലെങ്കിൽ കൂടി—ചിലതു കുറിക്കുന്നു, ദ്രാവിഡ ഭാഷാവിജ്ഞാനത്തിലെ ജരുപ്രശ്നത്തെക്കുറിച്ചുതന്നെ.

---

ഭാഷാഗവേഷകനായ
ശ്രീ. കെ. സുകുമാരപിള്ളയെ ഈ സ്കൂളിലെ ഒരു പൂർവ്വവിദ്യാർത്ഥിയെന്ന നിലയിൽ ഇവിടെ അനുസ്മരിച്ചുകൊള്ളുന്നു.

---

ദ്രാവിഡഗോത്രത്തിൽപ്പെട്ട ഇരുപത്തൊന്നു ഭാഷകളെ ഇന്നു തീർത്തും തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. സാംഖ്യികീയ ഭാഷാകാലനിർദ്ധാരണം (lexico-statistical dating) എന്ന സങ്കേതമുപയോഗിച്ച് ഇവ തമ്മിൽപ്പിരിഞ്ഞ കാലം കൃത്യമായി കണക്കാക്കാമത്രേ. പോകട്ടെ സാമ്യവൈഷമ്യങ്ങൾ വൻതോതിലുണ്ടെങ്കിലും ഇവയെല്ലാം സമാനമായ ഒരു പൂർവദശ ഉണ്ടായിരുന്നു എന്നു കരുതിപ്പോരുന്ന സ്ഥിതിക്ക് തമ്മിൽപ്പിരിയാനും വളർന്നു തനിമ പുലർത്താനും പ്രേരണ ചെലുത്തിയ ഘടകങ്ങളെ കണ്ടെത്തിയേ മതിയാവൂ.

ഭാഷയ്ക്കു മാറ്റം വരാൻ രണ്ടു കാരണങ്ങളുണ്ടാവാം, ആഭ്യന്തരപ്രേരണയും ബാഹ്യപ്രേരണയും. തലയിൽ > തലേൽ, വഴിയിൽ > വഴീൽ, നമ്പിയാർ > നമ്പ്യാർ, തുടങ്ങിയ മാറ്റങ്ങൾക്കു കാരണം ലഘൂകരണം (simplification) എന്ന ആഭ്യന്തരപ്രേരണയാണ്. ഇതുപോലുള്ള മാറ്റം തികച്ചും സ്വാഭാവികമെന്നപോലെ തീരെ മന്ദഗതിയിലായിരിക്കയും ചെയ്യും. ബാഹ്യപ്രേരണയുടെ സ്ഥിതി ഇതല്ല. ശരി, എന്താണ് ഈ ബാഹ്യപ്രേരണ? ഭാഷാന്തരസമ്പർക്കംതന്നെ. പരസ്പരം വിട്ടകന്നു വിഭിന്നഭാഷകളായിത്തീരാനും സ്വതന്ത്രമായി വളരാനും ഉതകുംവണ്ണം ശക്തിമത്തായ പ്രേരണ ഭാഷാന്തരസമ്പർക്കത്തിൽനിന്നു മാത്രമാണുലഭിക്കുക എന്നുപറയാം. ഈ പ്രക്രിയ ദ്രുതഗതിയിലായിരിക്കയും ചെയ്യും. പദങ്ങളും എത്രതന്നെ കടംകൊണ്ടാലും ഭാഷകളുടെ വ്യാകരണങ്ങളും തമ്മിൽ കലരുക സാധ്യമല്ലെ'ന്നു ശാഠ്യം പിടിക്കുന്നവരുടെ കാലം കഴിഞ്ഞുപോയി. ഇതാ ഒരുദാഹരണം. 2+3=5 എന്നതു് ഇംഗ്ലീഷിൽ വായിക്കുന്നതു് ആ ഭാഷയുടെ സംരചനാശൈലികളും തികച്ചും ചേരുംപടിയാണ്. മലയാളത്തിലോ? 'രണ്ടു് അധികം മൂന്നു് സമം അഞ്ചു്'. ഇതു് എവിടത്തെ മലയാളം? 'രണ്ടും മൂന്നും അഞ്ചു്' എന്നതാണു മലയാളശൈലി. പാശ്ചാത്യഗണിതചിഹ്നങ്ങളോടൊപ്പം ഗണിതശാസ്ത്രാധ്യയനം ആരംഭിച്ചപ്പോഴും മലയാളത്തിൽ കടന്നുകൂടിയ ഒരേർപ്പാടാണിതു്; ഇംഗ്ലീഷിൽനിന്നുള്ള ആഗതാനുവാദം (loan-translation) എന്നു ചുരുക്കം. ഇത്തരം സാങ്കേതികാവശ്യങ്ങൾക്കുവേണ്ടിയല്ലാതെ വികസിതഭാഷകളും മർമ്മത്തെതൊട്ടുന്ന ഏർപ്പാടുകളും കടംകൊള്ളാറില്ല എന്നതു നേരാണ്. പക്ഷേ ഏതു ഭാഷയുടെയും പ്രാരംഭദശയിൽ സ്ഥിതി മറിച്ചാണ്. വിപുലമായ തോതിൽ ഭാഷാന്തരസ്വാധീനത്തിനു വിധേയമായിപ്പോവും അന്നു്. ഇംഗ്ലീഷിന്റെ വികസ്വരദശ (formative period) യിലെ സ്കാൻഡിനേവിയൻ സ്വാധീനത്തെക്കുറിച്ചും തത്പരിണാമങ്ങളെക്കുറിച്ചും ഓട്ടോ ജെസ്പേഴ്സൻ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നതു നോക്കുക.

ഇന്നത്തെ ദ്രാവിഡഭാഷകളുടെ പിറവിക്കും വളർച്ചയ്ക്കും നിദാനമായ പ്രേരണ എന്തായിരിക്കാം? ദ്രാവിഡേതരഭാഷകളുടെ നിർണ്ണായകമായ സ്വാധീനംതന്നെ. ക്രിസ്തുവർഷാരംഭത്തിനുമുമ്പേ വൻതോതിൽ ബൗദ്ധജൈനസംഘങ്ങളും ദക്ഷി

ണേന്ത്യയിലേക്കു പ്രവഹിച്ചിരുന്നു എന്നതിനു തെളിവുണ്ടു്. ധർമ്മപ്രചാരണം അവരുടെ ഏക ലക്ഷ്യവുമായിരുന്നു. പിന്നീടു് ക്രി.പി. പത്താം ശതകംവരെ പലപ്പോഴായി ആര്യന്മാരുടെ പ്രവാഹം തുടർന്നതിനും ചരിത്രത്തിന്റെ സാക്ഷ്യമുണ്ടു്. അവരുടെ ഭാഷ—അന്നത്തെ ജനസമ്പർക്കഭാഷ—മധ്യകാലഭാരതീയാര്യഭാഷകളും എന്നറിയപ്പെടുന്നു. പാലിയും മഹാരാഷ്ട്രി, ശൗരസേനി, മാഗധി, അർധമാഗധി, പൈശാചി (ഇതിനു് അവാന്തര വിഭാഗവുമുണ്ടു്) എന്നീ പ്രാകൃതഭാഷകളുമാണവ. കേരളത്തിൽ അവയ്ക്കു വേണ്ടത്ര പ്രചാരമുണ്ടായിരുന്നു എന്നതിനു് ഇവിടെയും തെളിവുണ്ടു്. ഗുരുകുല വിദ്യാഭ്യാസ വ്യവസ്ഥയിൽ പ്രാകൃതഭാഷകൾക്കു നല്ല സ്ഥാനമുണ്ടായിരുന്നു എന്നും 'പ്രാകൃത പ്രകാശാ'ദി വ്യാകരണ ഗ്രന്ഥങ്ങൾക്കു കേരളീയപണ്ഡിതന്മാർ വ്യാഖ്യാനം രചിച്ചിട്ടുണ്ടെന്നും മറ്റും ഇത്തരുണത്തിൽ ഓർക്കുക. അതേ, ഈ ഭാഷകൾക്കു് (MIA Languages) കണക്കേ പ്രചാരവും പ്രാബല്യവും ദക്ഷിണേന്ത്യയിലുണ്ടായിരുന്നു. തത്സമ്പർക്കത്തിന്റെ പരിണതികളെപ്പറ്റി പഠിക്കാൻ വേണ്ടത്ര ശ്രമം നടന്നിട്ടില്ലെന്നേ ഉള്ളൂ.

സംസ്കൃതത്തിന്റെ ചട്ടക്കൂടിനുള്ളിൽപ്പോലും പ്രാഭവം കാട്ടിയിട്ടുണ്ടു പ്രാകൃതഭാഷകൾ. ഭൂതാ > ഭട, നൃതാ > നട, വികൃതാ > വികട, എന്നീപദങ്ങളുടെകാര്യം കളയാം. ഭിസ്പ്രത്യയത്തിന്റെ 'ഐസ്' ആദേശം പോലും പ്രാകൃതജന്യമത്രേ. പൂർവേഭിഃഋഷിഭിഃഎന്നു് ഋഗ്വേദം (1—1—1:2) > പൂർവേഹിഃ > പൂർവേജഃ > പൂർവൈഃ, എന്നു രൂപാന്തരം. പിൽക്കാലത്തു് അകാരാന്തപുല്ലിംഗനാമങ്ങളിൽ സാർവത്രികമായി; 'കൃഷ്ണ'നെ 'കന്ന'നും (കൃഷ്ണാര്യ > കൻഹൈയാ > കന്നയ്യാ) 'കർണ്ണ'ത്തെ 'കന്ന'വും ആക്കിയ നയമായിരിക്കില്ലേ ദ്രാവിഡത്തിലെ 'മണ്ണി'നെ 'മന്നാ'ക്കിയതു്!

ഇന്നത്തെ ദ്രാവിഡഭാഷകളോ? ആര്യഭാഷകളുടെ തോളിൽ കൈവച്ചു നിൽക്കുന്ന തെലുങ്കും നാലുകെട്ടിനകത്തായ കുഡുഖു്, മാൽതോ, ബ്രാഹുയി, എന്നിവയും പോകട്ടെ. ഇങ്ങു തെക്കേ അറ്റത്തു് മലകൾക്കും കടലിനുമിടയിൽത്തഞ്ഞുന്ന മലയാളത്തിലെ പ്രാകൃതസ്വാധീനം അത്ഭുതാവഹമാണു്. അനുനാസികാതിപ്രസരം, താലവ്യാദേശം, തുടങ്ങിയ പല ഭാഷാപരിണാമനയങ്ങൾക്കും പിന്നിൽ പ്രാകൃതഭാഷകളുടെ സ്വാധീനം കണ്ടെത്താം. പ്രായേണ എല്ലാ പ്രാകൃതങ്ങൾക്കും പ്രവേശമുണ്ടെങ്കിൽ കൂടി ചൂളികാപൈശാചിക്കാണു മുൻകൈ എന്നും കൂട്ടിച്ചേർക്കട്ടെ.

കൊല്ലവർഷാരംഭംമുതൽ ഏതാനും നൂറ്റാണ്ടുകളിലെ ലഭ്യമായ സാമഗ്രികൾ അപഗ്രഥിച്ചു് പഠനം നടത്തിയാൽ ഭാഷാപരിണാമത്തെക്കുറിച്ചെന്നപോലെ പ്രാചീനസംസ്കാരത്തെക്കുറിച്ചും വിലപ്പെട്ട കാര്യങ്ങൾ കണ്ടെത്താൻ കഴിയും. ഡോ: ഗോദവർമ്മ ഈ പഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയെങ്കിലും പദാവലിയുടെ മണ്ഡലത്തിനപ്പുറത്തേക്കു പോയില്ല. മർമ്മം ഗ്രഹിച്ച ഇളംകുളമാകട്ടെ വിശദമായ പഠനത്തിനു് ഒരുമ്പെട്ടുമില്ല. 'കടവർ' എന്ന തമിഴ്രൂപം 'കടവിയർ' എന്ന ശാസനങ്ങളിൽ രൂപംമാറി എന്നും മറ്റും വേണ്ടത്ര പരിശോധിക്കാതെ അഭിപ്രായപ്പെട്ടിട്ടുണ്ടു് (കേരളഭാഷയുടെ വികാസപരിണാമങ്ങൾ). സം. കർത്തവ്യ > പ്രാ. കടവിയ > ത. മ. കടവിയർ > കടവർ, എന്നാണു ശരിയായ രൂപാന്തരം. എന്തിനു്, ആ ഗ്രന്ഥത്തിനു് അഭിപ്രായം കുറിച്ചവർ 'ദ്രാവിഡഭവയും സംസ്കൃതഭവയു'മാണു് മലയാളം എന്നു് ഇളംകുളം സമർത്ഥിക്കുന്നതായി കരുതാൻ തക്കവണ്ണം പിന്നിലായിപ്പോകയും ചെയ്തു. അതേ, ഗവേഷണം കാത്തുകിടക്കുന്ന ഒരു മണ്ഡലമാണിതു്. ഡോ. കുഞ്ഞുണ്ണിരാജയുടെ അഭിപ്രായത്തിൽ ഒരു നിയമംമൂലം നിരോധിക്കാൻ തക്കവണ്ണം മതാന്തരങ്ങളുള്ള 'മലയാളപ്പിറവി'യുടെ പ്രശ്നത്തിൽ ഒരുപക്ഷേ ഫലപ്രദമായി വെളിച്ചം വീശാൻ ഈ പഠനത്തിനു കഴിഞ്ഞേക്കാം.


**RAJA**

ELECTRIC DRYCLEANERS, DYERS & LAUNDERS

Chirayinkil Road,

ATTINGAL.

All under electric mechines and scientific methods

Doubles the life of your Garments

Br: Chirayinkil, Varkala, Kilimanoor.

Prop:- C. Thankappan B. A.

# ഗുരുസന്നിധിയിൽ

തോന്നയ്ക്കൽ നാരായണൻ

(ലക്ചറർ, യു. സി. കോളജ്, ആലുവ)

(ആറ്റിങ്ങൽ H. S-ൽ ദീർഘകാലം സേവനമനുഷ്ഠിച്ച ശ്രീ. വി. ബാലകൃഷ്ണന്റെ അകാലദേഹവിയോഗത്തിൽ അനുശോചിച്ചുകൊണ്ട് ഒരു പ്രിയശിഷ്യൻ എഴുതുന്ന അനുസ്മരണം)

ഹാ! മദ്ഗുരോ, നീപിരിഞ്ഞുപോയ് ഞങ്ങളെ-
യാകെയുമീദുഃഖസാഗരവീഥിയിൽ,
ഈവിരഹോൽക്കടവീചിയിൽ, വേദന
പേറുവാനിങ്ങനെ തള്ളിയിട്ടേകനായ്!
ഇത്രപൊട്ടന്നനെ മായുവാൻ കാർമുക-
ചിത്രമായ് നീയെന്തിനീവിശ്വവീഥിയിൽ
വന്നുതെളിഞ്ഞുമനോരമപിഞ്ഛരികാ-
പുഞ്ജങ്ങൾ നീർത്തും മയൂരരാജാവുപോൽ!
ഇന്നലെയെന്റെ മനഃസരസ്സിങ്കൽ വ-
ന്നുല്ലാസകേളികളാട്ടം മരാളമായ്,
എന്റെ ഹൃദയ സരോരുഹത്തെ നൂറു
ചുംബനംകൊണ്ടു വിടർത്തുന്നഭാനുവായ്,
എന്നകവീണയെ തൊട്ടുണർത്തും നവ-
വൃന്ദാവന 'ബാലകൃഷ്ണ'നായ്, ഹാ! ഗുരോ,
വന്നതോർക്കുന്നേ; നൊരായിരമായിരം
വർണ്ണങ്ങൾ–വർണ്ണപ്പൊലിമകൾ, താളങ്ങൾ–
താളലയങ്ങ,ളീവന്ദ്യവിദ്യാലയ-
വാടിയിൽ കണ്ടതും കേട്ടതുമിപ്പൊഴ-
മെപ്പൊഴമെന്നിലുമീയന്തരീക്ഷത്തി-
ലൊക്കെയും ഹാ! നിന്നുമിന്നിത്തുടിക്കയാ-
ണെത്രമാച്ചാലും മായാത്തമാതിരി-
യെത്രദൂരത്തുമകലാത്തമാതിരി!
ആടിയുലഞ്ഞുമുദ്സ്മിത സൗഭഗ-
മോടിയിൽനിന്നുവിളങ്ങുന്നപൂവുപോൽ
ഇന്നുമെൻമുന്നിലാകാവ്യസുധാമയ-
ഭംഗിയിലങ്ങുവിലസുന്നതോർപ്പുഞാൻ!

ഞെട്ടറ്റുവീഴുവാൻ മാത്രമോവന്നുനീ
സ്വപ്നസമാനമീയാചാര്യവേദിയിൽ?
എങ്കിലും ശാശ്വതരമ്യതയും കാവ്യ-
ഗന്ധവുമാത്മൈചൈന്യവുമേകി നീ,
ഞങ്ങളെ കൂരിരുൾക്കാട്ടിൽനിന്നുമൊളി-
ചിന്നുമുഷസ്സിലേക്കാനയിച്ചീടവെ,
കണ്ണുതുറന്നവർ, തുവെളിച്ചംകോരി-
യുള്ളുനിറഞ്ഞാനിറങ്ങിത്തിരിച്ചവർ,
ഹാ, ഞങ്ങൾ! ആ ചാര്യനന്ത്യാഭിവാദന-
സ്സൂനങ്ങളുമായിവന്നുനിരക്കയാ-
ണോരോവിതുമ്പിക്കരഞ്ഞമുഖവുമാ-
യോരോവിരഹവ്യഥയുടെ രൂപമാ-
യിപ്പുണ്യഭൂമിയനശ്വരയാകുവാ-
നിപ്പുണ്യവാടിയനർഘതനേടുവാൻ!

●


## രാജീസ് സ്റ്റുഡിയോ

സ്ഥാപിതം—1914

H. O. ആറ്റിങ്ങൽ — Br: കാട്ടാക്കട & കഴിത്തുറ

Phone 89

ഫോട്ടോസംബന്ധമായ എല്ലാ ജോലികൾക്കും സമീപിക്കുക.

എസ്. കെ. തമ്പി

രാജീസ് സ്റ്റുഡിയോ, ആറ്റിങ്ങൽ

എല്ലാവിധ ജൗളിത്തരങ്ങൾക്കും

## ബക്കർ ടെക്സ്റ്റയിൽസ്

(ഹോൾസെയിൽസ് & റീട്ടെയിൽസ്)

മെയിൻറോഡ്: **കോരാണി**

**BAKAR'S, KORANI.**

# ആശാന്റെ നായികമാർ

എം. സോമരാജൻ M. A; M. Ed.
**Teacher, B H. S. Attingal**

മലയാള സാഹിത്യനഭോമണ്ഡലത്തിലെ കൊള്ളിമീനായിരുന്ന കുമാരനാശാൻ. അദ്ദേഹം തന്റെ കാലഘട്ടത്തിലെ ചക്രവർത്തികളിൽ ചക്രവർത്തിയായിരുന്നു. മനുഷ്യകഥാനുഗായിയായ ആശാൻ, തന്റെ കഥാപാത്രങ്ങൾക്കു ജീവനം ഓജസ്സും നൽകി. ആശാൻ സൃഷ്ടിച്ച അനശ്വര കഥാപാത്രങ്ങളായ എല്ലാ നായികമാരും തങ്ങളുടെ ഹൃദയവും പ്രാണനും പ്രേമത്തിനുവേണ്ടി ബലിയർപ്പിച്ചവരായിരുന്നു.

ആശാന്റെ ഓരോ നായികയും നവീകരണത്തിന്റെയും വിമോചനത്തിന്റെയും പ്രതിനിധികളാണ്. ഭാരത സ്ത്രീകളുടെ ഭാവശുദ്ധി ഉയർത്തിപ്പിടിച്ച ആദ്യത്തെ മലയാള കവിയായിരുന്നു ആശാൻ. ദിവ്യപ്രേമത്തിനുവേണ്ടി രക്ത സാക്ഷികളായ ആശാന്റെ നായികമാരെ വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ഭാവിചരിത്രകാരന്മാർക്ക് സദാചാരത്തിന്റെയും പാതിവ്രത്യത്തിന്റെയും ധ്രുവനക്ഷത്രങ്ങളായിരുന്ന ഭാരതീയ മഹിളകളെന്നു ആശാന്റെ നായികമാർ സാക്ഷ്യം വഹിക്കുന്നതാണ്.

ലൗകിക പ്രേമത്തെ ശുദ്ധവും അലൗകികവും ആക്കി മാറ്റുന്ന പരീക്ഷണശാലയാണു കവിയുടെ കഥാപാത്രങ്ങളിൽ പലതും. ആശാന്റെ നായികാനായകന്മാർ ''മാംസനിബദ്ധമല്ലരാഗം'' എന്നു വായനക്കാരെ പഠിപ്പിക്കുന്നു.

''സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹസത്യമേകമാം''

എന്നദ്ദേഹം പ്രഖ്യാപിക്കുന്നു.

ഭോഗലാലസമായ ഒരു ജീവിതമല്ല പ്രണയ പ്രതിഫലമായി താൻ സ്വപ്നം കണ്ടതെന്നും, തന്റെ ഹൃദയനാഥന്റെ മുഖദർശനംതന്നെ പ്രണയ സാഫല്യമായും സ്നേഹസായൂജ്യമായും തനിക്കു തീർന്നിരിക്കുന്നുവെന്നും തെളിയിക്കുമാറാണു നളിനി, നായകന്റെ വിശ്വസ്നേഹദീപ്തമായ വാക്കുകൾ കേട്ടക്ഷണത്തിൽ നിർവ്വാണമടഞ്ഞതു.

ആശാന്റെ സീത ഇരുപതാം നൂറ്റാണ്ടിലെ സീതയായിരുന്നു. സ്ത്രീയെ അവൾ അർഹിക്കുന്ന സ്ഥാനത്തു കയറ്റിയിരുത്തുകയാണു ആശാൻ ചെയ്തതു. സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ഒരു ''മഹനീയ മാതൃക''തന്നെയാണു 'ചിന്താവിഷ്ടയായ സീത'. അഭിമാനം പണയംവച്ചു വീണ്ടും പട്ടമഹഷി പദം മോഹിക്കുന്നവളല്ല ആശാന്റെ സീത.

''അരുതെന്തയിവീണ്ടുമെത്തിഞാൻ
തിരുമുമ്പിൽ തെളിവേകിദേവിയായ്
മരുവീടണമെന്നു മന്നവൻ
കരുതുന്നോശരിപാവയോയിവം''

എന്നാണു സീത ചോദിക്കുന്നതു.

കവിതയിൽ ശൃംഗാരം കൊടികുത്തിവാഴുന്ന കാലത്തായിരുന്നു ആശാൻ രംഗത്തുവന്നതു. ആ സദസ്സിൽ നളിനിയെ അവതരിപ്പിച്ചപ്പോഴും ആശാന്റെ കൈകളും ഒരുപക്ഷേ വിറച്ചിരിക്കാം.

ദുരവസ്ഥയിലെ സാവിത്രിക്കു സമാനയായൊരു നായികയെ മലയാളസാഹിത്യം കണ്ടിട്ടില്ല. പ്രതികൂലങ്ങളായ സാഹചര്യങ്ങളുടെ നടുക്കുനിന്നും ഒരു പുതിയ നല്ല ജീവിതം കെട്ടിപ്പടുക്കാനുള്ള സ്ഥിരനിശ്ചയത്തോടുകൂടി ചുടലച്ചാമ്പലിൽനിന്നുയർന്നുവരുന്ന 'ഫീനിക്സ് പക്ഷി'യെപ്പോലെ നമ്മുടെ മുമ്പിൽ നിൽക്കുകയാണു സാവിത്രി. ഒരു യുവതിയുടെ കാമവാസനമൂലമല്ല, പ്രത്യുത, അധ:സ്ഥിതസമുദായത്തെ ഉദ്ധരിക്കാനുള്ള ആഗ്രഹത്തോടുകൂടിയാണു സാവിത്രി, ചാത്തന്റെ സഹധർമ്മിണിയായതു. ജാതിശ്രേണിയിൽ ഏറ്റവും ഉയർന്ന പദവിയിലുള്ള ഒരു നമ്പൂതിരി സ്ത്രീയെ, ഏറ്റവും താണപടിയിലുള്ള ഒരു യുവാവുമായി വിവാഹ ബന്ധത്തിൽ ഘടിപ്പിക്കുന്ന കഥ, അന്ധാചാരങ്ങളുടെ മേൽ ഏല്പിക്കുന്ന ഒരു പ്രഹരമാണ്. സ്ത്രീ പുരുഷസമത്വം, ഒരു ജാതി സിദ്ധാന്തം, മിശ്രവിവാഹം ഇവ ആശാന്റെ

വിദ്യാർത്ഥികളുടെ ആശാകേന്ദ്രം!



# സാഗർ കോളജ്

## വർക്കല — ആറ്റിങ്ങൽ

Phone 265—125

**Classes For: S. S. L. C, P. D. C, B. A, B. Sc, School goings and College goings**

Principal, **M. Krishnan**

# പൂവിൻെറ ബലി

കിളിമാനൂർ കേശവൻ

(പ്രശസ്തകവിയായ ശ്രീ. കിളിമാനൂർ കേശവൻ
ഈ സ്കൂളിലെ ഒരു പൂർവ്വവിദ്യാർത്ഥിയാണു്)

I

ചെമ്പനിനീർപൂ, ദളങ്ങളോരോന്നിതാ!
കുമ്പിട്ടമണ്ണിൻപദത്തിലർപ്പിക്കയായ്!
തുമുഖംവാട്ടുന്നുവെങ്കിലും, പുഞ്ചിരി
തുകുന്നിതർപ്പണം ചെയ്യുന്നവേളയിൽ.
നൂലൊത്തവേത്രുന്നി, തൈയ്നാമ്പരുണൻെറ
നേർമുഖംനോക്കിനിന്നുള്ളപെറമ്മയെ,
നീയിളയൂട്ടി; ഹിമകണമിറു നൽ–
വായുശ്വസിപ്പിച്ചു, കാലാന്തരത്തിനാൽ
കാന്തിക്കുരുന്നായ കന്യകാസ്ഥാനത്തി
ലെത്തിലതധരേ! നീൻദയാവായ്പിനാൽ.
വാതം, വെളിച്ചം, വെയിൽ, മഴ,യാദ്യനെൻ
മാതാവിനേകുന്നുമേദിനി സർവദാ.
ആ നന്ദികാട്ടാനസാരയാണെങ്കിലു–
മാത്മബലയായിയർപ്പിപ്പുഞാൻ സ്വയം
കോമളയാണു സുരഭിലയാണെൻെറ
യാത്മാവിലൂറുന്നതേനതിസ്വാദ്യമാം.

2

താരകാരത്നഖചിതമാം കുംബളം
വാരിപ്പുതച്ചുമദാലസയായുടൻ,
വെണ്ണിലാപ്പാലുനിറഞ്ഞുള്ളവെണ്മതി
ക്കിണ്ണവുംപേറിനിശീഥിനിനില്പ്പുവേ,
പൊന്നിൻമകുടമണിഞ്ഞൊരു പൂഷാവു
മന്നിൽവെളിച്ചമുരുക്കിയൊഴിക്കവേ,
കല്യാണമോഹങ്ങളുള്ളിൽ തിളങ്ങിലു–
മെല്ലാംസമർപ്പിപ്പുമണ്ണിൻ കഴൽകളിൽ
ചോരക്കണങ്ങളാണിറുപോകുന്നതെ–
ന്നോരാധരിത്രിയെന്നാത്മാർപ്പണത്തിനാൽ

ഓരോദലവുമിറുന്ന വീഴുമ്പൊഴും
നീറിപ്പുകയുകയാണുമന്മാനസം.
ഒരോനിമേഷവും കാറിൽ കലരവേ
തോരാത്തകണ്ണുനീരുറിമറകയാം.
എന്നാലുമീജനിനല്കിപ്പുലർത്തിയ
മന്നിനായുസ്സുംവപുസ്സുമർപ്പിക്കുവേൻ.
നീരദപാളിക്കു തീരാത്തമാരിയും
താരകാരാജിക്കൊട്ടങ്ങാത്തശോഭയും
ആഴിക്കസംഖ്യംമനിപ്രവാളങ്ങളു-
മായാത്തമാണഹോ! കാഴ്ചവെച്ചീടുവാൻ.
ഇല്ലെനിക്കർപ്പണം ചെയ്യുവാനെന്നംഗ
മല്ലാതെയില്ലയീയേഴകൾക്കേഴഞാൻ.

3

പ്രാലേയശൈലമക്കല്പകപ്പൂക്കളാൽ
പ്രാഭൃതംവെയ്പൂയുഗാന്തരംതോറുമേ.
ഗംഗതൻവീചീചയങ്ങളാലാഴിക്കു
മങ്ങാതെയർച്ചനനൽകുന്നുസർവ്വദാ.
ഥാനിയില്ലെന്നാലവറഞ്ഞോരിക്കലും
ഞാനോമറഞ്ഞുപോംപൂവാണു സന്ധ്യയിൽ.
എന്മേനിയിൽനിന്നിറുന്നുവീഴുന്നൊരീ
യുണ്മയാംവാർദലം സ്വീകരിക്കേണമേ!
ഞെട്ടറ്റൊടുവിൽ നിൻതൃച്ചേവടികളിൽ
പട്ടുവീഴുന്നതും ഭാഗ്യമാണംബികേ!
പിന്നെയിക്കാലംകഴിഞ്ഞാലിനിയൊരു
പൊന്നിൻലതികയിൽ പൂവായ്പിറന്നിടാം.

---

(11—ാം പേജിൽനിന്നും തുടർച്ച)

കഥാപാത്രങ്ങളം പ്രതിനിധാനം ചെയ്യുന്നു. 'കരുണ'യിൽ നായികയായ വാസവദത്തയുടെ ഉപഗുപ്തന്റെ നേർക്കുതോന്നിയ പ്രണയം കലനയവിരുദ്ധമായിരുന്നു. ആ പ്രണയത്തെ ഹസിച്ച തോഴിയെ, കവിതന്നെ നേരിൽവന്നുകണ്ടു ശകാരിക്കുന്നുണ്ടു്.

അപഥത്തിൽ നായികയെ നയിക്കും കട്ടി നീമതിയുപദേശസംരംഭം നീയുരിയാടേണ്ട
എന്നാണു തോഴിയെ താക്കീതു ചെയ്യുന്നതു്.

ആശാന്റെ നായികമാർ അതിസുന്ദരികളും അല്പായുസ്സുകളുമാണു്. ഒരു രാജ്ഞിയേപ്പോലെ സൗഭാഗ്യാതിശയം ആവഹിച്ച വിലസിയ 'പെൺപൂവു്' കൊഴിഞ്ഞുവീണ വാടികിടക്കുന്നതിനെ കവി ചിത്രീകരിക്കുന്നു. വാസവദത്തയും ഒരു കാലത്തു കണ്ടപ്പോണന്റെ പട്ടംകെട്ടിയ രാജ്ഞിയേപ്പോലെ ശോഭിച്ച മതിമോഹിനിയായിരുന്നുവല്ലോ. ഭ്രുവിൽ ശ്രീ അസ്ഥിരയാണെന്നു കവി അനുസ്മരിപ്പിക്കുന്നു.

ആശാന്റെ നായികമാർ മാതൃകാവനിതകളും ഭാവശുദ്ധിയുള്ളവരും ആണു്.

# ശുഭപ്രതീക്ഷ*

എം. പി. അപ്പൻ

പ്രസിദ്ധകവിയും സാഹിത്യകാരനുമായ ശ്രീ. എം. പി. അപ്പൻ ഈ സ്കൂളിൽ ഹെഡ്മാസ്റ്റർ പദം അലങ്കരിച്ചിട്ടുള്ള മഹാന്മാരിൽ ഒരാളാണ്. ഉത്തമഗ്രന്ഥങ്ങൾക്കുള്ള 1972-ലെ കേരള സാഹിത്യഅക്കാഡമി അവാർഡു നേടുകയുണ്ടായി. ഈസ്കൂളിനെ അധികരിച്ച് ഒരു പ്രബന്ധവും, ചില ഖണ്ഡകവനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്നും ഈ വിദ്യാലയത്തോട് കൂറുപുലർത്തിപ്പോരുന്നു.

ഭാസുരവാസരമോരോന്നായ് വീണ്ടും
ഭാവിയിലാവിർഭവിക്കുമെൻ മുമ്പിൽ.
അങ്ങുകാണുംമരക്കൊമ്പിന്നിടയിൽ
തങ്ങിനിന്നീടുന്ന പൊൻപൂമ്പുലരി
വേദനനൽകുമീയേകാന്തരാവിൽ
വേരുറുത്തുന്മേഷലോലിതഭാസ്സിൽ
പ്രേമമസൃണയായെൻമന്ദിരത്തി-
ലാമന്ദമങ്ങനെയുല്ലസിച്ചീടും.
താമസിയാതെയെൻമുമ്പിൽവന്നെത്തും
തുമകലരും പ്രസന്നദിനങ്ങൾ.
മങ്ങിമയങ്ങുമീശൂന്യതപോയി
മംഗളോഷസ്സെന്നെയൻപാർന്നു പുൽകെ
ഞാനൊരുപുഷ്പമായ്പൊട്ടിവിരിയും
ഞാനൊരുഗീതമായെങ്ങും മുഴങ്ങും.
ശോകസമാകുലമായ് നീണ്ടതാമീ
ഭീകരരാത്രി പൊട്ടുന്നനെമായും
ശക്തിയുണ്ടാകുമെൻ കൈകൾക്കുമേന്മേൽ
ശാശ്വൽപ്രേമാമൃതമൂറുമെൻനാവിൽ
നിർവൃതിവീചിയിതുകിമറിയും
ദിവ്യതേജസ്സും തെളിയുമെൻകണ്ണിൽ.
മാനവലോകം വെടിഞ്ഞൊരുപക്ഷേ
മാരണൈകാന്തസരണിഞാൻപൂകിൽ
പൂവിരിയാത്തുള്ളോരാശാന്തിഭുവിൻ
പൂഴിപ്പരപ്പിൽ ഞാനാണ്ടുപോമെങ്കിൽ
സംശയമെന്തിന്നു? നിശ്ചയമായും
സംഫുല്ലശ്രീയെഴും ഭാവിയുണ്ടാകും.

*ആശയാനുവാദം

*With best wishes from*

# The Jupiter Cashew Co.,

**Post Box No. 102**

**Exporters, Importers & Manufacturers**

**QUILON-1**

(S. INDIA)

**With best compliments of:**

# SUBRAMONIA SCIENTIFIC INSTRUMENTS

**ATTINGAL P. O.**

KERALA

P. B. No. 3, Phone–34 and 32

**Manufacturers of Lenses, Prisms etc.**

Managing Partner—*S S. Harihara Iyer B. Sc.*

# "മനുഷ്യപുത്രനു തല ചായ്ക്കാൻ"

പി. തുളസിമണി ആചാരി X F

# ലക്ഷംവീട് പദ്ധതി

വീടില്ലാത്ത ഒരുലക്ഷം കേരളീയ കുടുംബങ്ങൾക്ക് "തലചായ്ക്കാൻ" ഇടമുണ്ടാക്കിക്കൊടുക്കാൻ വേണ്ടി സംസ്ഥാന ഗവണ്മെൻറ് ആവിഷ്കരിച്ച മഹത്തായ പദ്ധതിയാണ് 'ലക്ഷംവീട് പദ്ധതി' എന്നറിയപ്പെടുന്നത്. ഒരു കേരളീയ കുടുംബത്തിൽ ശരാശരി അഞ്ചംഗങ്ങളുണ്ടെന്നു കണക്കാക്കിയാൽ ആകെമൊത്തം അഞ്ചുലക്ഷം അശരണർക്ക് ഈ പദ്ധതിമൂലം അന്തിയുറങ്ങാൻ സ്വന്തമായ ഭവനംകിട്ടും. നമ്മുടെ സർക്കാർ ഏറ്റെടുത്തിട്ടുള്ള ഏറ്റവും വലിയ മനുഷ്യസ്നേഹപരമായ പദ്ധതി ഇതുതന്നെയാണ്.

കേരളത്തിൽ മൊത്തം 967 പഞ്ചായത്തുകളാണിപ്പോഴുള്ളത്. ഒരു പഞ്ചായത്തിനു 100 വീട് എന്നതാണ് സർക്കാരിൻെറ ലക്ഷ്യം. ഒരു വീട്ടിനു 2000 രൂപയെന്ന കണക്കനുസരിച്ചായാൽപോലും ഒരുലക്ഷം വീടുകളും പൂർത്തിയാക്കാൻ മൊത്തം 20 കോടി രൂപ ചെലവു പ്രതീക്ഷിക്കണം. നമ്മുടെ കൊച്ചുകേരളത്തിൻെറ ധനശേഷിയുമായി തട്ടിച്ചുനോക്കുമ്പോൾ അത്യന്തം ബൃഹത്തായ ഒരു പദ്ധതിയാണിത്. 1971—ലെ കണക്കനുസരിച്ച് കേരളത്തിലെ ജനസംഖ്യ 213 ലക്ഷംവരും.. അതിൽ 2.35 ശതമാനം പേർക്ക് ഈ പദ്ധതി പ്രയോജനപ്പെടും.

പദ്ധതിക്കാവശ്യമായ പണം ഇന്നാട്ടിലെ ജനങ്ങളിൽനിന്നു സംഭാവനയായി പിരിക്കാനാണുദ്ദേശിക്കുന്നത്. നമ്മുടെ "ട്രാൻസ്പോർട്ട്—ഭവന നിർമ്മാണ" വകുപ്പുമന്ത്രി, ശ്രീ. എം. എൻ. ഗോവിന്ദൻനായർ പദ്ധതിയുടെ വിജയത്തിനു വേണ്ടി അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ധനികരും, ഉദ്യോഗസ്ഥരും, തൊഴിലാളികളും നിർല്ലോഭം സംഭാവന നൽകി വരുന്നു. കേരളത്തിലെ ഉദ്യോഗസ്ഥവൃന്ദം അവരുടെ ഒരു ദിവസത്തെ വരുമാനം ഇതിലേക്കു നൽകുകയുണ്ടായി. വിദ്യാർത്ഥികളും പദ്ധതി വിജയിപ്പിക്കാൻ മുൻകൈയെടുത്തു പണംകൊടുത്തും ശ്രമദാനം ചെയ്തും യഥാശക്തി സഹകരിച്ചുപോരുന്നു. നൂറനാട് കുഷ്ഠരോഗാശുപത്രിയിലെ അന്തേവാസികളും അവരുടെ രണ്ടുനേരത്തെ ആഹാരമുപേക്ഷിച്ചു മിച്ചം പിടിച്ച 2001 രൂപ ലക്ഷംവീട് പദ്ധതിക്കു സംഭാവന ചെയ്തതു് അത്യന്തം ഹൃദയസ്പർശിയായ ഒരു സംഭവമത്രേ! പദ്ധതി വിജയിപ്പിക്കാൻ നമ്മുടെ ജനത പ്രദർശിപ്പിക്കുന്ന താല്പര്യം തെളിയിക്കുന്നതു്, അതിനു സാർവത്രികമായ അംഗീകാരം ലഭിച്ചു കഴിഞ്ഞുവെന്നല്ലേ? നാട്ടിൻ പുറത്തെ ഭ്രഷ്ടരായ പാവങ്ങൾക്കുവേണ്ടി നിർമ്മിച്ച വീടുകളിൽ ആദ്യത്തെ "ബാച്ചിൻെറ" വിതരണം നമ്മുടെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഉൽഘാടനം ചെയ്തുകഴിഞ്ഞു.

ഇങ്ങനെയാക്കെയാണെങ്കിലും; മഹത്തും ബൃഹത്തുമായ പദ്ധതിയുടെ നിസ്സാരമായ ഒരംശം മാത്രമേ നിർവ്വഹിച്ചു കഴിഞ്ഞിട്ടുള്ളു എന്നു് നാം ഓർമ്മിക്കണം. ബാക്കി ജോലിയും തീർക്കേണ്ടതുണ്ട്. അതു് എത്രയും വേഗംവേണംതാനും. അതിനു് ഇന്നാട്ടിലെ ജനത ഒന്നടങ്കം ഉണർന്നു പ്രവർത്തിക്കണം. കഴിയുന്നത്ര അന്യരെ ആശ്രയിക്കാതെ നോക്കണം. ജാതിമത ചിന്തയോ കക്ഷിചിന്തയോ നമ്മെ തീണ്ടരുതു്. അങ്ങനെ പൗരബോധത്തോടെ ഉത്സാഹിച്ചു പരിശ്രമിച്ചാൽ "അസാദ്ധ്യമെന്നുള്ളതു ശബ്ദമാത്രം".

ലക്ഷംവീട് പദ്ധതിക്കു് എൻെറ ഭാവുകാശംസകം!

# മിനർവ കോളജ്

## ആററിങ്ങൽ & വർക്കല

മികച്ച അധ്യയനത്തിനും തികഞ്ഞ അച്ചടക്കത്തിനും
പ്രസിദ്ധിയാർജ്ജിച്ച സ്ഥാപനം

ഞങ്ങൾ നടത്തുന്ന ക്ളാസ്സുകൾ:–

**S S L C (Private and School goings)**

| | |
|---|---|
| I P D C<br>II P D C<br>I D C<br>II D C<br>III D C | **Parallel and College goings** |

മററു ക്ളാസ്സുകൾ:–

**Standard VIII, IX and X**

**(Gas Plant attached Laboratory Facilities)**

Principal,
V. Rajasekharan Nair

# ഹിപ്പിക്കവിത

## ദുരന്തം (ഹാസ്യഭാവന)

എം. ശ്രീകുമാരൻനായർ VIII. I

ഡി. പ്രേംരാജ് X G

1. ലക്ഷണം:—

ഹിപ്പിയായാലൊരു കുപ്പിവേണം
കുപ്പിക്കകത്തുലഹരിവേണം
കഞ്ചാവുചുണ്ടിൽ പുകഞ്ഞീടേണം
കണ്ടിടമൊക്കെയലഞ്ഞീടേണം

2. വേഷം:—

നാട്ടുകാരംതെണ്ടും ഹിപ്പീനിന്നുടെ
വേഷമിതെന്തൊരു കോപ്രായം?
ചപ്രത്തലമുടികണ്ടാലാരും
ഞെട്ടിത്തിരിയും കട്ടായം.

3. എന്തിനു്?

ലോകം മുഴുവൻ തറവാടാക്കിയ
പൈതൃക്കാരാ, ചങ്ങാതീ
തലമുടിനീട്ടിത്താടിവളർത്തി
ത്തപസ്സിരിക്കുവതെന്തേ നീ?

4. നീയാരു്?

പൊട്ടത്തംബുരുകൈകളിലേന്തിയ
ഹിപ്പീ ഹിപ്പീ നീയാരാ?
താളംതെറ്റിയ തലമുറതന്നുടെ
രാഗം മൂളും ഗായകനോ?
യുഗപരിവർത്തനയാഗാശ്വത്തെ
ത്തെളിച്ചു നീങ്ങും നായകനോ?
അസ്വസ്ഥതയുടെ വാലു്മീകത്തിൽ
മുളച്ചുപൊന്തിയ താപസനോ?
സംസ്കാരത്തിൻ നെഞ്ചുപിളർക്കാ
നോടിയണഞ്ഞൊരു ഘാതകനോ?
കീറക്കോട്ടും സൂട്ടുമണിഞ്ഞൊരു
ഹിപ്പീ ഹിപ്പീ നീയാരാ?

5. എവിടന്നു്?

ഭ്രാന്താലയം വിട്ടുപോന്നതാണോ?
ഭ്രാന്തന്റെ വേഷം ചമഞ്ഞതാണോ?
തടവറ ചാടിക്കടന്നതാണോ?
തറവാട്ടം വിറ്റുവരുന്നതാണോ?

പണ്ടൊരപ്പൂപ്പനമ്മൂമ്മയും കൂടി
ഉണ്ടസുഖിച്ചുകഴിഞ്ഞിരുന്നു;
നല്ലൊരുവീടുമതിന്റെ മുറ്റത്തൊരു
തെല്ലുമാം പ്രാവുമുണ്ടായിരുന്നു;
പ്രാവിന്റെ കൊമ്പത്തൊരുദിവസംകറു
വപ്പൂച്ചുപാർക്കുവാൻ വന്നുകൂടി.
വപ്പൂച്ചുറച്ചിക്കറിവച്ചുകൂട്ടുവാൻ
പാവമമ്മൂമ്മകൊതിച്ചിരുന്നു;
അപ്പൂപ്പനോടു പറഞ്ഞു, ''വപ്പൂച്ചിനെ—
ക്കിട്ടിയാലെത്ര നന്നായിരുന്നു?''
അമ്മൂമ്മയെന്തുപറഞ്ഞാലുമപ്പൂപ്പ—
നമ്മട്ടുകാര്യങ്ങൾ ചെയ്തിരുന്നു.
സന്ധ്യകഴിഞ്ഞപ്പോഴം തറുട്ടത്തപ്പൂപ്പൻ
തപ്പിപ്പിടിച്ചുടൻ പ്രാവിൽകേറി.
വപ്പൂച്ചുവീണാലടിക്കുവാനമ്മൂമ്മ
തയ്യാറെടുത്തൊരുലക്കയുമായു്
മെല്ലവേവന്നെത്തിമുട്ടിൽനിന്നങ്ങനെ
പ്പുല്ലില്ലാപ്പുഞ്ചിരിതൂകിനിന്നു.
ചെത്തുപൊടിഞ്ഞൊരു കൊമ്പിൽച്ചുവിട്ടവേ
'പൊത്തോ'യെന്നപ്പൂപ്പൻ താഴെവീണു.
വപ്പൂച്ചുകൊമ്പോടെവീണെന്നതോർത്തിട്ട—
ങ്ങമ്മൂമ്മതല്ലിനാളെല്ലുതോറും!
ഏറ്റംകയർത്തോരടിയേറ്റിട്ടപ്പൂപ്പൻ
ഊറ്റം തകർന്നു മരിച്ചുപോയി!
കാട്ടുതീപോലെയാവാർത്തപരന്നപ്പോഴം
നാട്ടുകാരാകവേഞെട്ടികഷ്ടം!

*With best compliments of:*

**K. C.**
**FISH COMMISSION AGENT**
Market, Alamcode

# നമ്മുടെ സ്കൂൾ

തോന്നയ്ക്കൽ ഭാസി B. A; B. Ed.
**Teacher, B. H. S. Attingal**

(നതോന്നത)

ആറ്റിൻറെയാത്തക്കൈയ്യുകളോമനിച്ചു വളർത്തിയോ
രാറ്റിങ്ങൽ നഗരത്തിൻറെ മണിമുറ്റത്ത്,
മന്ദാനിലൻമാകന്ദത്തോടെന്നും കഥപറയുന്ന
സുന്ദരമാമുദ്യാനത്തിൻ മദ്ധ്യത്തിലായി!
വിജ്ഞാനത്തിൻപൊൻദീപംപോലുജ്ജ്വലിച്ചു പ്രകാശിക്കും
വിദ്യാശയംകാണാം ശാന്തിനികേതമായും
കതിരവൻനിത്യമെത്തികനകകാന്തിവർഷിച്ചു
കമനീയമാക്കുന്നൊരീമലർ വാടിയിൽ
പ്രകൃതിഭംഗികൾവന്നു രസിച്ചുനോക്കിനിൽക്കവേ,
സുകൃതികൾപോലെ പറവകളെത്തുന്നു
പലപലമഹാന്മാരെ വളർത്തിയതാണിക്കോവിൽ
തലമുറകൾവന്നിന്നും നമിച്ചുനിൽപ്പൂ!
ശാസ്ത്രജ്ഞരും കവികളും മന്ത്രിമാരും വളർന്നൊരീ
ക്ഷേത്രംകണ്ടിട്ടവർ ഹർഷബാഷ്പം തൂകുമ്പോൾ,
കൊഞ്ചിക്കൊഞ്ചിപ്പറയുവാൻമാത്രമറിവുനേടിയ
പിഞ്ചോമനകളെത്രയോ കടന്നുവന്നു
പഠിക്കുന്നു, കളിക്കുന്നു, വളരുന്നു, വളർത്തുന്നു,
വിളനിലത്തിങ്കൽ വീണവിത്തുകൾപോലെ.
വിടരുവാൻ പൈമ്പൽ പൂണ്ടകോടികോടി മുകുളങ്ങൾ
വിടരുന്ന നറുമണം പരത്തിടുന്നു.
നന്ദനമാമുദ്യാനത്തിൽ മന്ദാരപുഷ്പങ്ങൾപോലെ
മന്നിനിവരെന്നും പുണ്യമായിത്തീരട്ടെ.

**JAWAHAR ELECTRIC WORKS**
WIRING CONTRACTORS AND ELECTRICAL DEALERS
**ATTINGAL**

Stockists: Philips Lamps, Tubes, Fittings Etc.
Agents for: Ralli Fans, Orient Fans, Kleertone Electrical Appliances Etc.

PROP:- N. SADASIVAN

# ദിവ്യകോകിലം

കിളിമാനൂർ ഉപേന്ദ്രൻ

(കിളിമാനൂർ R. R. V. H. S-ലെ ഒരു അദ്ധ്യാപകനായ
ഇദ്ദേഹം ഉയർന്നു വരുന്ന ഒരു യുവകവിയാണു്.)

മംഗളം തരാൻവരും
കോകിലം, ജീവാത്മാവിൻ
സങ്കടം തീർക്കാനൊരു
ദിവ്യകോകിലം വരും
ശങ്കവേണ്ടിതു സത്യം–
തിങ്കളും താരങ്ങളും
പുഞ്ചിരിച്ചോതുന്നിതു
കോകിലം വരും വരും
വിത്തഗർവ്വത്തിൻ നിഴൽ
ദുഃഖമേകുവാൻ വരും
മർത്ത്യലോകവും നിന്നെ
സംഹരിക്കുവാൻ വരും
മാനസത്തേന്മാവിൻറെ
കൊമ്പിൽ നീ വളർത്തിടും
പൂങ്കുയിൽ നിനക്കായി
ഗാനമാലപിച്ചിടും


സന്ദർശിക്കുക !

വസ്ത്രങ്ങൾക്കു്

മിനി സ്റ്റോഴ്സ്

മെയിൻറോഡ്, ആറ്റിങ്ങൽ.

N. B. ഖദർ വസ്ത്രങ്ങളും വിൽക്കപ്പെടും

പ്രൊ: എം. വാമദേവൻ

# പൊതുശത്രു

പി. തുളസീമണി ആചാരി X F

ആരെയും തല്ലുവാൻ വീര്യംകൊട്ടുക്കുന്ന
ചാരായമാണിവിടിന്നുമുഖ്യം
അല്പമിപ്പാനീയമുള്ളിലിറങ്ങിയാൽ
സ്വപ്നവുമോർക്കില്ല മറ്റാരെയും
അമ്മപെങ്ങന്മാരെപ്പോലും മറന്നിട്ടും
ചെമ്മേയീലോകമേ വിസ്മരിക്കാം.
ഒന്നരത്രുപയ്ക്കുള്ളിൽ കടന്നെന്നാൽ
പിന്നെയവൻ ജഗത്തിന്റെ നാഥൻ!
തല്ലുകൾമേടിച്ചാൽ ദേഹംധരിക്കയി
ല്ലെന്നുള്ളതോന്നലും വന്നെന്നാലും
നല്ലൊരുകൈകൊണ്ടുരണ്ടുകൊള്ളുമ്പോൾ
'മില്ലി'തൻ വീര്യം കുറഞ്ഞുപോകും.
ആരാണീപാനീയമെങ്ങനെ നിർമ്മിച്ചു
പാരുമുടിക്കുന്ന കാളകൂടം?
വർഷങ്ങൾക്കപ്പുറം പാലസ്റ്റീൻ തന്നിലും
പിന്നെയറബികൾതൻനാട്ടിലും
മദ്യപാനംകൊണ്ടുണ്ടായോരനർത്ഥങ്ങ
ളൊക്കെയും സ്മൃതമാട്ടന്നിവിടെ.
നിത്യമിതുകാണും കേരളമാതാവോ
ദുഃഖാബ്ധിതന്നിൽ മുങ്ങുന്നുകഷ്ടം!

"Best Wishes"

M. Prabhakaran Nair

PEOPLE'S HOTEL

ATTINGAL

# പൂവിന്റെ വേദന

ബി. മോഹനദാസ് VIII A

തുടത്ത ആകാശത്തിനു കീഴിൽ തിളങ്ങുന്ന സന്ധ്യാപ്രഭയുടെ ചുവപ്പുനിഴലിൽഅവശം നിന്നു.

തൊട്ടുമുന്നിൽ, യൗവ്വനത്തിലെത്തിയ ഒരു റോസാച്ചെടിയാണു്.

പച്ചിലകൾക്കിടയിൽ, കടുംചുവപ്പു നിറത്തിലുള്ള പൂക്കൾ നിറഞ്ഞുനിൽക്കുന്നു; ചെടിയുടെ പുഞ്ചിരിപോലെ! രോമാഞ്ചംപോലെ!

ചെറിയ മൺകുടത്തിൽനിന്നു് വെള്ളം തളിക്കുമ്പോൾ ശ്രദ്ധിച്ചു; ഒരു പൂവും മൊട്ടും മാത്രമുള്ള ഒരു ചെറുശിഖരം.

പൂവിനുതാഴെയാണു് മൊട്ടു്. പൂവു് മുഴുവൻ വിടർന്നിട്ടുണ്ടു്. ഒരു വശംമാത്രമേ ഇതളുകൾ ഉള്ളൂ. മറുവശത്തെ ഇതളുകൾ കൊടിപ്പോയിരിക്കുന്നു. ചെറിയ സുഗന്ധമുണ്ടു്.

മൊട്ടു് വിടരാൻ വെമ്പിനിൽക്കയാണു്.

ഒരു ഇതൾമാത്രമേ വിടർന്നിട്ടുള്ളൂ. പൂർണ്ണമായി വിടരുമ്പോൾ അതു് എത്രയും സൗകുമാര്യമുള്ളതായിരിക്കുമെന്നു് ഇപ്പോൾതന്നെ അറിയാം.

ഇന്നു പകുതി വിടരുന്നു; നാളെ മുഴുവനും. അപ്പോൾപിന്നെ ഈ പൂവിനെ ആരു ശ്രദ്ധിക്കാൻ? അതോർത്തപ്പോൾ അവൾക്കു ദുഃഖം തോന്നി. നോക്കി നിൽക്കേ ഒരു വണ്ടുവന്നു പൂവിലിരുന്നു. അല്പനേരം തേൻനുകർന്നു. പിന്നെ പൂവിനുചുറ്റും വട്ടമിട്ടു പറന്നു; അസ്വസ്ഥനായി.

പെട്ടെന്നു് അതു് മൊട്ടിന്റെ മുകളിൽ വന്നിരുന്നു. വിടരാത്ത മൊട്ടിനുമേൽ ഇരിക്കുന്ന വണ്ടിനെക്കണ്ടപ്പോൾ അവളുടെ മനസ്സിൽ ദേഷ്യം ഇരച്ചുകയറി; അവൾ വണ്ടിനെ അടിച്ചു, കൈകൾക്കിടയിൽചേർത്തു ഞെരിച്ചുകൊന്നു.

വീണ്ടും മൊട്ടിനെ നോക്കി.

അപ്പോഴും അതുനിന്നു ചിരിക്കുന്നു.

അരിശം വീണ്ടും ഇരച്ചുകയറി.

ക്രൂരമായ ആവേശത്തോടെ മൊട്ടിനെ അവൾ പൊട്ടിച്ചെടുത്തു് കശക്കി ദൂരെ എറിഞ്ഞു.

പെട്ടെന്നാണു് ഞെട്ടിയുണർന്നതു്,

ഇപ്പോൾ മൊട്ടില്ല.

പൂവില്ല.

ചെടിയില്ല.

വണ്ടുമില്ല.

ഉള്ളതു് ഇരുട്ടുമാത്രം. കൂരിരുട്ടുമാത്രം!

ഭാവഭദ്രവും, ആദർശസുന്ദരവുമായ ഒരു കുടുംബചിത്രം!
കേരളത്തിലെ പ്രമുഖകേന്ദ്രങ്ങളിൽ വിജയകരമായി
പ്രദർശനം തുടരുന്നു—

ജനറൽപിക്ചേഴ്സ്

"അച്ചാണി"

പ്രതീക്ഷിക്കുക!

ജനറൽ പിക്ചേഴ്സ് അവതരിപ്പിക്കുന്നു—

എം. ടി. യുടെ

"വളർത്തുമൃഗങ്ങൾ"

എം. ടി. രവി, വിൻസന്റു്.

പ്രതാപ് റിലീസ്

# ഭാരതപുത്രന്റെ കർത്തവ്യം

മധുകുമാർ X D

ജഗദിയുടെയും സുമയുടെയും വിവാഹം കഴിഞ്ഞിട്ട് ഏതാനും ദിവസങ്ങളേ ആയിട്ടുള്ളൂ. നവദമ്പതികൾ മധുവിധു ആഘോഷിക്കുന്ന കാലം. നാലാം ദിവസം ജഗദിയ്ക്ക് ഒരു കമ്പികിട്ടി. ഉടൻ യുദ്ധരംഗത്തെത്തണം. കമ്പി കൈപ്പറ്റി, ജഗദി നിശ്ചലനായി നിന്നുപോയി.

ജഗദി കൈയിൽ കമ്പിയുമായി ഇരിയ്ക്കുമ്പോഴാണ് സുമ കടന്നവന്നതു്. കമ്പി സുമയുടെ കൈയിൽ കൊടുത്തു. അവൾ അതു വായിച്ചു. പക്ഷേ...അവളിൽ യാതൊരു ഭാവപ്പകർച്ചയും ഉണ്ടായില്ല. അവൾ ഇങ്ങനെ പറഞ്ഞു.

"എത്രയും വേഗം ഇവിടെനിന്നും തിരിയ്ക്കണം. രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി എന്തു ത്യാഗവും സഹിക്കണം. അതാണ് ഭാരത പുത്രനായ ജവാന്റെ കർത്തവ്യം. എന്നെ ഓർത്തു് അങ്ങു് വിഷമിക്കണ്ട!".

അപ്പോഴാണ് ജഗദിയ്ക്ക് തന്റെ കർത്തവ്യത്തെപ്പറ്റി ഓർമ്മവന്നതു്. പിറേറദിവസം കിഴക്കു് പ്രഭാത സൂര്യന്റെ പൊൻകിരണങ്ങൾ പടർന്നുതുടങ്ങി. പറവകളുടെ കളകളനാദം കേട്ടുകൊണ്ടാണ് ജഗദി എഴുന്നേറ്റതു്. അവൻ പ്രഭാത കർമ്മങ്ങൾ കഴിഞ്ഞു് ഡ്രസ്സുകൾ പാക്കു ചെയ്യുകയാണ്.

സമയം 9–30. സുമ കരച്ചിൽ അടക്കിപ്പിടിച്ചുകൊണ്ട് ജഗദിയുടെ പിന്നിൽ നിൽക്കുന്നു. അവസാനമായി അമ്മയോടും സുമയോടും യാത്രയും ചോദിച്ചുകൊണ്ട് ജഗദി പടിയിറങ്ങി.

10–45 നു് ചിറയിൻകീഴ് എത്തുന്ന മെയിൽ ട്രയിനിൽ പോകാനായി തിരിച്ചു. ട്രയിനിലിരിയ്ക്കുമ്പോഴെല്ലാം അവന്റെ മനസ്സിൽ തെളിഞ്ഞു നിന്നതു് സുമയുടെ ആ വാക്കുകളായിരുന്നു. "എത്രയുംവേഗം ഇവിടെനിന്നും തിരിയ്ക്കണം. ഭാരത മാതാവിനുവേണ്ടി എന്തു ത്യാഗവും സഹിയ്ക്കണം. അതാണ് ഒരു ഭാരത പുത്രനായ ജവാന്റെ കർത്തവ്യം. എന്നെപ്പറ്റി വിഷമിയ്ക്കണ്ട". ഈ വാക്കുകളാണ് ജഗദിക്കു് ആശ്വാസം നൽകിയതു്.

ജഗദി നാട്ടിൽനിന്നും പോയിട്ട് മാസം ഒന്നര കഴിഞ്ഞു. ഇതുവരെ ജഗദിയെപ്പറ്റി ഒരു വിവരവും അറിയാൻ കഴിഞ്ഞില്ല. സുമ ദിനരാത്രങ്ങളും കണ്ണീരും കൈയ്യുമായി കഴിച്ചു കൂട്ടുകയാണ്. അങ്ങനെ ഇരിക്കെ ഒരു സുപ്രഭാതത്തിൽ പത്രവാർത്തകണ്ടു. "പാകിസ്ഥാനും ഭാരതവുമായുള്ള യുദ്ധം അവസാനിച്ചു. ഭാരതം വിജയിച്ചു". ഈ വാർത്ത ഭാരതീയരെ വളരെയധികം ആനന്ദിപ്പിച്ചു.

ഒരു ദിവസം ജഗദിയുടെ ഒരു കത്തുവന്നു.

എന്റെ എത്രയും സ്നേഹം നിറഞ്ഞ സുമയ്ക്ക്,

ഞാൻ ഇതുവരെ ഖേദമറിയിയ്ക്കാത്തതിൽ എന്നോടു് പിണങ്ങരുതു്. യുദ്ധം അവസാനിച്ചതു് പത്രം മുഖേന നീയും അറിഞ്ഞുകാണുമെന്നു് വിശ്വസിയ്ക്കുന്നു. എനിക്കു് ഒരു അപായവും പറ്റിയില്ല. എല്ലാം നിന്റെ കാരുണ്യംകൊണ്ടുതന്നെയാണ്. ഭഗവാൻ നമ്മെ അനുഗ്രഹിച്ചു. വരുന്ന ബുധനാഴ്ച ഞാൻ നാട്ടിലേയ്ക്കു തിരിയ്ക്കുന്നതാണ്. കത്തു ചുരുക്കട്ടെ.

എന്നു്,

നിന്റെ ജഗദി.

*With best compliments of:-*

**Popular Medical Stores**
**Varkala**

# "അമ്മയെ തേടി"

കെ. ഗോപാലകൃഷ്ണൻനായർ X G

സ്വന്തം നാട്ടും വീട്ടും വളരെ പിന്നിലാക്കി അവൻ നടന്നു. കാലുകൾ അതിവേഗം മുന്നോട്ടു നീങ്ങുകയാണു്. ആ കൂരിരുട്ടിൽ ഏതോ അജ്ഞാതമായ ലക്ഷ്യം അവനെ മാടിവിളിക്കുകയാണു്.

അലറി പാഞ്ഞുകൊണ്ടിരുന്ന നഗരം നിശയുടെ മാറാലവീണപ്പോൾ കടലിനോടടുത്ത നദി പോലെ ശാന്തമായി. തന്റെ കൂട്ടുകാരെല്ലാം ഇപ്പോൾ സുഖനിദ്രയിലായിരിക്കും. പ്രിയസുഹൃത്തുക്കളായ രവിയും ബാലുവും അവരുടെ വീട്ടിനുള്ളിൽ പട്ടുമെത്തകളിൽ കിടന്നു് സുഖമായി ഉറങ്ങുന്നുണ്ടാവും. കളിക്കൂട്ടുകാരായ ചിപ്പുവും മോളിയും തന്റെ കിടക്കയ്ക്കരുകിൽ പതുങ്ങി കിടക്കുകയായിരിക്കും. അതോ തന്നെ കാണാത്തതിനാൽ ഉച്ചത്തിൽ കരയുകയായിരിക്കുമോ? മോളി രണ്ടു ദിവസമായിട്ടു പിണക്കമായിരുന്നു. താൻ അവൾക്കു പാലു് ഒഴിച്ചു കൊടുക്കുമ്പോൾ കൈയിലൊരു കടി. ഒരു പക്ഷേ അവൾ സ്നേഹത്തോടെ കടിച്ചതായിരിക്കും. നന്നേ വേദനിച്ചു. പെട്ടെന്നുണ്ടായദ്വേഷ്യത്തിൽ താനതിന്റെ ചെവിക്കു പിടിച്ചു് തിരുകി. അവൾ വേദനയോടെ "ങ്യാവ്യൂ" എന്നു വിളിച്ചുകൊണ്ടു് ഓടിപ്പോയി. പിന്നീടു് ഇതുവരെ തന്റെ അടുത്തവൾ വന്നില്ല. അവളും പിണങ്ങിയിരിക്കും. ചിപ്പു അങ്ങനെയല്ല. താനെന്തു ചെയ്യാലും അവനു പരിഭവമില്ല. എവിടെ പോയാലും പുറകെ നടക്കും. എന്തു് സ്നേഹമുള്ള പട്ടിയാണെന്നോ. മോളിയും ചിപ്പുവും കൂടി ഉണ്ടായിരുന്നെങ്കിൽ എന്തു രസമായിരുന്നു.

ഹോ...എന്തൊരു തണുപ്പു്. കൈകൾ നെഞ്ചിനു കുറുകെ കെട്ടിപിണച്ചുകൊണ്ടു് നടന്നു. പല്ലുകൾ തമ്മിൽ കൂട്ടിമുട്ടി. അവർക്കു പരിശ്രമം തുടങ്ങി. താടി വെട്ടിവിറയ്ക്കുന്ന തണുപ്പു്. നിമിഷങ്ങൾ കഴിയുന്തോറും രാത്രിയുടെ കട്ടപിടിച്ച ഇരുട്ടു് താഴേയ്ക്കിറങ്ങി വരുന്നതുപോലെ തോന്നുന്നു. എന്നിട്ടും ഒരു ഭയവും കൂടാതെ അകലുകയാണു്. മുമ്പിൽ കാണുന്ന പ്രഭാപൂരിതമായ ആ രൂപത്തിലേക്കു് അടുക്കുന്തോറും അതു് കൂടുതൽ കൂടുതൽ അകലുന്നു. സ്വന്തം ഭാവനയിലൂടെ അതിനു് രൂപവും ഭാവവും കൊടുക്കാൻ ശ്രമിച്ചു.

'അമ്മ'—ആകാംക്ഷയോടെ ആ രൂപത്തെ ഉറ്റുനോക്കി. എന്റെ അമ്മ, എന്നെ നൊന്തു പ്രസവിച്ച അമ്മ...മനസ്സിൽ അജ്ഞാതമായ ഒരു രൂപം തെളിയുന്നു. ഇതായിരിക്കുമോ എന്റെ അമ്മ! ആ രൂപം അവനെനോക്കി സ്നേഹപൂർവ്വം ചിരിച്ചു. തന്നിലേക്കുവരാൻ കൈകൾ നീട്ടി.

ഓർമ്മവച്ച നാളുമുതലറിയാം ചേച്ചിയമ്മ അല്ല തന്റെ അമ്മയെന്നു്. എന്നാലും എന്റെ പെറ്റമ്മയെ അവരിലൂടെ കാണാൻ ശ്രമിച്ചു. സ്വന്തം അമ്മയെപോലെ ചേച്ചിഅമ്മയെ കരുതി. സ്കൂളിൽ നിന്നു വരുമ്പോൾ കൂട്ടുകാർ കളിയാക്കിയിട്ടുണ്ടു്. "എടാ രാജാ നിന്നെ നിന്റെ ചേച്ചിയമ്മയ്ക്കു് കളഞ്ഞുകിട്ടിയതാ". അന്നൊക്കെ അവരോടു് തനിക്കു് കൂടുത്ത പകയായിരുന്നു. അവനെയെല്ലാം പിച്ചിച്ചീന്താൻവരെ തുനിഞ്ഞിട്ടുണ്ടു്. അന്നൊന്നും തന്റെ അമ്മയെ ചേച്ചിയമ്മയിലൂടെയല്ലാതെ കാണാൻ കഴിഞ്ഞിട്ടില്ല. അമ്മയെക്കാളേറെ വാത്സല്യമുള്ള ചേച്ചിയമ്മ പിന്നെന്താണു് ഇന്നു് ഇങ്ങനെ കാണിച്ചതു്. എത്ര ആലോചിച്ചിട്ടും ഒരു പിടിയും കിട്ടുന്നില്ല.

നടന്നു നടന്നു വൈദ്യുതദീപങ്ങളാൽ പ്രശോഭിതമായ ഒരു കവലയിലെത്തി. പകൽ പോലെയുള്ള ആ പ്രകാശധാരണിയിൽ ഒരു പറ്റം പുമട്ടുപിള്ളേർ റോഡിന്റെ മൂലകളിൽ ഓട്ടുകയും ചാടുകയും, തമ്മിലടിക്കുകയും നിലവിളിക്കുകയും—ആകെ ഒരു ബഹളംതന്നെ. അവരുടെ കൂത്തിനൊത്തു് ഉറ്റബന്ധുക്കളായ രണ്ടുമൂന്നു് കവലപട്ടികളും ഉണ്ടു്. പകലുമുഴുവൻ എച്ചിൽ ഇലകൾക്കുവേണ്ടി കടിപിടികൂടി ഒരുവിധം വയറുനിറച്ചു് രാത്രിയിൽ എല്ലാം മറന്നു് അവർ കളിച്ചു് ഉല്ലസിക്കുകയാണു്. താനും അവരുടെ കൂട്ടത്തിൽ പെട്ടവനല്ലേ. തനിക്കും അച്ഛനും അമ്മയും ഇല്ല അവരും താനും അനാഥരാണു്. ഒരു നിമിഷം ആലോചിച്ചുപോയി. താൻ അനാഥനാണോ. അല്ല,

With the best compliments of:-

# Sreekumar Cashew Traders

Post Box No. 2

**KILIMANOOR**

Phone:
Office 51, 57, 37
Resi: 31

Gram:
SREEKUMAR

ഒരിക്കലുമല്ല. ചേച്ചിഅമ്മയുടെ രൂപമാണു മനസ്സിൽ നിറഞ്ഞു നിന്നതു്. പക്ഷെ ചേച്ചിയമ്മയുടെ ആ പരുപരുത്ത ശബ്ദം വീണ്ടും മുഴങ്ങി. അതു് തനിക്കു ചുറ്റും മാറ്റൊലികൊണ്ടു. "സ്നേഹമില്ലാത്തശവം. അല്ലെങ്കിലിവനിതു കാണിക്കുമോ. തന്തേം തള്ളേം ഇല്ലാത്തതിനെ പിടിച്ചു വളർത്തിയതിന്റെ കുലീ".

കതകിന്റെ മറവിൽ നിന്നുകൊണ്ടു് കാലിന്റെ വണ്ണയിൽ തെണ്ടുകിടക്കുന്ന അടിയുടെ പാടിൽനോക്കി വിങ്ങിവിങ്ങിക്കരഞ്ഞു. അല്ലെങ്കിലും കുഞ്ഞുമോൻ പിറന്നേപിന്നെ ചേച്ചിയമ്മയ്ക്കു് തന്നോടു് വലിയ ദ്വേഷ്യമാണു്. തൊട്ടതിനും പിടിച്ചതിനും ഒക്കെ തല്ലും. ഇപ്പോഴും താനൊരു അധികപ്പറ്റായി. അറിഞ്ഞുകൊണ്ടു് കുഞ്ഞുമോനെ തള്ളിയിട്ടതാണോ. തന്റെ കയ്യിൽനിന്നും അവൻ കുതറി ചാടിയതല്ലേ. അവന്റെ നെറ്റിയിൽനിന്നും ചോര ഒലിച്ചപ്പോഴും എന്തോ ഒരു വലിയ അപരാധം ചെയ്തതുപോലെ മനസ്സു മന്ത്രിച്ചു.

എത്രയായാലും ചേച്ചിയമ്മയ്ക്കു് കുഞ്ഞുമോനോടായിരിക്കും കൂടുതൽ സ്നേഹം. ചേച്ചിയമ്മയുടെ സ്വന്തം മകനല്ലേ അവൻ. ഇനിതാൻ അവിടെ നിന്നാലും ചേച്ചിയമ്മയ്ക്കു് തന്നോടു് കൂടുതൽ ദ്വേഷ്യമേ തോന്നൂ. ഈ തെരുവിൽ എത്രയെത്ര അനാഥർ ചുരുണ്ടുകൂടി കിടക്കുന്നു. എത്രയെത്ര അനാഥപിള്ളേർ സങ്കടത്തിന്റെ ഒരു കരിനിഴലുപോലുമില്ലാതെ ഈ അർദ്ധരാത്രിസമയത്തു് ഉല്ലാസത്തോടെ കളിക്കുന്നു. താനും അവരിലൊരാളായി മാറും.

ഇരുട്ടിനെ വിരട്ടിഓടിക്കുന്ന വൈദ്യുതദീപങ്ങളുടെ നേരെ വീണ്ടും ഒരു പറ്റം ഈയാംപാറ്റകൾ പാഞ്ഞുവന്നു. അവിടം മുഴുവൻ അവരുടെ സാമ്രാജ്യം ആക്കിയിരിക്കുന്നു. ഒരു രാത്രിയിലേക്കു മാത്രം. പുലരുമ്പോൾ അവയുടെ ചിറകുകൾ മാത്രം ചുവട്ടിൽ കുന്നുകൂടി കിടക്കും.

ഒരു പക്ഷേ ദിവാകരൻ ചിറ്റ (ചേച്ചിയമ്മയുടെ ഭർത്താവു്, താൻ അങ്ങനെയാണു് വിളിക്കുന്നതു്.) നാളെ അന്വേഷിച്ചിറങ്ങുമായിരിക്കും. എന്നാലും താനിന്നു വളരെ ദൂരെയാണു്. അവർക്കു് ഇന്നു മുതൽ താൻ ആരുമല്ല. തനിക്കു് അവരും.


# APPROVED & SUITABLE

## MALAYALAM BOOKS
PUBLICATIONS OF
N. B. S., Current, Touring, Vidyarthimithram, Victory Etc.,

## ENGLISH BOOKS
PUBLICATIONS OF
Oxford, Macmillan, Children's Book Trust, N. C. E. R. T. Etc,

## HINDI BOOKS
PUBLICATIONS OF:—Rajpal & Sons Etc.,
And
Publications of State Institute of Languages, Kerala

CONTACT

# Sree Narasimha Vilasom Book Depot

**Thuravoor** **Sherthallay**

Phone: KUTHIATHODE 43

അടുത്തുള്ള ഒരു കടയുടെ ക്ലാസ്സിടയിൽ നിന്നു് ഒരു ''നരിച്ചിൽ'' തലയ്ക്കുമുകളിലൂടെ പറന്നുപോയി. അതിന്റെ കുഞ്ഞുങ്ങൾക്കു് ഭക്ഷണം തേടി ആയിരിക്കും.

ഹാ...നല്ല ഉറക്കം വരുന്നു. ഇനി നടക്കാൻ കഴിയില്ല. കാലുകൾക്കു വേഗതകുറഞ്ഞു. എത്ര മണിക്കൂറായി ഒരിടത്തുപോലും നിൽക്കാതെ നടക്കുന്നു. നടന്നു നടന്നു ഒരു ഒഴിഞ്ഞ തെരുവീഥിയിലെത്തി. ഇടവിട്ടിടവിട്ടു് കത്തിനിൽക്കുന്ന വൈദ്യുതദീപത്തിന്റെ പ്രകാശം മാത്രമായി വഴികാട്ടി. എങ്ങുനിന്നോ പാലപ്പൂവിന്റെ ഗന്ധമേറ്റ ഒരു കുളിർകാറ്റു് തന്റെ മേലാകെ തട്ടി ഉരുമ്മി കടന്നുപോയി.

വയ്യ, ഇനി നടന്നാൽ തലകറങ്ങിവീണുപോകും. മുന്നിൽ കണ്ട ഒരു പീടികയുടെ തട്ടിൽ കയറിക്കിടന്നു. പെട്ടെന്നു് നിക്കറിന്റെ പാക്കറ്റിൽ പരതി. ങ! ഉണ്ടു്. ബാലുവിന്റെ കയ്യിൽ നിന്നും കഴിഞ്ഞദിവസം കടം വാങ്ങിയ പതിനഞ്ചു പൈസ! അതു് തന്നെനോക്കി പൊട്ടിച്ചിരിച്ചു പരിഹസിച്ചു. ഈ പതിനഞ്ചുപൈസയിൽ നിന്നുവേണം തനിക്കു ജീവിക്കാൻ. അതു് പോക്കറ്റിൽതന്നെ ഭദ്രമായി നിക്ഷേപിച്ചു. അവശരായ കൺപോളകൾ വിശ്രമത്തിനായി അടഞ്ഞു.

എത്രനേരമുറങ്ങിയെന്നറിയില്ല. ആരൊക്കെയോ നടന്നു വരുന്ന കാൽശബ്ദം കേട്ടു് ഞെട്ടിയുണർന്നു. കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. കറുത്തിരുണ്ട മൂന്നാലുപേർ. കൊമ്പൻമീശകളും, ചുറിച്ചകണ്ണുകളുമുള്ള നാലുപേർ. എന്തിനാണു് അവർ തന്നെറേടെ വരുന്നതു്. ഒരുപക്ഷെ, ദിവാകരൻ പറഞ്ഞയച്ചവരായിരിക്കുമോ? അവരുടെ കൈയിൽ എന്തൊക്കെയോ ഇരിക്കുന്നു. എന്തോ പണിസാധനങ്ങളാണെന്നു തോന്നുന്നു. ആ അഴുക്കുപിടിച്ച തട്ടുപലകയിൽ അനക്കമില്ലാതെ അമർന്നു കിടന്നു. ശരീരം ആകെ വിയർക്കുന്നു. ഉള്ളിലാകെ ഒരു പരിഭ്രമം. അതാ, അവരിങ്ങടുത്തുവന്നു. ഹൃദയത്തുടിപ്പിന്റെ വേഗത ഇരട്ടിച്ചിരിക്കുന്നു. തനിക്കു പേടിയാകുന്നു. നാലു ചുറ്റുംനോക്കി. ആരുമില്ല, തന്നെ രക്ഷിക്കാൻ ആരുമില്ല. താൻ ഭയംകൊണ്ടു് വിറയ്ക്കുകയാണു്. അടുത്തു എത്തിയതിനുശേഷമാണു് അവർ തന്നെക്കണ്ടതു്. എന്തോ പറഞ്ഞു് അവർ അടക്കിച്ചിരിക്കുന്നു, തന്റെ കാര്യമായിരിക്കും. അവരുടെ കൈയിൽ എന്തൊക്കെയാണിരിക്കുന്നതു്. കാരി, നിരവ്കമ്പി, ഇരുമ്പ്പാര, എല്ലാമുണ്ടു്. 'കള്ളന്മാർ', ഉറക്കെ വിളിക്കണമെന്നു തോന്നി. പക്ഷെ ശബ്ദം തൊണ്ടയിലെവിടയോ കുരുങ്ങിക്കിടക്കുന്നു.

ആ കറുത്തമനുഷ്യരിൽ ഒരുത്തൻ തന്റെ വായ് മൂടികൊണ്ടു് തന്നെ ഒരു പൂച്ചകുട്ടിയെപ്പോലെ പൊക്കിയെടുത്തു. ആ ബലിഷ്ഠങ്ങളായ കൈകളിൽ കിടന്നു പിടഞ്ഞു. എല്ലാ ശക്തിയും സംഭരിച്ചു് ഉറക്കെവിളിച്ചു. 'ചേച്ചിയമ്മേ'.

''എന്താ മോനെ, എന്താ...'' പെട്ടെന്നു് കണ്ണുതുറന്നുനോക്കി. ങേ! താനെവിടെയാണു്. തന്റെ അടുത്തു തന്നെ കെട്ടിപിടിച്ചുകൊണ്ടു് കിടക്കുന്നതു് ചേച്ചിയമ്മയല്ലേ. കുഞ്ഞുമോനല്ലേ ആ തൊട്ടിലിൽ.

ങേ...താനെവിടെയായിരുന്നു. പൊട്ടികരഞ്ഞുകൊണ്ടു് ചേച്ചിയമ്മയെ ഒന്നുകൂടി പറ്റിച്ചേർന്നു കിടന്നു. തന്റെ തേങ്ങലുകൾ വീണ്ടും വീണ്ടും വളരെ സമയം അവിടമാകെ ചിതറികിടന്നു.

പുളിമാത്തു് പഞ്ചായത്തിൽ, വാമനപുരം ദേവസ്വം ബോർഡ് ഹൈസ്കൂളിൽ നിന്നും 1973'–74 അദ്ധ്യയനവർഷം, S S L C പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കോടുകൂടി പാസ്സാകുന്ന കുട്ടിക്കു് പഞ്ചായത്തിൽ നിന്നും 101 രൂപാ പാരിതോഷികം നൽകുന്നതാണു്.

എക്സിക്യൂട്ടീവ് ആഫീസർ, പുളിമാത്തു് പഞ്ചായത്തു്.

# ഒരു ചിത്രകാരൻ

കെ. വേണു IX E

സംസ്കൃത സാഹിത്യാചാര്യന്മാരിൽ അഗ്രഗണ്യനായ മഹാകവി കാളിദാസന്റെ 'അഭിജ്ഞാന ശാകുന്തള'ത്തെ കുറിച്ചാണ് ഇന്ന് നമുക്ക് പഠിക്കുവാനുള്ളത്. ഈ നാടകത്തിലെ നായിക ശകുന്തളയാണ്. കണ്വാശ്രമത്തിൽ സഖികളോടും മാൻകുട്ടിയോടുമൊപ്പം കളിച്ചു രസിച്ചു വളർന്ന നിഷ്കളങ്കയായ ശകുന്തളയെപ്പോലൊരു നായികയെ സൃഷ്ടിക്കാൻ മറ്റു വിശ്വസാഹിത്യ നായകന്മാർക്കാർക്കും ഇതേവരെ കഴിഞ്ഞിട്ടില്ല; കാളിദാസനല്ലാതെ. ഒരധ്യാപകൻ ശാകുന്തളത്തെക്കുറിച്ച് ഒരു ക്ലാസ്സെനയിക്കുന്നു. എല്ലാ വിദ്യാർത്ഥികളും അധ്യാപകന്റെ വാക്കുകളിൽ ദത്തശ്രദ്ധരായിരിക്കുന്നു. നിറഞ്ഞ നിശ്ശബ്ദതയും നിറഞ്ഞ ക്ലാസ്സും. ആ അധ്യാപകന്റെ വാക്കുകൾക്ക് ദ്രുഢതകൂടി. വാചകങ്ങളും അനസ്യൂതമായി പ്രവഹിക്കുന്നു. മധ്യത്തെബഞ്ചിൽ മൂന്നാമതിരിക്കുന്ന ഒരു വിദ്യാർത്ഥി എന്തോ കുത്തിക്കുറിക്കുന്നതു് കണ്ട അധ്യാപകൻ ചോദിച്ചു. ''മോഹൻ എന്താ എഴുതുന്നത്?'' അവന്റെ തൊട്ടടുത്തിരുന്ന മറ്റൊരു വിദ്യാർത്ഥി വിളിച്ചു പറഞ്ഞു—''പടം വരയ്ക്കുന്നു സാർ'', അദ്ധ്യാപകന്റെ മുഖം ചുവന്നു. മോഹന്റെ സമീപത്തേയ്ക്കുചെന്നു തറപ്പിച്ചു ഒരു നോട്ടം ആ കടലാസ് കൈയ്യിലാക്കി. എന്നിട്ടൊരുഗ്രൻ ശാസന **'stand up and get out'**. മോഹൻ വെളിയിലേക്കിറങ്ങിപ്പോയി. അധ്യാപകൻ ആ കടലാസുകഷണം ചുരുട്ടി വെളിയിലേക്കെറിഞ്ഞു. അതുവഴി നടന്നുവന്ന പ്രധാനാധ്യാപകൻ ആ കടലാസ് കൈയിലെടുത്തു നിവർത്തുനോക്കി. ഒരു പെൺകുട്ടിയുടെ ചിത്രം. സൂക്ഷിച്ചുനോക്കി. കണ്വാശ്രമത്തിലെ ശകുന്തളയുടേതു പോലൊരു ചിത്രം. ആ കടലാസുമായി ആഫീസ് റൂമിലേക്ക് ഹെഡ്മാസ്റ്റർ നടക്കുമ്പോഴും വിവിധ വികാരങ്ങളെകൊണ്ട് ആ ഹൃദയം തുടിക്കുകയായിരുന്നു. ഈ ചിത്രം വരയ്ക്കാൻ കഴിവുള്ള ഈ വിദ്യാർത്ഥിയെ ഒന്നു കണ്ടുപിടിക്കണം. അത്രയ്ക്കും മനോഹരമാണ് ആ ചിത്രം. പെൻസിൽ കൊണ്ടുമാത്രം വരച്ച ഈ ചിത്രം ഇത്രയ്ക്കു ഭംഗിയാണെങ്കിൽ ചിത്രരചനയ്ക്കു വേണ്ട ചായക്കൂട്ടുകളുണ്ടെങ്കിൽ പിക്കാസോയെ വെല്ലുമല്ലോ—എന്നൊക്കെ മനസ്സിൽ ചിന്തിച്ചുകൊണ്ടിരിക്കുപ്പോഴും അതാ ഒരു കുട്ടിയേയും ചെവിക്കു പിടിച്ചുകൊണ്ട് ഒരധ്യാപകൻ കടന്നുവരുന്നു. മോഹനനെ ചെവിക്കു പിടിച്ചു ആഫീസ് റൂമിലേയ്ക്ക് നയിക്കുന്നതു് ഇതാദ്യമായിട്ടല്ലാ. അതുമും വികൃതി ആയിരുന്ന മോഹനൻ. ആ കുട്ടിയെ കണ്ടപ്പോഴുംതന്നെ ഉഗ്രമായ ദേഷ്യത്തിൽ അധ്യാപകൻ അവനെ തുറിച്ചുനോക്കി. മേശമേലിരുന്ന ചൂരൽ എടുത്തു് നിവർത്തു് ശരിയാക്കിവച്ചു. ''സാർ ക്ലാസ്സിൽ പൊയ്ക്കോള്ളൂ'' ഹെഡ്മാസ്റ്റർ പറഞ്ഞു. അധ്യാപകൻ ഇറങ്ങിനടന്നു. ആ കുട്ടി ചെയ്തതെറ്റ് ഹെഡ്മാസ്റ്റരെ അറിയിച്ചില്ലാ. ഹെഡ്മാസ്റ്റർ അവനെ അടിയ്ക്കാൻവേണ്ടി തിരിച്ചുനിർത്തി. പേടിച്ചുവിറച്ച ആ വിദ്യാർത്ഥി ഉറക്കെ പറഞ്ഞുപോയി—ഞാൻ ഒരു തെറ്റും ചെയ്തില്ലസാർ, സാർ ക്ലാസ്സിൽ അവതരിപ്പിച്ച ശകുന്തളയെ ഞാൻ കടലാസ്സിൽ പകർത്തി, അത്രമാത്രം! ഇനി ഒരിയ്ക്കലും ഞാൻ ഈ തെറ്റ് ആവർത്തിക്കില്ലാ. അടിയ്ക്കാനൊരുങ്ങിയ

*With best wishes from:-*

PHONE NO. 16

**A. Mohamed Mytheen Company**

GENERAL MERCHANT,

**ATTINGAL P. O., Kerala State.**

കൈത്തണ്ടകൊണ്ട് അറിയാതെ താഴ്ത്തിപോയി. ഹെഡ്മാസ്റ്ററുടെ മുഖത്തു ചില ഭാവഭേദങ്ങൾ ദൃശ്യമായി. പെട്ടെന്ന് അദ്ദേഹം കസേരയിൽ ഇരുന്നു. എന്നിട്ട് അവനോട് ഗൌരവം വിടാതെതന്നെ ചോദിച്ചു. ''ഈ ചിത്രം വരച്ചത് നീ ആണോ'' മേശമേലിരുന്ന ചിത്രം അവനെ കാണിച്ചു. അതേ സാർ–ഭയന്നിട്ടാണെങ്കിലും അവൻ മറുപടി പറഞ്ഞു. നിന്റെ പേരെന്താണ്? ഹെഡ്മാസ്റ്റർ അവനെ കുറിച്ച് അറിയാനുള്ള ഉൽക്കണ്ഠയോട് ചോദിച്ചു. 'മോഹനൻ' അവൻ മറുപടി നൽകി.

വീട്ടിൽ ആരൊക്കെഉണ്ട്?

ഞാനും അമ്മയും മാത്രമേഉള്ളു. അമ്മ ഒരു വീട്ടിൽ ജോലിക്കു നിൽക്കുന്നു. ഇയാൾ പൊസ്റ്റൊള്ളു. അവൻ ഇറങ്ങി നടന്നു. നടന്നു പോകുമ്പോൾ അവൻ വിചാരിച്ചു. എനിക്കൊരു ജോലി കിട്ടിയിട്ടവേണം എന്റെ അമ്മയുടെ വേദനയെ മാറ്റുവാൻ—അവൻ നടന്നു ക്ലാസ്സിൽ കയറിയപ്പോൾ മറ്റു കുട്ടികൾ അട്ടഹസിച്ചു, പരിഹസിച്ചു. അവൻ മിണ്ടിയില്ല. നാളുകൾ പലതു കടന്നുപോയി. മോഹനൻ S. S. L. C. പാസ്സായി. ഫസ്റ്റ്ക്ലാസ്സിനോടടുപ്പിച്ച് മാർക്കുവാങ്ങി. ചിത്രം വരയ്ക്കാൻ മാത്രം പണം ആവശ്യമില്ലാത്ത ആ ചുറ്റുപാടിൽ കോളേജിൽ ചേരാൻ അവനു കഴിഞ്ഞില്ല. ജീവിയ്ക്കാൻവേണ്ടി വെള്ളപൂശിയ വെളുത്ത ചുവരുകളിൽ ചിത്രം വരയ്ക്കാൻ ആരംഭിച്ചു. ഓരോ ചിത്രവും വരച്ചു കഴിയുമ്പോൾ ചില ചില്ലറ നാണയങ്ങൾ അവന്റെ മുമ്പിൽ വന്നു വീഴും. ചില ദിവസങ്ങളിൽ ഒന്നും ലഭിക്കാറില്ല. ചിലർ കടയുടെ ചുവരിൽ ചിത്രം വരയ്ക്കാൻ അവനെ ക്ഷണിച്ചു. അവരും അവനു ചില്ലറ നാണയങ്ങൾ മാത്രം സമ്മാനിച്ചു. ആ വിധത്തിൽ ജീവിതത്തെ മുന്നോട്ടു നയിക്കുവാൻ മാത്രമേ ആ കലാകാരനു കഴിഞ്ഞുള്ളു. ഒരിക്കൽ ചുവരിൽ പടം വരച്ചുകൊണ്ടു നിൽക്കുമ്പോൾ അവനെ ശിക്ഷിച്ച അധ്യാപകൻ അതുകണ്ടു. അയാളുടെ കണ്ണുകൾ ഒരു നിമിഷം ഒന്നടഞ്ഞുപോയി. ആ അധ്യാപകനും വിവിധ ചിന്തകളിലൂടെ കടന്നുപോയി; പോക്കറ്റിൽനിന്നു ഒരു നാണയം അവന്റെ മുന്നിലേയ്ക്കു വലിച്ചെറിഞ്ഞു. ജോലികിട്ടി അമ്മയുടെ ദുഃഖത്തെ ദൂരീകരിക്കാൻ ശ്രമിച്ച ആ കലാകാരന്റെ ആഗ്രഹം, മഴത്തുള്ളികൾ വീണു മായാറായ അവന്റെ ചിത്രംപോലെ അവ്യക്തമായിത്തീർന്നു. അതോടൊപ്പം അവ്യക്തമായ ചില അക്ഷരങ്ങൾ ഹൃദയത്തിലൂടെമാത്രം പുറത്തു വന്നു. ''കലാകാരൻ അവഗണിക്കപ്പെട്ടു''.


**With the best compliments of:-**

Saroz Medical Centre

ATTINGAL

Phone: 181

# മണ്ടൻ കൃഷ്ണൻ

എസ്. കെ. വസുന്ധരൻ IX A

കൃഷ്ണൻ അവനവഞ്ചേരി ഗ്രാമത്തിലെ ഏറ്റവും വലിയ, മരമണ്ടനാണ്.

ധാരാളം ധനം പിതൃസ്വത്തായി അവനു് ലഭിച്ചു. അതു് അത്രയും ആളകന്നു തട്ടിച്ചെലവഴിച്ചു.

ഇപ്പോഴും ഒരു കൊച്ചു ഓലപ്പുരയും, മുറ്റത്തുള്ള ഒരു വരിക്കപ്ലാവും മാത്രം സ്വത്തായിട്ടുണ്ടു്.

ഓ, അതും ആമണ്ടശിരോമണി നശിപ്പിക്കാൻ പോകുന്നു.

"കഴിഞ്ഞവർഷത്തിൽ അവന്റെ പ്ലാവിൽ ധാരാളം ചക്ക ഉണ്ടായിരുന്നു. അതു മുഴവൻ പഴുപ്പിച്ചു് പട്ടണമായ ആറ്റിങ്ങൽ കൊണ്ടുപോയി വിറ്റു, രൂപ കള്ളഷാപ്പിൽ കൊടുത്തു".

ചക്കക്കാലം പറന്നുപോയി. എങ്ങും ക്ഷാമം. ഇപ്പോഴും ഇഷ്ടനു് കള്ളകുടിയ്ക്കാൻ പോയിട്ടു് ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ല.

വെളുപ്പാൻകാലത്തെ എണീറ്റു് ഉമ്മറത്തു് കുത്തിയിരുന്നുകൊണ്ടു് തന്റെ പ്ലാവിനെ പറ്റി ചിന്തിച്ചു. "ഇനി എന്നു് ചക്കവരും. ഹ! കഴിഞ്ഞവർഷത്തെ ചക്കത്തുടുപ്പുകളും ഇപ്പോഴും ഉണങ്ങിനിൽക്കുന്നു. ഒറ്റ ചക്കപോലും ഇലയിൽ കായ്ച്ചിട്ടില്ല. എല്ലാം തടിയിലാണു്. പിന്നെ ഈ ഇലകൊണ്ടു് എന്തു പ്രയോജനം? ഇലയെല്ലാം എടുത്തു് പട്ടണത്തിൽ കൊണ്ടുകൊടുത്താൽ വല്ലതും കിട്ടും. ആ സ്ഥലത്തു കൂടി ചക്ക കായ്ക്കും".

അവൻ ആ പ്ലാവിലുള്ള എല്ലാ ഇലകളും അടർത്തി എടുത്തു. കൂടകളിൽ നിറച്ചു് ചന്തയിൽ കൊണ്ടുപോയി.

കഷ്ടം! ആളകന്നു നോക്കീകൊണ്ടു് പോയതല്ലാതെ ഒന്നും പറഞ്ഞില്ല. അവസാനം ഒരു അമ്മുമ്മ പറഞ്ഞു. "കിഷ്ടാ ഇതു് ഉണക്കിക്കൊണ്ടു വന്നാൽ ആളകന്നു തീ എരിപ്പാൻ മേടിയ്ക്കും".

കൃഷ്ണനു് സന്തോഷമായി. അവൻ നാലിന്നു് അവ നല്ലപോലെ ഉണക്കി ചന്തയിൽ കൊണ്ടുവച്ചു. അപ്പോഴും വിചാരിച്ചു "ഇവിടെ കുത്തിയിരുന്നാൽ പോര, ആളകളെ എല്ലാം ഇങ്ങോട്ടു വിളിച്ചു വരുത്തണം".

ചന്തകൂടിയപ്പോഴും കൃഷ്ണൻ വിളിതുടങ്ങി. "വീട്ടമ്മമാരെ തീ എരിയ്ക്കാൻ നല്ല ഒന്നാംതരം കരിയിലവിറകു് കുറഞ്ഞവിലയ്ക്കു് തരാം". പക്ഷെ ആരും അതു് വാങ്ങിയില്ല. അവനു് ദേഷ്യം വന്നു. ഒരു ആളിനോടു് ചോദിച്ചു—"ഇതു് ആരും മേടിയ്ക്കാത്തതെന്തു്". കരിയിലയ്ക്കു് ആഹാരം പാകം ചെയ്യത്തക്ക ചൂടില്ല—അയാളം പറഞ്ഞു. നല്ല പ്ലാവിൻ കാതൽ കൊണ്ടുവന്നാൽ നല്ല വിലയ്ക്കു് ആളകന്നു വാങ്ങും.

കൃഷ്ണൻ ആ കരിയിലകന്നും അവിടെ ഇട്ടിട്ടു് വീട്ടിൽപോയി തന്റെ ഇലയില്ലാത്ത പ്ലാവിന്റെ അടുത്തുചെന്നു് ചിന്തിച്ചു. "പ്ലാവിൽ ചക്കയെല്ലാം പുറത്താണല്ലോ കായ്ക്കുന്നതു്. പുറം നിറുത്തീട്ടു് അകത്തുള്ള കാതൽ എടുത്തു വിൽക്കാമല്ലൊ" ഉടൻതന്നെ കോടാലി എടുത്തുകൊണ്ടുവന്നു് ഒരു വശത്തുകൂടി വളരെ പ്രയാസപ്പെട്ടു് അകത്തുള്ള കാതൽ പൊടിപൊടിയായി വെട്ടിയെടുത്തു് പിറേറന്നു് ഒരു ചാക്കിൽ കെട്ടി ചന്തയിൽ കൊണ്ടുപോയി.

പക്ഷേ ആരും വാങ്ങിയില്ല. അവർ പറഞ്ഞു. ഇതു് തീരെ പൊടിയായിപ്പോയി. ചന്ത പിരിയാറായപ്പോഴും ഒരാൾക്കു് 25 പൈസയ്ക്കു് അതു വിറ്റു. വിട്ടിലേയ്ക്കു വരാൻ ഭാവിച്ചപ്പോഴും ചന്ത പിരിവുകാർ വന്നു് ആ 25 പൈസയും ചന്തയിൽ വച്ചു് വിറ്റതുകൊണ്ടു് കരമായി വാങ്ങിച്ചു. അവസാനം ചാക്കുംകൊണ്ടു് കൃഷ്ണൻ വീട്ടിൽവന്നു.

* * * * * *

അടുത്തവർഷം ചക്കക്കാലമായി. എല്ലാ പ്ലാവുകളിലും ഉണ്ണിച്ചക്കകന്നും വിരിഞ്ഞു. കൃഷ്ണന്റെ പ്ലാവിൽ ചക്ക കായ്ച്ചില്ല.

കാരണം, അതു് പട്ടുപോയിരുന്നു. ഇപ്പോഴും ഒരു കുറ്റിപോലെ നിൽക്കുന്ന പുറംതോടു് ജീർണ്ണിച്ചിരിക്കുന്നു. മരക്കുമിളകന്നും അതിൽ പൊടിച്ചു നിൽക്കുന്നു.

പ്ലാവു് കായ്ക്കാത്തതിൽ കൃഷ്ണനു് വലിയ ദേഷ്യമുണ്ടായി. അതിനു് ഒരു ഇടി കൊടുക്കാമെന്നു് വിചാരിച്ചു് ദൂരെനിന്നു് വളരെ ശക്തിയോടെ ഓടികൊണ്ടുവന്നു് രണ്ടുകൈകൊണ്ടും ഒരു തള്ളകൊടുത്തു. ജീർണ്ണിച്ചുനിന്ന ആ പ്ലാവു് ഒടിഞ്ഞു് മറുവശത്തെയ്ക്കു് വീണു. കൃഷ്ണനും അതിന്റെ മുകളിൽ ചെന്നുവീണു.

*Best Wishes*

# NEELA TEXTILES

Post Box No. 5

Main Road, **ATTINGAL**
Kerala

---

*Best Wishes*

# R. N. P. TEXTILES

**ATTINGAL**

---

**Best Wishes**

# NEELA HARDWARES

**Main Road, ATTINGAL**

*With Best Wishes*

# ശ്രീകുമാർ ടെക്സ്റ്റയിൽസ്

ആറ്റിങ്ങൽ

# ഭർത്താവ് ആരു്?

എം. ഗോപിനാഥൻപിള്ള X J

ഒരു വിറകുവെട്ടുകാരനു് ഇരട്ടപെറ്റ രണ്ടു ആൺകുട്ടികളും ഉണ്ടായിരുന്നു. വിറകുവെട്ടുകാരന്റെ അനുജൻ ധനവാനും കുഞ്ഞുങ്ങളില്ലാത്തവനും ആയിരുന്നു. അതുകൊണ്ടു് ചേട്ടന്റെ രണ്ടു കുഞ്ഞുങ്ങളെയും അയാളാ വളർത്തിയിരുന്നു. ഒരു ദിവസം വിറകുവെട്ടുകാരനു് കാട്ടിൽ നിന്നു ഒരു പക്ഷിയെ കിട്ടി. പക്ഷേ അതിനെ ജീവനോടെ പിടിക്കുവാൻ സാധിച്ചില്ല. അയാളാ ആ പക്ഷിയെ അനുജന്റെ വീട്ടിൽ കൊണ്ടുവന്നു. കുഞ്ഞുങ്ങളുക്കു് അതിന്റെ മനോഹരമായ തൂവൽ കളിക്കാൻ കൊടുത്തു. വിറകു്വെട്ടുകാരന്റെ അനുജൻ ബുദ്ധിമാനായിരുന്നു. ആ പക്ഷി ഒരു വിശിഷ്ട ജീവിയാണെന്നും, അതിന്റെ തല തിന്നുന്നയാളാ രാജാവു് ആകുമെന്നും ശരീരം തിന്നുന്ന ആളുക്കു് ദിവസവും രാവിലെ തലയണയുടെ പുറത്തു് സ്വർണ്ണം കിടക്കുമെന്നുമുള്ള രഹസ്യം അനുജനറിയാമായിരുന്നു. അദ്ദേഹം ആരോടും പറയാതെ ആ പക്ഷിയെ ചുട്ടുകൊടുക്കാൻ തന്റെ ഭാര്യയെ ഏല്പിച്ചു. ഭാര്യ പക്ഷിയെ തീക്കണലിൽ കഴിച്ചിട്ടിട്ടു മറ്റെങ്ങോപോയി. രണ്ടു കൊച്ചു ആൺകുട്ടികളും അടുപ്പിൽ ഒരു പൊട്ടലിന്റെ ശബ്ദം കേട്ടു ഓടിച്ചെന്നു. അപ്പോളാ അവിടെ ഇറച്ചിപോലെ എന്തോ ചിന്നിച്ചിതറിക്കിടക്കുന്നതു് കണ്ടു. ഒരാളാ അതിന്റെ കുറേഭാഗം തിന്നു. മറ്റേകുട്ടി ശേഷിച്ച ഭാഗം മുഴുവനും തിന്നു. വീട്ടുടമസ്ഥൻ ഇതറിഞ്ഞു. അയാളാ ആ രണ്ടുകുട്ടികളേയും വീട്ടിൽനിന്നടിച്ചിറക്കി.


രണ്ടു കുട്ടികളും ഒന്നിച്ചു വളരെ ദൂരം നടന്നു. അവർ അലഞ്ഞുതിരിഞ്ഞു. അതിനുശേഷം അവർ ഒരു കാട്ടിലെത്തി. അവിടെ നിന്നും പ്രസവിച്ചിട്ടു് നാലഞ്ചു് ദിവസമ്പോലും പ്രായമില്ലാത്ത രണ്ടു് സിംഹകുട്ടികളെ കിട്ടി. സിംഹകുട്ടികളെയുംകൊണ്ടു് അവർ വേഗം കാട്ടിൽ നിന്നിറങ്ങിനടന്നു. സിംഹക്കുഞ്ഞുങ്ങളോടൊപ്പം അവർ ജീവിതം കഴിച്ചു.

അങ്ങനെ കുറെക്കാലം കഴിഞ്ഞു. അവരും സിംഹക്കുട്ടികളും വളർന്നു. സിംഹങ്ങളാ ആണായിരുന്നു. അവർ രണ്ടുപേരും ഓരോന്നിന്റെയും പുറത്തു്കയറി സഞ്ചരിച്ചു. ഒടുവിൽ അവർ പിരിഞ്ഞു പോകാൻ തീർച്ചയാക്കി. അവിടെ ഒരു ആൽമരത്തിൽ അവർ ഒരു അടയാളം ഇട്ടു. അവരിൽ ആരെങ്കിലും എന്നെങ്കിലും തിരിച്ചു വരുമ്പോളാ ആ അടയാളം കാണാത്തപക്ഷം മറ്റേയാളാ മരിച്ചെന്നു തീർച്ചപ്പെടുത്തേണ്ടതാണു്. അവർ സിംഹങ്ങളുടെ പുറത്തു് കയറി യാത്രയായി.

ഇനി തലതിന്നവന്റെ കഥപായാം. അവൻ സിംഹത്തിന്റെ പുറത്തു്കയറി സവാരിചെയ്തു് അടുത്തുള്ള രാജ്യത്തുചെന്നു. അവിടത്തെ രാജാവിനു് ഒരു മകളേ ഉണ്ടായിരുന്നുള്ളു. അവളാ മരിച്ചുപോയിരുന്നു. ആ രാജ്യത്തു് മരിച്ചുപോകുന്ന ശവങ്ങളെല്ലാം ഒരു ഭയങ്കര പക്ഷിക്കു് ആഹാരത്തിനു് കൊടുക്കുകയാണു് അവിടത്തെ പതിവു്. അന്നു രാജകുമാരിയല്ലാതെ മറ്റാരും മരിച്ചിരുന്നില്ല. ശ്മശാനത്തിൽ ഒരു വലിയ പന്തലുകെട്ടി അതിനകത്തു് കിടത്തിയിരുന്നു. അർദ്ധരാത്രിയിൽ സിംഹാരൂഢനായ കുമാരൻ അവിടെ ചെന്നു. ആളുകളാരും പക്ഷിയെ ഭയന്നു് അവിടെ വന്നില്ല. എന്നാൽ കുമാരനും സിംഹവും ശവത്തിനടുത്തു് പതുങ്ങിയിരുന്നു. പക്ഷിവന്നു ശവത്തെ കൊത്തുവാനാഞ്ഞു. സിംഹം പക്ഷിയെ ചാടിക്കടിച്ചുകൊന്നു. ആ പക്ഷിയുടെ രക്തം രാജകുമാരിയുടെ പുറത്തുവീണു. രാജകുമാരി ജീവിച്ചു. കുമാരൻ ഈ വിവരങ്ങളൊക്കെ കുമാരിയോടു് പറഞ്ഞു. രാജകുമാരി കഴുത്തിൽ കിടന്ന മാല ഊരി കുമാരനിട്ടുകൊടുത്തു. കുമാരൻ ആ സ്വർണ്ണമാല ഊരി സിംഹത്തിനണിയിച്ചു.

നേരം വെളുത്തപ്പോളാ രാജാവു് തന്റെ പുത്രി ജീവിച്ചിരിക്കുന്നതായി കണ്ടു. അദ്ദേഹത്തിനു് അതിരറ്റ സന്തോഷം ഉണ്ടായി. ആ രാജ്യത്തെ ജനങ്ങളെല്ലാവരും ആഹ്ലാദിച്ചു. രാജാവു് രാജകുമാരിയെ കുമാരനു് വിവാഹം ചെയ്തുകൊടുത്തു. അയാളെ അവിടെതന്നെ രാജാവായി അഭിഷേകം ചെയ്തു.

With best compliments of;-



M. A. Nasser

KADIJA TALKIES

CHIRAYINKIL

നാലം പലതുകഴിഞ്ഞു. കുമാരൻ തന്റെ സഹോദരനെപ്പറ്റി ഓർമ്മിച്ചു. അയാളെപ്പറ്റി ഇതുവരെ ആരോടും പറഞ്ഞിട്ടില്ലായിരുന്നു. ഒരു ദിവസം തന്റെ സിംഹത്തിന്മേൽ കയറി അയാളം തനിയെ യാത്രതിരിച്ചു. പണ്ടത്തെ ആൽത്തറയിൽ വന്നു് അടയാളം നോക്കിയപ്പോളം അതു് അവിടെ ഉണ്ടായിരുന്നതുകൊണ്ടു് സന്തോഷിച്ചു അവിടെനിന്നപ്പോളം അടുത്തുള്ള ഒരു മരത്തിന്റെ മുകളിൽ നിന്നും ''മകനെ എന്നെ ഒന്നു പിടിച്ചു തറയിൽ ഇറക്കു'' എന്നു ഒരു ദീനസ്വരം കേട്ടു. മരത്തിന്റെ മുകളിൽ ഒരു കുനിക്കിളവിയിരിക്കുന്നതു് കണ്ടു. അവളം ഒരു ഉണ്ണുവടി താഴോട്ടു് നീട്ടിയിരുന്നു. രാജകുമാരനു് ദയതോന്നി ആ കിളവിയെ സഹായിക്കുവാനായിട്ടു സിംഹത്തിന്റെ പുറത്തുനിന്നു, ഉണ്ണുവടിയിൽ പിടിച്ചപ്പോളം സിംഹവും കുമാരനും മോഹാലസ്യപ്പെട്ടു നിലത്തുവീണു.

കുനിക്കിളവി ഒരു യക്ഷിയായിരുന്നു. അവളെ സ്പർശിക്കുന്നവരെല്ലാം മോഹാലസ്യപ്പെട്ടുവീഴും. വീഴുന്നവരെ അടുത്തുള്ള ഒരു പാഴ്കിണറ്റിൽ തള്ളുകയാണു് യക്ഷിയുടെ പതിവു്.

ഇനി ഉടൽ തിന്നവന്റെ കഥപറയാം. അയാളം സിംഹത്തിന്റെ പുറത്തുകയറിയാണു് സഞ്ചരിച്ചിരുന്നതു്. ദിവസവും ഓരോ പവൻ കിട്ടിയിരുന്നതുകൊണ്ടു് അയാളം സമ്പന്നനായി. വളരെയൊക്കെ ചുറ്റിക്കഴിഞ്ഞശേഷം അയാളം സഹോദരനെ തിരക്കി ആൽത്തറയിൽ വന്നു. അവിടെ അടയാളം കാണാനില്ലായിരുന്നു. ദുഃഖത്തോടെ അവിടെ നിൽക്കുമ്പോളം ''മകനെ ഒന്നു പിടിച്ചിറക്കു'' എന്നു കുനിക്കിളവി അയാളോടു് പറഞ്ഞു. എന്നാൽ അയാളംക്കു് കോപം ഉണ്ടായി. അയാളം തന്റെ പോക്കറ്റിൽ നിന്നു പവൻ വാരി എറിഞ്ഞു. തൽക്ഷണം കിളവി മരിച്ചുവീണു. പവൻകൊണ്ടു് എറിഞ്ഞാലെ അവളം മരിക്കാവൂ എന്നാണു് അവളുടെ വരം. കുനിക്കിളവി മരിച്ചതോടുകൂടി പാഴ്കിണറ്റിൽനിന്നും പണ്ടു മോഹാലസ്യപ്പെട്ടുവീണവരെല്ലാം ജീവനോടെ പുറത്തുവന്നു. അങ്ങനെ അവിടെ ഒരു ജനക്കൂട്ടംതന്നെയുണ്ടായി. രണ്ടു കുമാരന്മാരും സിംഹങ്ങളും പരസ്പരം കണ്ടു സന്തോഷിച്ചു. രാജകുമാരൻ എല്ലാവരേയും തന്റെ രാജ്യത്തേക്കു് ക്ഷണിച്ചു. ഒരേ വേഷമണിഞ്ഞു കണ്ടാൽ തിരിച്ചറിയാൻ പാടില്ലാത്ത രൂപത്തിൽ രണ്ടു കുമാരന്മാരും അവരവരുടെ സിംഹത്തിന്റെ പുറത്തു പുറത്തുകയറി ജനങ്ങളുടെ അകമ്പടിയോടെ രാജാവിന്റെ കൊട്ടാരവാതുക്കലെത്തി. വളരെ നാളം ഭർത്താവിനെ കാണാതെ കാത്തിരുന്ന രാജകുമാരി ഭർത്താവിനെ എതിരേൽക്കാൻ ഓടിച്ചെന്നു. കണ്ടതോ! ഒരേ രൂപത്തിലുള്ള രണ്ടു കുമാരന്മാരെ. വേഷത്തിലോ മറ്റേതെങ്കിലും വിധത്തിലോ വ്യത്യാസം ഇല്ല. ആരാണു് തന്റെ ഭർത്താവു് എന്നു ചോദിക്കുകയോ ഭർത്താവിനെ സ്വീകരിക്കുവാൻ അമാന്തിക്കുകയോ ചെയ്താൽ അതു് മര്യാദകേടാവുകയില്ലേ? ജനങ്ങളുടെ മദ്ധ്യത്തുവച്ചു് അവളം തന്റെ ഭർത്താവിനെ എങ്ങനെ തിരിച്ചറിയും. തന്റെ ഭർത്താവു് ആരു്?


# VIJAYA TUTORIALS

## Chirayinkil

THE VIJAYA, the only Tuition Home in Chirayinkil and adjacent areas, that has come to be effectual, thanks to a system of coaching that has stood the test of times! Though the names of institutions carry no significance in themselves, we make bold to suggest that VIJAYA is today suggestive of what it stands for. In these days when the socalled tutorials create a Babel of voices in a frantic effort to indulge in what may be called a mendacious propaganda of a tendentious nature, the resounding success of Vijaya's candidates at pablic examinations, redounting to the credit of her teaching staff cannot and shall not be lost sight of.

PRINCIPAL.

# വാഗ്ദാനങ്ങൾ നിറവേറുന്നു

കുടികിടപ്പുകാരന് കുടികിടപ്പിൽ അവകാശം നൽകാൻ–
കൃഷിക്കാരന് അദ്ധ്വാനിക്കുന്ന മണ്ണിന്റെ ഉടമാവകാശം നൽകാൻ–

**കേരളാ ഭൂപരിഷ്കരണനിയമം**

കിടപ്പാടമില്ലാത്തവന് ഉറപ്പും ഭംഗിയുമുള്ള വീട് സൗജന്യമായി നൽകാൻ–

**ലക്ഷംവീട് പദ്ധതി**

എല്ലാ പഞ്ചായത്തുകളിലും ചികിത്സാസൗകര്യം എത്തിക്കാൻ–

**ഗ്രാമീണാശുപത്രികൾ**

മണ്ണിൽനിന്ന് കൂടുതൽ വിളയിക്കാൻ–
കൃഷിസംപ്രദായം നവീകരിക്കാൻ–
കർഷകപ്രയത്നം പരമാവധി ഫലപ്രദമാക്കാൻ–

**കൂട്ടുകൃഷിത്തോട്ടങ്ങൾ**

പബ്ലിക് റിലേഷൻസ് വകുപ്പ്, കേരളാ ഗവണ്മെന്റ്.

# പ്രതിഫലം

ജെ. ജോസഫ് IX L

കുളക്കരയിലെ കാപട്യത്തിന്റെയും നിറകുടങ്ങൾ മണിമാളികകളിൽ സുഖിക്കുന്നു. മറ്റു ചിലർ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി മല്ലിടുന്നു. ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവനാണു് രഘു. രഘുവിന്റെ അമ്മ അവനെ വളരെ പാടുപെട്ടു് വളർത്തുകയാണു്. മറ്റൊരു വീട്ടിൽ ദാസ്യവേലചെയ്തു് ആ അമ്മ മകനെ ആഹാരം കൊടുത്തും കൊടുക്കാതെയും സ്കൂളിൽ അയച്ചു പഠിപ്പിക്കുന്നു.

എങ്കിലും അവനെ ഒരു വലിയ ഡോക്ടറാക്കണം–അതാണു് ആ പാവപ്പെട്ട, നിസ്സഹായയായ അമ്മയുടെ ആഗ്രഹം.

അച്ഛനെപ്പറ്റിയുള്ള വിവരം രഘു അന്വേഷിക്കുമ്പോഴും, ആ സ്ത്രീകരയുകയല്ലാതെ, ചോദ്യത്തിനു് മറുപടികിട്ടാറില്ല.

രഘുവിന്റെ ഏറ്റവും അടുത്ത സ്നേഹിതനായിരുന്നു ജയൻ. ഒരു ഓഫീസറുടെ മകനായ ജയൻ രഘുവിനോളം പഠിക്കാൻ മിടുക്കനല്ലെങ്കിലും, ഒരുത്തമസ്നേഹിതനായിരുന്നു.

രണ്ടുപേരും ഒരുമിച്ചു് S. S L. C. പരീക്ഷ എഴുതി. ഒരാഴ്ചകഴിഞ്ഞപ്പോൾ ജയന്റെ അച്ഛനു് ദൂരസ്ഥലത്തേക്കു് സ്ഥലംമാറ്റം കിട്ടി. കുടുംബസഹിതം അദ്ദേഹം ജോലിസ്ഥലത്തേക്കു് മാറിത്താമസിച്ചു. നിറകണ്ണുകളോടെയാണു് ജയൻ രഘുവിനോടു് യാത്രചോദിച്ചതു്. റിസൽട്ടറിഞ്ഞു. രഘു റാങ്കോടുകൂടി പാസ്സായി., പക്ഷേ ജയൻ ക്ലാസ്സില്ലാതെയാണു് പാസ്സായതു്. റിസൽട്ടറിഞ്ഞ അന്നുതന്നെ രഘു ജയനു് കത്തെഴുതി. എഴുത്തു് കിട്ടിയ ഉടൻ ജയൻ അതു് പൊട്ടിച്ചു് വായിച്ചു.

"പ്രിയപ്പെട്ട ജയൻ അറിയുന്നതിനു്. ഞാൻ റാങ്കോടുകൂടി പാസ്സായവിവരം നീ അറിഞ്ഞിരിക്കുമല്ലോ, നിനക്കു് ക്ലാസ്സില്ലാത്തതിൽ ഞാൻ ഖേദിക്കുന്നു സ്നേഹിതാ, എനിക്കു് റാങ്കു് കിട്ടിയതും കിട്ടാത്തതും സമംതന്നെ. കാരണം എനിക്കു് കോളജിൽ ചേരുവാനുള്ള പണമില്ലെന്നുള്ളതുതന്നെ. എന്റെ അമ്മയുടെ ആഗ്രഹം നിറവേറ്റാൻ സാധിക്കാത്തതിൽ എനിക്കു് അതീവദുഃഖമുണ്ടു് ജയാ. അതെല്ലാം പോകട്ടെ, നിനക്കു് സുഖംതന്നെയല്ലെ? എഴുത്തു് കിട്ടിയാൽ മറുപടി അയയ്ക്കാൻ മറക്കരുതു്".

എന്നു്,

നിന്റെ സ്നേഹിതൻ രഘു.

എഴുത്തു കൈയിൽ വെച്ചുകൊണ്ടു് ജയൻ എന്തോ ആലോചിച്ചു. എന്നിട്ടു് വീട്ടിലേക്കു് കയറിപ്പോവുകയുംചെയ്തു. ഒരാഴ്ച കഴിഞ്ഞപ്പോൾ ജയന്റെ മറുപടി രഘുവിനു് കിട്ടി. രഘുവിനു് കോളജിലേക്കു് ആവശ്യമുള്ള പണം അയച്ചിട്ടുണ്ടെന്നായിരുന്നു കത്തിലെ ഉള്ളടക്കം. എഴുത്തിൽ നോക്കികൊണ്ടു് നിൽക്കവേ രഘുവിന്റെ കണ്ണിൽനിന്നും സങ്കടംകൊണ്ടോ, സന്തോഷംകൊണ്ടോ കണ്ണീർക്കണങ്ങൾ അടർന്നു് തറയിൽ പതിച്ചു് ചിന്നിച്ചിതറി. രഘു കോളജിൽ ചേന്നു. പരീക്ഷയെല്ലാം നല്ല മാർക്കോടെ പാസ്സാകുന്നതുകൊണ്ടു് ഗവണ്മെന്റിൽ നിന്നും സ്കോളർഷിപ്പുകളും കിട്ടിത്തുടങ്ങി. അങ്ങനെ പഠിച്ചു് രഘു ഒരു നല്ല ഡോക്ടറായി തീർന്നു. ഇപ്പോൾ രഘുവും അമ്മയും ഒരു വലിയ കെട്ടിടത്തിലാണു് താമസം. ഇതിനകം ഡാ: രഘു വളരെ പ്രശസ്തനായിക്കഴിഞ്ഞിരുന്നു. അടുത്ത വീട്ടിലെ ഗോപാലന്റെ കാലൻ കോഴി സൈറൺ മുഴക്കുന്നതു് കേട്ടാണു് അന്നു് രഘു എഴുന്നേറ്റതു്. ഒന്നു് രണ്ടു് വർഷങ്ങളായി ആ ദേശക്ഷേത്രൻ തന്റെ ജോലി നിർവിഘ്നം തുടരുകയാണു്.

കുറച്ചു് സമയം കഴിഞ്ഞപ്പോൾ കതകിലാരോ മുട്ടി. ടക്, ടക്, ടക്. വീണ്ടും വീണ്ടും, മുട്ടുകയാണു്. ഡാ: രഘു എഴുന്നേറ്റു് കതകു് തുറന്നു. വിശ്വസിക്കാൻ കഴിഞ്ഞില്ല; ജയനാണു്. ഷേവു് ചെയ്യാത്തമുഖം. എണ്ണതേക്കാതെ പാറിപ്പറന്നു് കിടക്കുന്ന മുടി. ജയൻ ആകെ മാറിയിരുന്നു.

''എന്താ ജയാ ഈ സമയത്തു്? നീ എവിടെ നിന്നു വരുന്നു? നിനക്കു് എന്തുപറ്റി? പറയൂ!'' ജയനെ ആ വേഷത്തിൽ കണ്ടപ്പോഴേ എല്ലാ ചോദ്യവും കൂടി രഘു ഒരുമിച്ചു ചോദിച്ചു.

''അല്ല; ആരു് എന്റെ രഘുവോ?'' ജയൻ അത്ഭുതത്തോടെ ചോദിച്ചു.

''നീ, ഇപ്പോഴേ എവിടെ നിന്നു വരുന്നു?''

''ഞാൻ അച്ഛനേയുംകൊണ്ടു് ആസ്പത്രിയിൽ വന്നതാണു്. അർദ്ധരാത്രി അസുഖം കൂടുതലായി, ആസ്പത്രിയിൽ വന്നപ്പോഴേ ഡാക്ടർ ഇവിടെയാണെന്നറിഞ്ഞു. ഉടനെ, ഇവിടെ വന്നു. ഡാക്ടർ നീയാണന്നറിഞ്ഞിരുന്നില്ല''.

''ശരി, താമസിക്കണ്ട, വരൂ നോക്കട്ടെ.''

രഘു പരിശോധിച്ചു് രോഗിയ്ക്കു് ഒരു ഇൻജക്ഷൻ കൊടുത്തു ''ഇനിഭയപ്പെടാനൊന്നുമില്ല; ഹാർട്ടു് വീക്കാണു. രണ്ടു്, മൂന്നു് ദിവസം കഴിയുമ്പോഴേ തിരിച്ചു പോകാം''.

''രഘു നിന്നോടു് ഞാൻ എങ്ങിനെ നന്ദിപറയും, അച്ഛനെ മാത്രമല്ല, ഒരു കുടുംബത്തെയാണു് നീ രക്ഷിച്ചതു്''.

ഇതുയും പറഞ്ഞുതീർന്നപ്പോഴേ ജയന്റെ കണ്ണുകളും നിറഞ്ഞുതുളുമ്പി.

''ജയാ, നീ പറയുന്നു ഞാൻ നിന്നെ രക്ഷിച്ചെന്നു്. ഞാൻ പറയുന്നു, നീ എന്നെ രക്ഷിച്ചെന്നു''. ജയൻ ചോദ്യഭാവത്തിൽ രഘുവിനെ നോക്കി. രഘു തുടർന്നു. ''നീ എനിക്കു് പന്നം തന്നു് സഹായിക്കാതിരുന്നെങ്കിൽ, എനിക്കു് ഒരു ഡോക്ടറാകുവാൻ കഴിയുമായിന്നോ, നിന്റെ അച്ഛനേയും മറ്റു് രോഗികളേയും രക്ഷിക്കാൻ കഴിയുമായിരുന്നോ, അതെല്ലാം പോകട്ടെ നീ വന്നു് കുളിച്ചു് ആഹാരം കഴിക്കു'' രഘു, ജയനേയുംകൊണ്ടു് ആസ്പത്രിയിൽ നിന്നും വീട്ടിലേക്കു് യാത്രയായി. ജയൻ കുളിമുറിയിൽ പോയപ്പോഴേ ഡാ: രഘു, വിവിധ ചിന്തകളുമായി കസേരയിൽ ഇരുന്നു. മേശപ്പുറത്തു് കിടന്നിരുന്ന പുസ്തകം തുറന്നു് അതിൽ കണ്ണോടിച്ചു. ആൻഡ്രിയഡെൽ സാർട്ടോ എന്ന കലാകാരൻ ചില മാനുഷിക ദൗർബ്ബല്യങ്ങളെക്കുറിച്ചും, മനുഷ്യന്റെ കലാപരമായ കഴിവുകളെക്കുറിച്ചും പ്രതിപാദിച്ചിട്ടുള്ള ഒരു കവിതയാണു് അതു്. പല തവണ വായിച്ചിട്ടുള്ളതാണെങ്കിലും, ആ പുസ്തകം കണ്ടപ്പോഴേ വീണ്ടും വായിയ്ക്കുവാൻ ഒരു ആവേശം തോന്നി. രഘു, ആ പുസ്തകം വെറുതെ മറിച്ചു നോക്കിക്കൊണ്ടിരുന്നു. 10 മിന്നിറ്റു് കഴിഞ്ഞപ്പോഴേയ്ക്കും ജയൻ കുളികഴിഞ്ഞു വന്നു. രണ്ടു പേരും ചേർന്നു് കാപ്പികുടിച്ചു. നേരെ ആസ്പത്രിയിൽപോയി ജയന്റെ അച്ഛനെ ഒന്നുകൂടി പരിശോധിച്ചതിനുശേഷം, ജയനേയുംകൊണ്ടു് റൂമിൽ പോയി അവിടിരുന്നു് സംസാരിച്ചു.


**Best wishes from:-**

**Ms KERALA PAPER CONVERTERS**

**ALAMCODE**

രഘൂംപറഞ്ഞു. ഇനി ഒന്നും ഭയപ്പെടാനില്ല ജയാ, ഷേവ് ചെയ്ത് റെഡിയാക്കൂ''.

ജയൻ ഷേവ് ചെയ്തുകൊണ്ടിരിയ്ക്കുമ്പോഴും ആലോചിച്ചു. രഘൂ ഇന്ന് സകലരാലും പുകഴ്ത്തപ്പെടുന്ന ഡോക്ടർ! താനോ? ദുഃഖത്തിന്റെ ഒരു പര്യായം. താനിന്നൊരു ഏകാന്ത പഥികനെപ്പോലെ കഴിയുന്നു. മിക്കപ്പോഴും ഓർമ്മകളുടെ ലോകത്തിൽ. ജയൻ അച്ഛൻ കിടക്കുന്ന ബഡിനടുത്തുവന്ന് ഒരറ്റത്തിരുന്നു. വീണ്ടും ഓർമ്മകളുടെ ചുഴിയിലേക്ക് ചുറ്റിത്തിരിഞ്ഞു.

''മോനെ''...

വിളികേട്ട് ഞെട്ടിത്തിരിഞ്ഞുനോക്കി.

''നീ എന്താ ആലോചിച്ചുകൊണ്ടിരിയ്ക്കുന്നതു''.

''ഒന്നുമില്ല'' ജയൻ മറുപടി പറഞ്ഞു. പിന്നെ അദ്ദഹം ഒന്നും മിണ്ടിയില്ല.

വൈകുന്നേരം ജയന്റെ അമ്മയും, സഹോദരിയും ആസ്പത്രിയിൽവന്നു. കട്ടിലിനരികിലിരുന്ന് ആ പെൺകുട്ടി അച്ഛന്റെ സുഖവിവരങ്ങളും അന്വേഷിച്ചു. ജയനും, ഡാ: രഘൂവും അങ്ങോട്ട് കടന്നുവന്നു. ജയൻ ബഡ്ഡിനോട് ചേർന്നു നിന്നിട്ട് ചോദിച്ചു.

''അച്ഛാ? ഈ ഡാക്ടർ ആരാണെന്നറിയാമോ?''

''ഇല്ല''

''നിങ്ങളുംക്കും അറിഞ്ഞുകൂടെ?'' ജയൻ അമ്മയോടും സഹോദരിയോടും ചോദിച്ചു. ഇല്ലെന്നർത്ഥത്തിൽ അവരും തലയാട്ടി. ''ഞാൻ പഠിച്ചുകൊണ്ടിരുന്നപ്പോഴും എന്റെ കൂടെ വീട്ടിൽ വന്നുകൊണ്ടിരുന്ന രഘൂവിനെ അറിഞ്ഞുകൂടേ? ആ രഘൂവാണിത്''.

അവരുടെ കണ്ണുകളും അത്ഭുതംകൊണ്ട് വികസിച്ചു!

''ജയാ; ഇതാരാണ്?'' ധാവണിചുറ്റിയ പെൺകുട്ടിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഡാ: രഘൂ തിരക്കി.

''ഇവളെ നിനക്കറിഞ്ഞുകൂടെ? മാലതി; എന്റെ സഹോദരി''.

ഓഹോ, മാലതിയാണോ, എനിക്കാളെ മനസ്സിലായില്ല. മാലതിയിപ്പോഴും പഠിക്കുന്നില്ലെ?

''ഇല്ല, പ്രീഡിഗ്രിയ്ക്ക് തോറ്റതുകൊണ്ട് പിന്നെ പഠിപ്പിച്ചില്ല''.

ജയൻ മറുപടിപറഞ്ഞു.

എല്ലാവരും എന്റെ കൂടെവരൂ, കാപ്പികുടിച്ചിട്ട് വരാം. ഡാ: രഘൂ ക്ഷണിച്ചു.


*With best compliments of:*

Hotel Karthika

QUILON

മാലതി മടിച്ചുനിൽക്കുന്നതു കണ്ടു് അച്ഛൻ പറഞ്ഞു. ''ചെല്ലു്മോളെ...രഘുവല്ലെ വിളിക്കുന്നതു്'' നിർബ്ബന്ധം സഹിക്കവയ്യാതെ അവൾ അമ്മയുടെ കൂടെ രഘുവിന്റെ വീട്ടിൽച്ചെന്നു.

രഘുവിനു് അന്നുവരെ തോന്നാത്ത ഒരു മമത അവളോടു്തോന്നി. അവർ തിരിച്ചു് ആസ്പത്രിയിലേക്കു്പോയപ്പോൾ രഘുവിനു് തന്റെ ഹൃദയത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ട പ്രതീതി! മാലതി എന്ന പെൺകുട്ടിയെക്കുറിച്ചാലോചിക്കുമ്പോൾ എന്തെന്നില്ലാത്ത ഉത്സാഹവും! തനിക്കെന്താണിങ്ങനെ തോന്നാൻ? ഇതിനു് മുൻപു് എത്രയോ പെൺകുട്ടികളെ കണ്ടിട്ടുണ്ടു്. അവരോടൊന്നും ഇത്ര താല്പര്യം തോന്നിയിട്ടില്ല.

മൂന്നു് നാലു് ദിവസം കഴിഞ്ഞപ്പോൾ ജയന്റെ അച്ഛനെ വീട്ടിലേയ്ക്കു് കൊണ്ടുപോയി. അന്നു് കാലത്തു് ജയൻ നൂറു് രൂപയുമായി രഘുവിന്റെ മുറിയിൽച്ചെന്നു. കസേരയിൽ അഗാധമായ ആലോചനയിൽ മുഴുകിയിരിയ്ക്കുന്ന രഘുവിനെയാണു് കണ്ടതു്. ജയൻ രൂപാ രഘുവിന്റെ പോക്കറ്റിൽ ഇട്ടു. ഞെട്ടി ഉണർന്ന രഘു ചോദിച്ചു.

''എന്താ ഇതു്?''

''കുറച്ചു് രൂപാ, ഇതു് രഘുവിനു് തരാൻ അച്ഛൻ പറഞ്ഞു''.

''രൂപയ്ക്കു്വേണ്ടിയല്ല ഞാൻ രാഘവനെ ചികിത്സിച്ചതു്''.

''അതല്ല ഈ രൂപാ വാങ്ങിയേതീരൂ'' ജയൻ തീർത്തുപറഞ്ഞു.

പ്രതിഫലം നൽകേണ്ടതു് താനാണെന്നു് ഡാക്ടർ രഘു വാദിച്ചു.

''അപ്പോൾ ഒരുകാര്യം ചെയ്യൂ...നിങ്ങൾക്കു് പ്രതിഫലം...തന്നേ തീരൂ എന്നുണ്ടെങ്കിൽ...ആദ്യം എന്റെ പ്രതിഫലം സ്വീകരിക്കൂ, എന്നെത്തന്നെ പ്രതിഫലമായി സ്വീകരിക്കൂ! പകരം എനിക്കു് മാലതിയും. രഘു വെട്ടിത്തുറന്നു് പറഞ്ഞു. ജയൻ സന്തോഷംകൊണ്ടു് മതിമറന്നുപോയി. ജയൻ നേരെ ആസ്പത്രിയിൽ അച്ഛന്റെ അടുത്തു് ചെന്നു് കാര്യം പറഞ്ഞു. എല്ലാവരും ആഹ്ലാദിച്ചു.

എല്ലാവർക്കും ആ വിവാഹത്തിനു് സമ്മതമായിരുന്നു. മുഹൂർത്തം നിശ്ചയിച്ചു. മാലതി ആ നല്ല ദിവസത്തിനെ കാത്തു് കഴിഞ്ഞു. ഡാ: രഘുവിനു് എന്തെന്നില്ലാത്ത ഉത്സാഹമായിരുന്നു. വിവാഹത്തിന്റെ തലേദിവസം കാലത്തു് ഒരാൾ ആശുപത്രിയിൽ നിന്നും വന്നു് ജയന്റെ അച്ഛനു് അസുഖം കൂടുതലാണെന്നറിയിച്ചു. ഡാ: രഘു ഉടൻതന്നെ ആസ്പത്രിയിലെത്തി, പരിശോധിച്ചു. പക്ഷേ വിധിയെ തടുത്തുനിറുത്തുവാൻ കഴിഞ്ഞില്ല. രോഗി മരിച്ചുകഴിഞ്ഞു. അതേ! ആ സ്നേഹദീപം പൊലിഞ്ഞു. ആ വാർഡിൽ നിന്നും ഒരു നിലവിളി ഉയർന്നു, അതു് അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു. രഘു ആ മുറിയിൽ നിന്നും പുറത്തുകടന്നു. എന്തെന്നില്ലാത്ത വിമ്മിഷ്ടം അദ്ദേഹത്തിനു് അനുഭവപ്പെട്ടു.

* * * * * *

നാളുകളും നീണ്ടുപോയില്ല. ആ രണ്ടു കുടുംബങ്ങളും പരസ്പരം ബന്ധിക്കപ്പെട്ടു. ഡാക്ടർ രഘുവും മാലതിയും തമ്മിലുള്ള വിവാഹം അനാഡംബരമായി നടന്നു.

"Best Wishes"

SREE KRISHNA OIL MILLS
ATTINGAL

# അത്യുൽപാദനശേഷിയുള്ള നെല്ലിനങ്ങളെ പരിചയപ്പെടുക

ഐ. ആർ–8, പത്മ, ജയ, അന്നപൂർണ്ണ, അശ്വതി, രോഹിണി, ത്രിവേണി, ബാല, കാവേരി, യമുന, കൃഷ്ണ, സബർമതി, തൈച്ചുങ് നേറ്റീവ്–1, വിജയ, ഐ. ആർ–20, പങ്കജ്, ജഗന്നാഥ് എന്നിവയാണ്, പ്രധാനപ്പെട്ട അത്യുൽപാദനശേഷിയുള്ള നെല്ലിനങ്ങൾ. ഇവയിൽ ഐ. ആർ–8, ജയ, അന്നപൂർണ്ണ, അശ്വതി, രോഹിണി, ത്രിവേണി എന്നിവയാണ് കേരളത്തിൽ കൃഷിചെയ്യുവാൻ ഏറ്റവും യോജിച്ച അത്യുൽപാദനശേഷിയുള്ള നെല്ലിനങ്ങൾ.

ഇതിനുപുറമേ ഐ. ആർ–20–ം വിജയയും കേരളത്തിൽ വിജയകരമായി കൃഷിചെയ്യാമെന്ന് അനുഭവപ്പെട്ടിട്ടുണ്ട്. ഐ. ആർ–20 ന് കുമികീടബാധകളും താരതമ്യേന കുറവാണ്. വിജയയ്ക്ക് ബാക്ടീരിയൽ ബ്ലൈറ്റ്, ടൻക്രോ വൈറസ് എന്നീ രോഗങ്ങളെ ചെറുത്തുനിൽക്കുവാനുള്ള പ്രത്യേക കഴിവുണ്ട്.

ഈ വിത്തിനങ്ങൾക്കു പുറമേ 6473, 1285, 12035 എന്നീ മൂന്നു വിത്തിനങ്ങൾകൂടി പട്ടാമ്പി നെല്ല ഗവേഷണകേന്ദ്രത്തിൽനിന്നും പുറത്തിറക്കിയിട്ടുണ്ട്.

## ഐ: ആർ–8

പീറ്റ, ഡി. ജി വൂജൻ എന്നീ ഇനങ്ങൾ തമ്മിൽ സങ്കലനം നടത്തി ഫിലിപ്പൈൻസിലെ മാനിലയിലുള്ള അന്താരാഷ്ട്രനെല്ലുഗവേഷണകേന്ദ്രം രൂപം നൽകിയതാണ് ഐ. ആർ–8 എന്ന നെല്ലിനം.

* 107–116 ദിവസംകൊണ്ട് ചെടികൾ പുഷ്പിക്കുന്നു.
* 135–145 ദിവസത്തിനുള്ളിൽ വിളവെടുക്കാം.
* നീളവും മുഴുപ്പുമുള്ള നെൽമണികളാണ്.
* ഹെക്ടറിന് 8.5 ടൺവരെ നെല്ല് വിളയിക്കുവാൻ കഴിവുണ്ട്.
* കൃഷിക്കാരുടെ നിലങ്ങളിൽ ഹെക്ടറിന് ശരാശരി 5 ടൺ നെല്ല് വിളയിക്കുന്നതായി കാണുന്നു.
* നെല്ലിൽനിന്നും 70–76 ശതമാനംവരെ അരി ലഭിക്കും.
* അരിയും തവിടും വെളുത്തതാണ്.
* പച്ചവെല്ലുകുത്തിയാൽ അരി നുറുങ്ങിപ്പോകും.
* നല്ല പാചകഗുണം.

## ജയ

തൈച്ചുങ് നേറ്റീവ് 1, ടി–141 എന്നീ ഇനങ്ങൾ തമ്മിൽ യോജിപ്പിച്ച് ഹൈദരാബാദിലെ രാജേന്ദ്ര നഗറിലുള്ള ആൾ ഇൻഡ്യാ കോ ആർ ഡിനേറ്റഡ് റൈസ് ഇംപ്രൂവ്മെൻറ് പ്രോജക്ടിൽ രൂപംനൽകിയ വിത്താണ് ജയ.

* 95–100 ദിവസംകൊണ്ട് പുഷ്പിക്കുന്നു.
* 125–130 ദിവസത്തിനകം വിളവെടുക്കാം.
* ഹെക്ടറിന് 9 ടൺവരെ നെല്ല് വിളയും.
* കൃഷിക്കാരുടെ നിലങ്ങളിൽ ഹെക്ടറിന് ശരാശരി 6 ടൺ നെല്ല് വിളയുമെന്നു കണ്ടിരിക്കുന്നു.
* നെല്ലിൽനിന്ന് 71–76 ശതമാനംവരെ അരി ലഭിക്കുന്നു.
* നല്ല നീളവും മുഴുപ്പുമുള്ളവയാണ് നെൽമണികൾ.
* അരിയും തവിടും വെളുത്തതാണ്.
* മെച്ചപ്പെട്ട പാചകഗുണമാണ്.

## അശ്വതി

പി. റ്റി. ബി–10 എന്ന കേരളീയയിനവും, ഡി. ജി. വൂജൻ എന്ന തൈവാൻ ഇനവും തമ്മിൽ ബീജസങ്കലനം ചെയ്ത് പട്ടാമ്പി നെല്ലുഗവേഷണകേന്ദ്രത്തിൽ രൂപം നൽകിയ ഒരു നെല്ലിനമാണ് അശ്വതി.

TELEPHONE { OFFICE: 242
RESI: 311

S. R. Tyres

FULL CIRCLE TYRE RETREADERS AND TYRE DEALERS
VARKALA
[KERALA STATE]

*With best compliments from*

KANNIAH MEDICALS
QUILON-1

*With Best Wishes*

E. Chellappan Pillai
Latha Vessels
ATTINGAL

വസ്ത്രങ്ങൾക്കു്

സുബ്ബലക്ഷ്മി

മെയിൻറോഡ്, ആറ്റിങ്ങൽ

* 110—130 ദിവസംവരെ മൂപ്പുണ്ട്.
* പുഞ്ചയ്ക്ക് 110—, മുണ്ടകനു് 125-, വിരിപ്പിനു് 130-ം ദിവസമാണു് മൂപ്പു്.
* പൊടിവിതയ്ക്കു് യോജിച്ചതാണു്.
* കീടരോഗങ്ങളെ ചെറുത്തു നിൽക്കുവാനുള്ള കഴിവു് താരതമ്യേന കൂടുതലാണു്.
* കതിരിനു് സാധാരണയിലേറെ നീളമുണ്ടു്.
* ഹെക്ടറിനു് 8.5 ടൺ നെല്ലുവരെ വിളയും.
* കൃഷിക്കാരുടെ നിലങ്ങളിൽ ഹെക്ടറിനു് ശരാശരി 5 ടൺ നെല്ലു് വിളയും.

തവിടും അരിയും വെളുത്തതാണു്.

* അരിയുടെ പാചകഗുണം മെച്ചമാണു്.

## അന്നപൂർണ്ണ

തൈച്ചുങ് നേറ്റീവ്—1, പി. റ്റി. ബി—10 എന്നീ ഇനങ്ങളെ തമ്മിൽ കൃത്രിമ ബീജസങ്കലനം നടത്തി യോജിപ്പിച്ചു് പട്ടാമ്പി നെല്ലുഗവേഷണ കേന്ദ്രത്തിൽ ഉൽപാദിപ്പിച്ചതാണു് അന്നപൂർണ്ണ.

* 90—100 ദിവസത്തെ മൂപ്പുമാത്രമേയുള്ളു.
* ഹെക്ടറിനു് 6 ടൺ നെല്ലുവരെ വിളയുന്നു.
* കൃഷിക്കാരുടെ നിലങ്ങളിൽ ഹെക്ടറിനു് ശരാശരി 4.5 ടൺ നെല്ലു് വിളയും.
* മറ്റു് അത്യൽപാദനശേഷിയുള്ള നെല്ലിനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതിനു് സസ്യസംരക്ഷണത്തിനുള്ള ചിലവു് കുറവാണു്.
* ഇതിന്റെ ചുവന്ന അരിക്കു് മെച്ചമായ പാചകഗുണങ്ങളാണുള്ളതു്.
